സഹോദരി

Vol. III, November, 1944. No. 6.

ലേഖകന്മാർക്ക്

പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ അതാതുമാസം 15-ാംതിയതിക്കകം ഇവിടെ കിട്ടിയിരിക്കേണ്ടതാണ്. പ്രസിദ്ധീകരണയോഗ്യമല്ലാത്ത ലേഖനങ്ങൾ മടക്കി അയയ്ക്കുന്നതല്ല.

പത്രാധിപർ, "സഹോദരി" കൊല്ലം.

വിഷയവിവരം

1 മേരിയും, പീരിയും

കെ. പി. ശങ്കരമേനോൻ, ബി. എ., ബി. എൽ.

2 ചില പ്രയോഗങ്ങളിലെ പ്രമാദങ്ങൾ

പള്ളത്തു്

3 ഉത്തമ പ്രേമകാവ്യങ്ങൾ

ഇടയാറന്മുള കെ. എം. വറുഗീസ്
ബി. എ. എൽ. ടി.

4 ഓണക്കിനാവു് (കവിത)

തൈക്കാട്ടു ചന്ദ്രശേഖരൻനായർ

5 ചിത്രകപ്രശ്നം (ചെറുകഥ)

എൽ. ആനന്ദവല്ലി അമ്മ
ബി. എ. (ആണേഴ്സ്)

6 ആഹൂതി (കവിത)

പട്ടം എൻ. ഗോപാലൻനായർ
ബി. എ., ബി. എൽ.

7 ആദർശം

കെ. കാർത്തികേയൻ എം. എ.

8 നിത്യശാന്തിയിലേയ്ക്കു്

ബി. പത്മനാഭപിള്ള

9 വിധിയ്ക്കു മുൻപു്

എം. പ്രഭ, ബി. എ., ബി. എൽ.

10 നവീന ഹിതോപദേശകഥകൾ

മൂർക്കോത്തു കുഞ്ഞപ്പ

11 "ഹിപ്പൊപ്പൊട്ടാമസ്"

മലയാറ്റൂർ രാമകൃഷ്ണൻ

12 രഹസ്യക്കത്തുകൾ (ചെറുകഥ)

കെടാമംഗലം

13 ആശാന്റെ ചില കൃതികൾ

14 പുസ്തകാഭിപ്രായം

15 കുറിപ്പുകൾ.

വരിസംഖ്യ. (എപ്പോഴും മുൻകൂർ)

ആണ്ടേയ്ക്കു ഒന്നായി മുൻകൂർ 5 രൂപാ.
തപാലിൽ ,, 6 രൂപാ
ഒററ പ്രതിക്കു് ,, 8 അണ.

പരസ്യക്കൂലി.

ഫുൾ പേജിനു് 25 രൂപാ. അര പേജിനു് 13 രൂപാ. കാൽ പേജിനു് 7 രൂപാ.

ലേഖനങ്ങൾ, മാററപ്പത്രങ്ങൾ മുതലായവ പത്രാധിപരുടെ പേർക്കും, മററെല്ലാ എഴുത്തുകുത്തുകളും മണിയാർഡറുകളും മാനേജരുടെ പേർക്കും അയയ്ക്കേണ്ടതാണു്. മാനേജർ, "സഹോദരി" കൊല്ലം.

സഹോദരി

പുസ്തകം ൧ | ൧൯൪൮ നവംബർ | ലക്കം ൩

മേരിയും, പീറിയും

ശാസ്ത്രീയലോകത്തിൽ അനശ്വരമായ യശസ്സ് സമ്പാദിച്ച രണ്ടു വ്യക്തികളുടെ ജീവിതത്തിലെ ചില രംഗങ്ങൾ.

(കെ. പി. ശങ്കരമേനോൻ, ബി. എ., ബി. എൽ.)

I

ആ സായാഹ്നങ്ങൾ അവിസ്മരണീയങ്ങളായിരുന്നു. വൃദ്ധനായ പിതാവു മാതൃഭാഷയിലുള്ള നിരവധി ഗദ്യപദ്യകൃതികൾ ആ ചെറുസംഘത്തിൽ വായിച്ചു്, സാഹിത്യാഭിരുചി അവരിൽ അങ്കുരിപ്പിച്ചിരുന്ന ആ കാലഘട്ടത്തെ അന്നു് അവിടെ കൂടിയിരുന്നവരിൽ ആരുംതന്നെ മറക്കാൻ സാധ്യമായിരുന്നില്ല. അത്രവളരെ ആകർഷകമായിരുന്നു ആ പാരായണങ്ങളും, വ്യാഖ്യാനങ്ങളും. അനേകവർഷം ഒരദ്ധ്യാപകനായി യൂറോപ്പിലെ പല ഭാഗങ്ങളിലും, ജോലി നോക്കിയിരുന്നതുകൊണ്ടു് അദ്ദേഹത്തിനു് ആധുനിക ഐറോപ്യസംസ്കാരവുമായി ഗാഢമായ ഒരു ബന്ധമുണ്ടായിരുന്നു. സാഹിത്യത്തിലും സംസ്കാരത്തിലും ഇത്ര വ്യുല്പന്നനായിരുന്ന ഒരു മഹാൻ അക്കാലത്തു വേറെ ആരെങ്കിലും, ആ ചെറിയ നഗരത്തിൽ ഉണ്ടായിരുന്നോ എന്നു സംശയമാണു്. പോളൻഡിന്റെ ആധുനികചരിത്രത്തിലും, റഷ്യയിലെ ചക്രവർത്തിമാർമൂലം ആ രാജ്യക്കാർ അനുഭവിക്കേണ്ടിവന്നിട്ടുള്ള നിരവധി യാതനകളിലും അദ്ദേഹത്തിനുണ്ടായിരുന്ന ജ്ഞാനം അതിവിപുലമായിരുന്നു. ഇതിനെല്ലാംപുറമേ അദ്ദേഹം ഒരു സാഹിത്യപ്രണയിയും, അതുപോലെതന്നെ ഒരു ശാസ്ത്രവിശാരദനുമായിരുന്നു. പ്രകൃ

തിശാസ്ത്രം, രസതന്ത്രശാസ്ത്രം, ഭൗതികവിജ്ഞാനശാസ്ത്രം മുതലായവയിൽ അക്കാലത്തു പ്രസിദ്ധപ്പെട്ടുത്തിയിരുന്ന സകലഗ്രന്ഥനകൃതികളിലും അദ്ദേഹം വളരെ ശ്രദ്ധ ചെലുത്തിവന്നു. എന്തിനേറെപ്പറയുന്നു. ആ കുടുംബം സാഹിത്യത്തിൻെറയും, ശാസ്ത്രത്തിൻെറയും, സംസ്കാരത്തിൻെറയും ഒരു ആവാസരംഗമായിരുന്നു.

എങ്കിലും ആ കുടുംബനായകൻെറ പ്രവൃത്തികളിൽ എല്ലാംതന്നെ ഒരു നേരിയദുഃഖത്തിൻെറ ഛായ അദ്ദേഹത്തിൻെറ സന്താനങ്ങൾക്കുകൂടി കാണാൻ കഴിയുമായിരുന്നു. അദ്ദേഹം ഒരു പ്രേമാർദ്രചിത്തനായിരുന്നു. തൻെറ പ്രേമഭാജനത്തിൻെറ വേർപാടിനുശേഷം, തൻെറ ഹൃദയം കുറേക്കൂടി മൃദുലമായിത്തീർന്നിരിക്കുന്നപോലെ അദ്ദേഹത്തിനു തോന്നി. ശിശുക്കളോടുള്ള സ്നേഹവും, ദയവും മുൻപിലത്തേതിനേക്കാൾ ഒരു പതിനായിരംമടങ്ങു വദ്ധിച്ചു. കഴിഞ്ഞുപോയ നല്ലകാലങ്ങൾ അദ്ദേഹത്തിൽ പല സ്മരണകളും, ഉദിപ്പിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ ആത്മസംയമനം അസാദ്ധ്യമായിത്തീരുമ്പോൾ ഇപ്രകാരം ചിന്തിക്കാറുണ്ടായിരുന്നു. “ആ സമ്പത്തു് എനിക്കു് എങ്ങിനെ നഷ്ടമായി? അതു് ഞാൻ നഷ്ടപ്പെടുത്താതെ സൂക്ഷിക്കേണ്ടതായിരുന്നു. എൻെറ ശിശുക്കൾക്കു ഉത്തമമായ വിദ്യാഭ്യാസം നൾകുന്നതിലേക്കുംമററും അതു് ഉപകരിക്കേണ്ടതായിരുന്നു. എനിക്കു് അവരെ ഉപരിവിദ്യാഭ്യാസത്തിനായി മറുദേശങ്ങളിലേക്കും, അവർ സംസ്കാരസമ്പന്നരായിത്തീരുന്നതിലേക്കു സുപ്രസിദ്ധ സംസ്കാരകേന്ദ്രങ്ങളിലേക്കും അയയ്ക്കാൻ ആഗ്രഹമുണ്ടായിരുന്നു! പക്ഷേ എന്തുചെയ്യാം. വിധി തടുക്കുവാൻ ആക്കു സാധിക്കും. ഇപ്പോൾ എനിക്കു വേണ്ടിടത്തോളം ദ്രവ്യമില്ല. അതുകൊണ്ടു് ഈ ചെറുപൈതങ്ങളെ വേണ്ടപോലെ നോക്കുവാനും സാധിക്കുന്നില്ല. ഏറെക്കഴിയുന്നതിനുമുൻപു എൻെറ കാര്യാദികൾകൂടി ഈ സാധുക്കൾ നോക്കേണ്ടിവരും. പാവപ്പെട്ട കുട്ടികൾ! ഈ ചുമടുകൾ എല്ലാം താങ്ങുന്നതിനുള്ള ശക്തി ബലഹീനരായ അവരുടെ ചുമലുകൾക്കു് ഉണ്ടാകുമോആവോ?” ഈവഴിക്കുള്ള ചിന്തയ്ക്കു വശംവദനാകാറുള്ള പിതാവു്, കുറേനേരം മൌനം അവലംബിക്കും. ഇതൊന്നും ആ ചെറുശിശുക്കൾ അറിയാറില്ല. എന്തെന്നാൽ പലപ്പൊഴും ഇത്തരം ചിന്തകൾ നിശയുടെ നിശബ്ദതയിൽ ആയിരിക്കും; സ്നേഹമൂർത്തിയായ ആ പിതാവിനെ പിടികൂടുന്നതു്. ഈ ചിന്താസരണിയിൽനിന്നും വെമ്പലോടുകൂടി രക്ഷപ്പെട്ടു് യാഥാത്ഥ്യങ്ങളിലേക്കു കടക്കുമ്പോൾ ആ നാലു ശിശുക്കളുടെനേരെ അദ്ദേഹം കുറേ നേരം നോക്കിനില്ക്കും. ആ ദീപ്തിമത്തായ ആനനങ്ങൾ “ഞങ്ങൾ കൊച്ചുങ്ങളാണു്. ഞങ്ങൾക്കു ശക്തിയുണ്ടു്. അതുകൊണ്ടു് ഞങ്ങൾ വിജയികളാകും” എന്നു് ഉൽഘോഷിക്കുന്നതുപോലെ തോന്നും. അതു് ആശാസപ്രദമായി പിതാവു കരുതും. അതിൽ ആശയുടേയും, വിജയത്തിൻേറയും അങ്കുരങ്ങൾ കണ്ടു് ആ വൃദ്ധൻ ചാരിതാത്ഥ്യമടയും. ഇങ്ങിനെ യാതനയും ആശയുമായിട്ടു് ആ കുടുംബം കഴിഞ്ഞുകൂടി.

* * *

* * * *

വൃദ്ധനായ സ്ക്ലൊഡൊവസ്കിയുടെ നാലാമത്തെ ശിശുവായിരുന്നു മേരി. വാഴ്സാനഗരത്തിലേക്കു താമസം മാററിയ അവളുടെ കുടുംബത്തിനു പലവിധ ക്ലേശ

ങ്ങളും അനുഭവിക്കേണ്ടിവന്നു. അവളുടെ വിദ്യാഭ്യാസം തുടൎന്നുകൊണ്ടുപോകേണ്ടതുണ്ടായിരുന്നു. എന്നാൽ അതിനു വേണ്ട സമ്പത്തു് അക്കാലത്തു് അവൾക്കു് അധീനമായിരുന്നുമില്ല. ഉൽകൎഷേച്ഛ ഒരുഭാഗത്തു്, നിൎദ്ധനത്വം അതിന്റെ എതിൎവശത്തു്. ഇതിനേക്കാൾ കൂടുതലായ ഒരു യാതന യുവത്വത്തിനു് അനുഭവപ്പെടുവാനില്ല. നിരാശയ്ക്കു മേരിയോ സഹോദരങ്ങളോ കീഴ്പ്പെടുകയുണ്ടായില്ല. വാഴ്സയിൽ അക്കാലത്തുണ്ടായിരുന്ന അനേകായിരം പ്രബുദ്ധരെപ്പോലെ ഇവരും ജീവിതായോധനത്തിനു കച്ചകെട്ടി പുറപ്പെട്ടു. പ്രഭുകുടുംബങ്ങളിലെ ട്യൂഷൻജോലിയായിരുന്നു മേരിക്കു് ആദ്യം കിട്ടിയതു്.

അന്നു് ആ യുവതിക്കു് ഉദ്ദേശം പതിനേഴുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു. എന്നുവരികിലും തന്റെ നൂതന ജീവിതപന്ഥാവിൽ വന്നുകൂടുവാൻ ഇടയുള്ള പ്രയാസങ്ങളെപ്പററിയെല്ലാം അവൾക്കറിയാമായിരുന്നു. ശിശുക്കളുമായി പെരുമാറുന്നതിനുള്ള ബുദ്ധിമുട്ടു്, ഓരോ വീട്ടിലും ക്ലിപ്തസമയങ്ങളിൽ മഴയത്തും കാററത്തും ചെന്നെത്തിച്ചേരാനുള്ള പ്രയാസങ്ങൾ, മടിയന്മാരും മടിച്ചികളുമായ ശിശുക്കളുടെ മാതാപിതാക്കന്മാരുമായിട്ടുള്ള സമ്പൎക്കം, ഇതിനെല്ലാററിനുംപുറമേ പ്രതിഫലമായി അവരിൽ ഓരോരുത്തരിൽനിന്നും ഈടാക്കാനുള്ള ഏതാനും റൂബിൾസു പിരിച്ചെടുക്കുവാനുള്ള പ്രയാസം. ആകപ്പാടെ അക്കാലത്തെ ജീവിതത്തിനു യാതൊരു മാധുൎയ്യവും അവർ ദൎശിച്ചില്ല. ദൈനംദിനകൃത്യങ്ങൾക്കുള്ള ഐകരൂപ്യം അവരെ അലസയാക്കിത്തീൎത്തു. ഇക്കാലത്തു് ആ യുവതി അവരുടെ കൂട്ടുകാൎക്കു എഴുതിയിട്ടുള്ള നിരവധി കത്തുകളിൽനിന്നും ഇതു പ്രത്യക്ഷപ്പെടുന്നുണ്ടു്. ഒരൊററക്കാൎയ്യത്തിൽ മാത്രമായിരുന്നു അന്നു് അവരുടെ ശ്രദ്ധ—അതായതു് തന്റെ വിദ്യാൎത്ഥികളുടെയും പ്രതിഫലത്തിന്റെയും സംഖ്യ വൎദ്ധിക്കുന്നതിൽ മാത്രം.

യുവസഹജമായ ദിവാസ്വപ്നങ്ങൾ അവരെയും ഇക്കാലത്തു് അലട്ടിക്കൊണ്ടിരുന്നു. മററുള്ള യൂറോപ്യരാജ്യക്കാരെ അപേക്ഷിച്ചു് പോൾവൎഗ്ഗക്കാൎക്കു (Poles) ദിവാസ്വപ്നങ്ങൾ എന്നും വളരെ കൂടുതലാണു്. രാഷ്ട്രീയമായ ഒരാദർശം ഈ ദിവാസ്വപ്നങ്ങളിലും നിഴലിച്ചുകണ്ടിരുന്നു. ദേശീയോല്ക്കൎഷചിന്തയ്ക്കു മേരി കൂടുതൽ വശംവദയായിത്തീൎന്നു. അവരുടെ വ്യക്തിപരമായ ഉല്ക്കൎഷചിന്തയ്ക്കു രണ്ടാംസ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. അതു പോളൻഡിൽ പ്രക്ഷോഭണങ്ങളുടെ കാലമായിരുന്നു. പോളൻഡു് ഭരിച്ചിരുന്ന സാർചക്രവൎത്തിയുടെ നേരെ ബോംബെറിയുക; അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരെ വധിക്കുക മുതലായ ക്രൂരകൃത്യങ്ങൾ അന്നു് സൎവ്വസാധാരണമായിരുന്നു. ദേശീയോല്ക്കൎഷവാഞ്ഛ മേരിയെ ഇത്തരം കൃത്യങ്ങളിലേക്കു പ്രേരിപ്പിച്ചില്ല. എന്തെന്നാൽ അവയെല്ലാം അവരുടെ സംസ്കാരത്തിനു വിപരീതവും, കുടുംബപാരമ്പൎയ്യങ്ങൾക്കു യോജിക്കാത്തവയുമായിരുന്നു. പോൾവൎഗ്ഗം അക്കാലത്തു റഷ്യൻചക്രവൎത്തിമാരുടെ ക്രൂരവും വിവിധതരത്തിലുള്ളതുമായ മൎദ്ദനങ്ങൾക്കു വിധേയമായിരുന്നു. പ്രബുദ്ധരായ പോളൻഡുകാർ അവരുടെ യത്നം കേന്ദ്രീകരിച്ചിരുന്നതു വിദ്യാഭ്യാസപ്രചരണത്തിലും, അന്ധവിശ്വാസനിൎമ്മാൎജ്ജനത്തിലുമായിരുന്നു.

കോംടിയും (Conte) സ്പെൻസറും (Spe-

ncer) യൂറോപ്പിൽ ഒരു നവീന ചിന്താസരണി വിഭാവനംചെയ്ത ഒരു കാലഘട്ടമായിരുന്നു അതു്. പാസ്റ്റർ (Pasteur) ഡാർവിൻ (Darwin) ക്ലാഡ്ഡ് ബെർനാർഡ് (Claude Bernard) മുതലായവരുടെ ഗവേഷണങ്ങൾ അന്നു് ശാസ്ത്രത്തിനും, ശാസ്ത്രീയമനഃസ്ഥിതിക്കും അനന്യസാധാരണമായ ഒരു പ്രാധാന്യവും പ്രബുദ്ധരുടെയിടയിൽ ഉളവാക്കിയിട്ടുണ്ടായിരുന്നു. ഇതിൻെറയൊക്കെ ഫലമായി യുവജനങ്ങൾക്കു് സാഹിത്യത്തേയും, കലയേയുംകാൾ രസതന്ത്രശാസ്ത്രത്തോടും, പ്രകൃതിശാസ്ത്രത്തോടും കൂടുതൽ പ്രേമം തോന്നിത്തുടങ്ങി. സാഹിത്യകാരനേക്കാൾ, ശാസ്ത്രജ്ഞനായി തീരുവാനാണു് പൊതുവേ അക്കാലത്തെ ചെറുപ്പക്കാർക്കു് ആഗ്രഹം തോന്നിയതു്. സ്വതന്ത്രരാജ്യങ്ങളിൽ ഈ ആശയങ്ങൾക്കു് പരസ്യമായ പ്രചാരം ലഭിച്ചു. എന്നാൽ പോളൻഡിനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകതയുണ്ടു്. മർദ്ദിതരായ പോളൻഡുകാരുടെ സകല സംരംഭങ്ങളേയും സംശയദൃഷ്ടിയോടുകൂടിയാണു് ഭരണകർത്താക്കളായ സാർപ്രതിനിധികൾ നിരീക്ഷണംചെയ്തു വന്നതു്.

മേരി വാഴ്സയിൽ സ്ഥിരതാമസമാക്കിയ ഉടൻതന്നെ മാഡംമൊസേലെ പിയാസെക്കാ (Mlle. Piasecka) എന്ന ഒരു യുവതിയുമായി പരിചയമാവാൻ ഇടയായി. ഇതിൻെറ ഫലമായി മേരിക്കും മററൊരു സഹോദരിക്കും ശാസ്ത്രീയവിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനത്തിൽ പ്രവേശനം ലഭിച്ചു. ഇതു് മേരിയുടെ ജീവിതത്തിലെ അതിപ്രധാനമായ ഒരു സംഭവമായിട്ടാണു് അവർ ഗണിച്ചു വന്നതു്. പിതാവിൽനിന്നും ലഭ്യമായ "ആരോഗ്യപ്രദമായ ജിജ്ഞാസ" മൂലം ഈ സ്ഥാപനവുമായിട്ടുണ്ടായ ആദ്യബന്ധം, മേരിയുടെ പിന്നീടുള്ള ജീവിതത്തെ സാരമായി സ്പർശിച്ചുവെന്നുതന്നെ പറയാവുന്നതാണു്. നവീനങ്ങളായ ആദർശങ്ങൾ വികാരപരവശയായ ഈ തരുണിയിൽ ഈ ബന്ധം ആവിർഭവിപ്പിച്ചു. യഥാർത്ഥത്തിൽ അവർ ഒരു സമഷ്ടിവാദി (Socialist) ആയി തീൎന്നുവെങ്കിലും, അന്നു് പോളൻഡിൽ ഉണ്ടായിരുന്ന ആ കക്ഷിക്കാരോടു് അവർ ചേൎന്നില്ല. അവരുടെ മനസ്സിൽ വ്യക്തിപരമായ ഉൽക്കർഷവും, ദേശീയമായ സ്വാതന്ത്ര്യവും തമ്മിൽ ഇടവിടാതെ ഒരു വലിയ സമരം ഇക്കാലത്തു നടന്നുകൊണ്ടിരുന്നു. തുല്യശക്തിയുള്ള രണ്ടു ആദർശങ്ങളിൽ ഏതിനെ കൈക്കൊള്ളണമെന്നറിയാതെ ആ യുവതി കുറേക്കാലം കഴിഞ്ഞു. മേരിയുടെ സമചിത്തതയും ആത്മസംയമനവും അവരെ രക്ഷിച്ചു. ക്രൂരമായ പ്രക്ഷോഭണവാഞ്ഛ മേരിയിൽ വളരെ കുറവായിരുന്നു. ഒരുപക്ഷേ ഇതിനാലായിരിക്കാം മേരി പിന്നീടു് വിശ്വവിഖ്യാതയായ ഒരു ശാസ്ത്രജ്ഞയായി തീൎന്നതും. ഭാവിയെ രൂപവൽക്കരിക്കുന്നതിൽ വികാരത്തേക്കാൾ ഒരുപക്ഷേ ബുദ്ധിക്കായിരിക്കാം അവർ പ്രാധാന്യം നൽകിയതു്. അതു എങ്ങിനെയെങ്കിലുമാവട്ടേ!

* * * *
* * * *

കാലം പിന്നെയും കുറേ കഴിഞ്ഞു. ഇതിനിടയ്ക്കു് മേരി ഒരു പ്രഭുകുടുംബത്തിലെ ഗവർണെസ്സ് (Govrnes) ആയി നിയമിക്കപ്പെട്ടു. പല പാശ്ചാത്യഭാഷകളിലും, ശാസ്ത്രങ്ങളിലും ഉണ്ടായിരുന്ന വൈദഗ്ദ്ധ്യമാണു് അവരെ ഈ പുതിയ പ്രവൃത്തി ലഭിക്കുന്നതിൽ സഹായിച്ചതു്. പോരെ

ങ്കിൽ ആകപ്പാടെയുണ്ടായിരുന്ന ഒരു ആകാരസുഷമയും ഇതിന് സഹായകമായിത്തീൎന്നിട്ടുണ്ടാവാം. ൧൮൮൬-ൽ അവർ എഴുതിയ ഒരു കത്തിൽ ഇപ്രകാരം കാണുന്നു.

"ഭാവിയിലേയ്ക്കുള്ള എന്റെ പ്ലാൻ! എനിക്ക് അങ്ങിനെയൊന്നില്ല. അതു് ചിന്തിക്കത്തക്കതോ, സംസാരിക്കത്തക്കതോ അല്ലായെന്നാണ് ഞാൻ കരുതുന്നതു്. കഴിയുംവിധത്തിൽ എങ്ങിനെയെങ്കിലും ഒന്നു ജീവിക്കണം. അതു അസാദ്ധ്യമായി വരുമ്പോൾ, ഈ നികൃഷ്ടമായ ലോകത്തോട് നമുക്കു യാത്രപറയാം. അതുകൊണ്ടുള്ള നഷ്ടം തുച്ഛവും എനിക്കുള്ള വ്യസനം നിസ്സാരവും ആയിരിക്കും—മററു പലരേയും പററിയെന്നതുപോലെ തന്നെ നിസ്സാരം—* * * * ചിലർ വിചാരിക്കുന്നു എനിക്കും പ്രേമം എന്ന സുഖക്കേടിനെ അതിജീവിക്കേണ്ടിവരുമെന്നു്. ഇതു് എന്റെ ജീവിതപദ്ധതിയിൽ പ്രവേശിക്കുന്നില്ല."

ഈ കത്തിൽ ആത്മഹത്യ, നൈരാശ്യം, പ്രേമം മുതലായവയെപ്പററിയുള്ള സൂചനകൾ ഒരു വിവരണത്തെ ആവശ്യപ്പെടുന്നുണ്ട്. അതെല്ലാം തന്നെ ഒരൊററ വാചകത്തിൽ അടങ്ങിയിട്ടുണ്ട്:—"നിൎദ്ധനയായ ഒരു യുവതിയുടെ പ്രേമകഥ." ഇത്തരം കഥകൾ നിരവധി നോവലുകളിൽ ചിത്രീകരിച്ചിട്ടുമുണ്ട്.

മേരി ഇതിനിടയിൽ സുന്ദരിയായിത്തീൎന്നിരുന്നു. പിൽക്കാലത്തെ ചിത്രങ്ങൾ ആ യുവതിയുടെ യൌവനകാലത്തെ സൌന്ദൎയ്യചിഹ്നങ്ങളെ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. ആ പ്രഭുകുടുംബത്തിലെ ഏകപുത്രൻ വിദ്യാഭ്യാസാനന്തരം തിരിയെ വന്നപ്പോൾ സുന്ദരിയായ ഒരു ഗവർനെസ്സിനെ അവിടെ കണ്ടു. അവൾക്ക് ഒന്നാംതരമായി നൃത്തംചെയ്യാനും, മഞ്ഞുകട്ടിയിന്മേൽ കൂടി നടക്കുവാനും, നീന്താനും വള്ളംകളിക്കാനും അറിയാമെന്നും ആ യുവാവ് വളരെ കുറച്ചുദിവസത്തെ പരിചയംകൊണ്ടു് മനസ്സിലാക്കി. അവളുടെ സംഭാഷണം രസകരവും ഫലിതസമ്മിശ്രവുമായിരുന്നു. വണ്ടി ഓടിക്കുന്നതിലും, കുതിരസ്സവാരിചെയ്യുന്നതിലും കാണിച്ചിരുന്നതുപോലെയുള്ള വൈദഗ്ദ്ധ്യം അവൾക്ക് പദ്യരചനയിലും അതു് സ്വരഭംഗിയോടുകൂടി കഥനംചെയ്യുന്നതിലും ഉണ്ടെന്നു് സംസ്കാരചിത്തനും അഭ്യസ്തവിദ്യനുമായ യുവാവ് ഗ്രഹിച്ചു. അയാൾക്ക് പരിചയമുള്ള മറ്റനേകയുവതികളിൽനിന്നും വ്യത്യസ്തയായിരുന്നു അവൾ. ഈ പ്രത്യേകത അയാളെ ആകൎഷിച്ചു. അയാൾ ആ ഗവർനെസ്സിൽ അനുരക്തനായിത്തീൎന്നു. സുന്ദരനും, രസികനും, കലാകുതുകിയുമായ ആ യുവവിദ്യാൎത്ഥിയുടെ പ്രേമാൎത്ഥനകളെ മേരി അനുകൂലിച്ചു് ആദരിച്ചു. മേരിക്ക് ഇനിയും പത്തൊൻപതു വയസ്സായില്ല; ആ പ്രഭുകുമാരനു് കുറച്ചുകൂടി കൂടുതൽ പ്രായമുണ്ടു്. അവർ വിവാഹിതരാകുന്നതിനു തീൎച്ചയാക്കി. * * * * ഇതിനു് യാതൊരു പ്രതിബന്ധവുമില്ലെന്നു തന്നെ തോന്നി. മേരി ആ കുടുംബത്തിലെ വാത്സല്യഭാജനമായിരുന്നു. പ്രഭു സായാഹ്നങ്ങളിൽ അവളോടുകൂടി സവാരിക്ക് പോയിക്കൊണ്ടിരുന്നു. പ്രഭ്വി അവളെ കുടുംബത്തിലെ ഒരംഗം എന്ന നിലയിൽ കരുതിവന്നു. മേരിയുടെ വൃദ്ധപിതാവും സോദരികളും പ്രഭുമന്ദിരത്തിൽ പലപ്പോഴും അതിഥികളായി വന്നിട്ടുണ്ടു്. മേരിയുടെ ജന്മനക്ഷത്രദിനങ്ങളിൽ അവരിൽ ഓരോരുത്തരും—അതായതു് പ്രഭുവും,

പ്രഭ്വിയും—അവൾക്ക് പൂക്കളും സമ്മാനങ്ങളും നൽകാറു പതിവുണ്ട്. ഇത്തരം പെരുമാററങ്ങൾ പ്രഭുകുമാരനെ കൂടുതൽ ഉന്മേഷഭരിതനാക്കിതീർത്തിരുന്നു. എങ്കിലും വിവാഹാലോചനയെപ്പററി പുത്രൻ മാതാപിതാക്കന്മാരോടു പറയേണ്ട താമസം—പ്രൌഢയായ മാതാവ് ദുഃഖത്താൽ മോഹാലസ്യപ്പെട്ടു വീണു. പിതാവാകട്ടെ രോഷാകുലനായി അട്ടഹസിച്ചു. പുത്രന് ചിത്തഭ്രമം പിടിപെട്ടോയെന്ന് അവർ സംശയിച്ചു. അതിക്രമണംചെയ്യാൻ പാടില്ലാത്ത സാമുദായിക പ്രതിബന്ധങ്ങൾ പ്രേമബന്ധികളായ രണ്ടു ആർദ്രചിത്തങ്ങളുടെ ഇടയ്ക്ക് പ്രത്യക്ഷപ്പെട്ടു. മേരിയുടെ കുടുംബപാരമ്പര്യത്തിനോ, സംസ്കാരപരവും വിജ്ഞാനപരവുമായ വൈശിഷ്ട്യങ്ങൾക്കോ, അവരുടെ വ്യക്തിപരമായ സ്വഭാവസൌന്ദര്യാദി മഹിമകൾക്കോ ഈ പ്രതിബന്ധത്തെ നീക്കംചെയ്യാൻ കഴിഞ്ഞില്ല. തങ്ങളുടെ പുത്രൻ ഒരു വെറും ഗവർനെസ്സിനെ വിവാഹം ചെയ്യാൻ പാടില്ലായെന്ന് അവർ വിധിച്ചു. ഭത്സനങ്ങളിലും, ക്രോധത്തിലും ആ സാധുവിദ്യാർത്ഥി അയാളുടെ പ്രേമാർത്ഥനകളെ ആഹുതിചെയ്തു. വെറും ഭൗതികമായ ശ്രേയസ്സിനുവേണ്ടി തന്റെ ഹൃദയാഹ്വാനത്തെ ആ പ്രഭുകുമാരൻ തിരസ്കരിച്ചു. മേരി ഇച്ഛാഭംഗത്തിൽ മുഴുകി. ജീവിതവും അതിലെ ആശകളും വെറും ജലത്തിലെ പോളകൾപോലെ അവൾക്കു തോന്നി. ഇത്തരം സംഭവങ്ങൾ തന്നെ സംബന്ധിച്ചിടത്തോളം ഭാവിയിൽ ഉണ്ടാവാൻ പാടില്ലെന്നു അവർ തീർച്ചയാക്കി. പക്ഷേ എന്തുചെയ്യാം? ഉൽക്കർഷേച്ഛയെയെന്നപോലെതന്നെ പ്രേമത്തേയും ഒരു വിധികർത്താവിന്റെ ആജ്ഞയിൽ വധിക്കപ്പെടാവുന്നതല്ലല്ലോ? അസാധാരണമായ യാതൊന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ മേരി മൂന്നുവർഷംകൂടി ആ പ്രഭുകുടുംബത്തിലെ ഗവർനെസ്സായി കഴിച്ചുകൂട്ടി.

II

ആറേഴുവർഷങ്ങൾ പിന്നേയും കഴിഞ്ഞു. പ്രേമം, വിവാഹം മുതലായ കാര്യങ്ങൾ മേരിയുടെ ജീവിതത്തിൽനിന്നും എന്നെന്നേക്കുമായി ബഹിഷ്കരിച്ചതുപോലെതോന്നി. ഇതിൽ പറയത്തക്ക പ്രത്യേകതകളൊ വൈശിഷ്ട്യമോ അക്കാലത്തു പ്രേക്ഷകന്മാർ ദർശിച്ചില്ല. ഏതെങ്കിലും ഉത്തമങ്ങളായ ആദർശങ്ങളാൽമാത്രം നീതരായ സ്ത്രീകൾ ഇതുപോലെയുള്ള ത്യാഗങ്ങൾ അനുഭവിക്കുന്നത് സാധാരണമായിരുന്നു. ലോകപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ചിത്രകാരികളും മററു കലാകാരികളും, അവരുടെ കലയോടുള്ള ഉപാസനയ്ക്കു കൂടുതൽ പ്രാധാന്യം നൾകി. വ്യക്തിപരമായ വിവാഹം മുതലായവയെ അപ്രധാനങ്ങളായി തള്ളിവന്നിരുന്നുവെന്നതിന് ചരിത്രത്തിൽ വളരെ ഉദാഹരണങ്ങൾ ഉണ്ട്.

മേരിയുടെ ജീവിതം മുഴുവനും ശാസ്ത്രീയാഭിവൃദ്ധിക്കുവേണ്ടി ചിലവാക്കാനാണ് അവർ ആദ്യംമുതൽക്കുതന്നെ ആശിച്ചിരുന്നത്. രാജ്യസ്നേഹവും ദേശീയാഭിവൃദ്ധിയുംകൂടി അവരുടെ ആശകളിൽ രണ്ടാമത്തെ സ്ഥാനത്തെ മാത്രമേ അലങ്കരിച്ചിരുന്നൊള്ളു. തന്റെ കുടുംബത്തോടുള്ള കടമയേക്കൂടി, അവർ തന്റെ ശാസ്ത്രീയവിജയങ്ങൾക്കു കീഴടക്കിയാണ് വച്ചിരുന്നത്. ശാസ്ത്രീയലോകത്തു തനിക്ക് മേന്മനേടണം, പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ

കൊണ്ടു് അതിനെ വിപുലപ്പെടുത്തണം, എന്നുള്ളവയായിരുന്ന മേരിയിൽ സ്ഥായി ട്ടുണ്ടായിരുന്ന ആശയും ആദർശവും. ഈ ആദർശനിർവ്വഹണത്തിനായിട്ടാണു് അവർ പാരിസിൽ വന്നുതാമസിച്ചു് സർബോണ ലെ (Sorbonne) ശാസ്ത്രകലാലയത്തിൽ ചേർന്നു വിദ്യാഭ്യാസം ചെയ്തുവന്നതും. അന്നു് അവൾക്കു ഇരുപത്തിയാറുവയസ്സു് പ്രായമുണ്ടു്. ധനികന്മാരും സുന്ദരന്മാരും ആയ അനേക ചെറുപ്പക്കാരെ അവർ നിരന്തരം ഗവേഷണമന്ദിരങ്ങളിലും കലാശാലയിലും കണ്ടുവന്നിരുന്നു. വിവാഹചിന്തയ്ക്കു പ്രാധാന്യം നൽകാത്തവർ ഇത്തരം പരിതസ്ഥിതികളിൽ ആകർഷകരായി ഭവിക്കാറില്ലല്ലോ?

ഇക്കാലത്തു മേരിയുടെ പ്രേമത്തിനു പാത്രമായി തീർന്നതു അവരുടെ സ്വപ്നങ്ങൾ— ഭാവിയെപ്പററിയുള്ള സ്വപ്നങ്ങൾ മാത്രമായിരുന്നു. എന്നാൽ നിർദ്ധനത്വംഅതിൻെറ ക്രൂരദംഷ്ട്രങ്ങളാൽ അവരെ വളരെ യാതനകൾ അനുഭവിപ്പിച്ചിരുന്നു. ഗവേഷണശാലയിലെ തൻെറ പ്രവൃത്തികളിലുള്ള അനിതരസാധാരണമായ ശ്രദ്ധ മാത്രമായിരുന്നു അവരുടെ ഏക വികാരം. അവരുടെ ഭാവിയിലെ ആദർശത്തേയും ആശകളേയും നയിച്ചിരുന്ന ഒരു ചിന്തയും ഇതുതന്നെയായിരുന്നു. വിശ്രമസമയത്തെ അവർ അറിഞ്ഞിരുന്നില്ല ഇക്കാലത്തു്. സ്വാതന്ത്ര്യജീവിതത്തിനു തനിക്കുള്ള ഏകപന്ഥാവ് ശാസ്ത്രലോകത്തിൽ അക്ഷീണമായി പരിശ്രമിക്കുന്നതുമാത്രമാണെന്നു അവൾക്കു തോന്നി. ആ ആന്തരികമായ ആഹ്വാനത്തെ അവർ അനുസരിക്കുന്നതിനും ഉറച്ചു. മനുഷ്യൻെറ നിശ്ചയങ്ങൾ എത്ര തുച്ഛം! അവയ്ക്കു എന്തെങ്കിലും ഉറപ്പോ, സ്ഥിരതയോ ഉണ്ടോ? ഈവഴിക്കു് തത്വചിന്താപരമായി വിചാരിക്കുമ്പോൾ ആണു് അവൻ വേറെ അദൃശ്യമായ ഏതോ ഒരു അപ്രമേയ ശക്തിയുടെ വെറും കളിപ്പാട്ടങ്ങളിൽ ഒന്നു മാത്രമാണെന്നു ചിലപ്പോൾ തോന്നിപ്പോകുന്നതു്. വിവാഹത്തെ വെറുത്തു്, ശാസ്ത്രത്തെ പ്രേമിക്കാൻ തുടങ്ങിയ മേരി ഒടുവിൽ വിവാഹംവഴി ശാസ്ത്രീയലോകത്തിൽ വിഖ്യാതിനേടിയ കഥ ഇതിനു ഒരൊന്നാംതരം ഉദാഹരണമാണു്.

മേരി തൻെറ പ്രിയപ്പെട്ട പിതാവിൻെറ പരിലാളനയിൽ വാഴ്സയിൽ താമസിച്ചു് പ്രഭുകുടുംബങ്ങളിലെ ചെറുകുട്ടികൾക്കു് ട്യൂഷൻ കൊടുത്തുകൊണ്ടിരുന്ന കാലത്തും അതിനുശേഷം അവർ ഒരു ഗവർനെസ്സ് ആയി ജോലി നോക്കിക്കൊണ്ടിരുന്നപ്പോഴും എല്ലാംതന്നെ അവളെ പാരീസ് സർവ്വകലാശാല അങ്ങോട്ടു് ആകർഷിച്ചുകൊണ്ടിരുന്നു. ആ സർവ്വകലാശാലയിലെ ഗവേഷണശാഖയെ സ്വപ്നം കണ്ടുകൊണ്ടാണു് പ്രത്യുല്പന്നമതിയായ ആ യുവതി ഇക്കാലത്തു ജീവിതം പോക്കിവന്നതു്.

ഇക്കാലത്തു പിന്നീടു വിശ്വവിശ്രുതനായിത്തീർന്ന ഒരു ചെറുപ്പക്കാരൻസൊർബോണിൽ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. അയാളുടെ പേരു് പീരിക്യൂരി എന്നായിരുന്നു. ഫിസിക്സ് ഗവേഷണശാലയിലായിരുന്നു അദ്ദേഹം പ്രവൃത്തിയെടുത്തുവന്നതു് അക്കാലത്തു്. ശാസ്ത്രീയലോകത്തിൻെറ ദൃഷ്ടിയിലേക്കു അദ്ദേഹം സാവധാനത്തിൽ ഗവേഷണവകുപ്പിൽക്കൂടി പ്രസിദ്ധനായിത്തീരുകയായിരുന്നു അന്നു്. അന്നു അദ്ദേഹം തൻെറ ഡയറിയിൽ ഒരു കുറിപ്പു എഴുതി ചേർത്തിട്ടുണ്ടു്. "സ്ത്രീകൾ നമ്മെക്കാൾ വളരെ കൂടുതലായി ജീവിതത്തെ ജീ

വിക്കുന്നതിനായി ഇഷ്ടപ്പെടുന്നു; അതിബുദ്ധികളായ സ്ത്രീകൾ വളരെ അപൂർവ്വമാണു്. അജ്ഞാതമായ ഒരു പ്രേമത്താൽ നാം നീതരായി അസാധാരണമായ ഒരു വഴിയിലേക്കു പ്രവേശിക്കുമ്പോഴും, നമ്മുടെ ഏററവും അടുത്തുള്ള ജനസമൂഹത്തിൽനിന്നും നമ്മെ അകററിനിർത്തുന്ന ഏതെങ്കിലും ഒരു പ്രയത്നത്തിലേക്കു നാം നമ്മുടെ ചിന്തകൾ തിരിക്കുമ്പോഴും, നമുക്കു സ്ത്രീകളോടു് എതിരിടേണ്ടിവരുന്നു. മാതാവു്, എല്ലാത്തിലും ഉപരിയായി തൻെറ പുത്രൻെറ സ്നേഹത്തെ ആവശ്യപ്പെടുന്നു—തന്മൂലം അവനു് ബുദ്ധിഭ്രമമുണ്ടാകുമെന്നുവന്നാലും—കാമുകി എപ്പോഴും തൻെറ കാമുകൻെറ സാന്നിദ്ധ്യത്തെ ആവശ്യപ്പെടുന്നു; അതിനുവേണ്ടി ലോകത്തിലെ ഏററവും അപൂർവ്വമായ അതിബുദ്ധിയെക്കൂടി ഏതാനും മണിക്കൂർനേരത്തെ പ്രേമത്തിനായി അവൾ നശിപ്പിക്കുവാൻ തയ്യാറാകുന്നു. ഈ മത്സരങ്ങൾക്കു് സമത്വം അശേഷമില്ല. എന്തെന്നാൽ അവയിൽ സ്ത്രീകൾ വിജയികളാവുന്നു. അവർ ജീവിതത്തിൻെറയും പ്രകൃതിയുടെയും പേരിലാണു് പുരുഷന്മാരെ അധഃപതിപ്പിക്കുവാൻ ശ്രമിക്കുന്നതു്.” ഈ ഖണ്ഡിക അദ്ദേഹത്തിൻെറ ഡയറിയിൽ സ്ഥലംപിടിച്ചുകഴിഞ്ഞിട്ടും വർഷങ്ങൾ പിന്നെയും കുറെ മുൻപോട്ടുപോയി. ഇക്കാലത്തു് അദ്ദേഹത്തിനു് വയസ്സു് മുപ്പത്തിയഞ്ചായിയെങ്കിലും, താനുമായി ഇടപെടാനിടയായ യാതൊരു സ്ത്രീയെയും അദ്ദേഹം ഇതുവരെ സ്നേഹിക്കുകയോ, വിവാഹത്തെപ്പററി ചിന്തിക്കുകയോ ചെയ്തില്ല. പലപ്പോഴും വിദുഷികളും സുന്ദരികളുമായ പല സ്ത്രീകളേയും ആ ഗവേഷണശാലയിൽവച്ചു് കണ്ടുമുട്ടിയിട്ടുണ്ടു്. അവരിൽആരോടുംതന്നെ പീരിക്യൂരിക്കു യാതൊരുവിധത്തിലുള്ള ആകർഷതയും തോന്നിയില്ല. അദ്ദേഹം ആരിലും അനുരക്തനായില്ല. അതുപോലെതന്നെ ആരും അദ്ദേഹത്തിലും അനുരാഗപരവശയായിത്തീർന്നില്ല. മുൻപു് എഴുതിവച്ചിരുന്ന ഈ അഭിപ്രായങ്ങളെ വളരെക്കാലം കഴിഞ്ഞിട്ടു്, അതു എഴുതിയ മഷി മിക്കവാറും തേഞ്ഞുമാഞ്ഞുപോകാറായപ്പോൾ അതു് ഒരിക്കൽക്കൂടി എടുത്തുനോക്കാൻ അദ്ദേഹത്തിനു് ഇടയായി. “അതിബുദ്ധികളായ സ്ത്രീകൾ അപൂർവ്വം”! ഈ അഭിപ്രായപ്രകടനം അദ്ദേഹത്തിൻെറ മനസ്സിൽ തങ്ങി.

ഒരു അൽസേഷ്യൻ (Alsatian) പ്രൊട്ടസ്റ്റൻറു് കുടുംബത്തോടു ബന്ധപ്പെട്ട ഒരുവനായിരുന്നു പീരിയുടെ പിതാമഹൻ. പീരി ജനിച്ചതു് പാരിസ്നഗരത്തിലാണു്. ആദ്യകാലത്തു ഈ ക്യൂരികുടുംബത്തിനു് വലിയ സ്വത്തുക്കൾ ഉണ്ടായിരുന്നില്ലെങ്കിലും, വിദ്യാഭ്യാസം, സംസ്കാരം, പാരമ്പര്യം മുതലായവകൊണ്ടുള്ള ഒരു പ്രബുദ്ധതയും, പ്രഭുത്വവും ഉണ്ടായിരുന്നു. പീരിയുടെ പിതാവു് ഗവേഷണമനഃസ്ഥിതിയോടുകൂടിയ ഒരു ഡാക്ടർ ആയിരുന്നു. അദ്ദേഹം കുറേനാൾ പാരീസിലെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ (Laboratry of the Paris Natural History Museum) ഗവേഷണങ്ങൾ ചെയ്തിട്ടുണ്ടു്. ക്ഷയരോഗബീജങ്ങളുടെ സംക്രമണത്തെപ്പററി അദ്ദേഹം ഒന്നുരണ്ടു ചെറിയകൃതികളും രചിച്ചിട്ടുണ്ടു്.

ചെറുപ്പത്തിൽ സ്കൂളുകളിൽ പ്രവേശിക്കാതേയും, ശരിയായവിധത്തിൽ വിദ്യാഭ്യാസം ചെയ്യാതെയും, ഒരു ഉപാദ്ധ്യായൻെറ അടുക്കൽ കൊണ്ടുചെന്നാക്കിയ ഡാക്ടർ

ക്യൂറിയുടെ രണ്ടാമത്തെ പുത്രനായ പീരി തൻെറ ൧൯-ാംവയസ്സിൽ ഒരു ശാസ്ത്രീയ ബിരുദധാരിയായി. ഉടൻതന്നെ പ്രൊഫസർഡിസെയിൻസ് (Prefessor Desains) ൻെറ കീഴിൽ അദ്ദേഹം ഗവേഷണശാലാ അസിസ്റ്റൻറായി നിയമിക്കപ്പെട്ടു. ഈ ഗവേഷണശാലയിൽ അഞ്ചുവഷം അദ്ദേഹം ജോലിചെയ്തു. ഇതിനിടക്കു പീരിയും തൻെറ സഹോദരനായ ജാകോസും (Jacqus) കൂടി വിദ്യുച്ഛക്തിയെ അളന്നു തിട്ടപ്പെടുത്തുന്നതിനു ഉപയോഗിക്കാവുന്ന ഒരു അതിസൂക്ഷ്മമായ യന്ത്രം കണ്ടുപിടിച്ചു.

൧൮൮൩-ൽ ഈ സഹോദരന്മാർ പിരിഞ്ഞു. മൂത്ത സഹോദരനായ ജാകൊവ് മാൺട്രിപെലിയർ (Monte pellien) ൽ ഒരു പ്രൊഫസറായി നിയമിക്കപ്പെട്ടു. പീരിയെ പാരീസിലെ സ്കൂൾ അഫ് ഫിസിക്സ് ആൻഡ് കെമിസ്റ്ററി എന്ന സ്ഥാപന (Scpool of Physics and Chemistry of thr City of Paris) ത്തോടു അനുബന്ധിച്ചു നടത്തിവന്നിരുന്ന ഗവേഷണശാലയിലെ മുഖ്യ ഉദ്യോഗസ്ഥനായും നിയമിക്കപ്പെട്ടു. ഈ സ്ഥാപനത്തിൽവച്ചു പീരിക്യൂരി അതിപ്രധാനങ്ങളായ പല കണ്ടുപിടിത്തങ്ങളും നടത്തി. പ്രസിദ്ധ ഇംഗ്ലീഷ്ശാസ്ത്രജ്ഞനായ കെൽവിൻപ്രഭുവിൻെറയുംമററും ഹൃദയംഗമമായ പ്രശംസക്കു പീരിയുടെ ഗവേഷണങ്ങൾ പാത്രങ്ങളായിത്തീൎന്നിട്ടുണ്ടു്.

*　　　*　　　*

*　　*　　*　　*

ഫ്രിബ്രോ (Fribourg) സർവ്വകലാശാലയിലെ ഫിസിക്സ്െ പ്രൊഫസറായ കൊവാൽസ്കി, തൻെറ വിവാഹംകഴിഞ്ഞുടനേ പത്നിയോടുകൂടി പാരിസ്നഗരത്തിലേക്കു ആദ്യം വന്നതു് അക്കാലത്താണു്. അവരുടെ ഈ യാത്രയ്ക്കു് രണ്ടു ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു. അതു് ആ മിഥുനങ്ങളുടെ ഒരു മധുവിധുയാത്രകൂടിയായിരുന്നു. കൊവൽസ്കി പാരീസ്സർവ്വകലാശാലയിൽ ഏതാനും പ്രസംഗങ്ങൾ ചെയ്യാമെന്നുംഏററിരുന്നു. ഈ പ്രൊഫസറുടെ പത്നി മേരിയുടെ കുടുംബത്തിൻെറ ഒരു പഴയ മിത്രമായിരുന്നതുകൊണ്ടു് അവരുടെ യാത്രയേയും, പ്രസംഗങ്ങളേയുംപററി മേരിയ്ക്കു നേരത്തേ അറിയുവാൻ സാധിച്ചു. ഇക്കാലത്തു് മേരി പ്രൊഫസർ ലിപ്പ്മാൻ എന്ന ഗവേഷണവിദഗ്ദ്ധൻെറ ശാലയിലായിരുന്നു അവരുടെ ഗവേഷണങ്ങളും നടത്തിക്കൊണ്ടിരുന്നതു്. ഈ വിഷയത്തെപ്പററി ഇവരെല്ലാംകൂടി സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ, മേരി അവക്കു് ആവശ്യമുള്ള ഗവേഷണങ്ങൾ അവിടെ നടത്തിക്കൊണ്ടുപോകുവാനുള്ള സൗകയ്യക്കുറവുകളെപ്പററി പ്രൊഫസർ കൊവൽസ്കിയെ പറഞ്ഞുകേൾപ്പിച്ചു. അതിനു മറുപടിയായി കൊവൽസ്കി ഇപ്രകാരം പറഞ്ഞു:—"ലോമണ്ട്റോഡിൽഉള്ള സ്കൂൾ അഫ് ഫിസിക്സ് ആൻഡ് കെമിസ്റ്ററിയിൽ ജോലിചെയ്യുന്ന ഒരു വലിയ പണ്ഡിതനായ ശാസ്ത്രജ്ഞനെ എനിക്കു് അറിയാം. നിങ്ങളുടെ ഗവേഷണങ്ങൾ നടത്തിക്കൊണ്ടുപോകുവാനുള്ള സൗകയ്യങ്ങൾ ഒരുപക്ഷേ നിങ്ങൾക്കു അദ്ദേഹത്തിൻെറ ഗവേഷണശാലയിൽ കിട്ടിയേക്കാം. അദ്ദേഹത്തിനു നിങ്ങളെ ഈ വിഷയംസംബന്ധിച്ചു ഉപദേശിക്കുവാനും കഴിയും. ഏതായാലും നാളെ സായാഹ്നത്തിൽ ഞങ്ങളോടുകൂടി ചായകഴിക്കുവാൻ വരിക. ആ ചെറുപ്പക്കാരനോടും വരാൻ ഞാൻ പറയാം. ഒരുപക്ഷെ അദ്ദേഹത്തെ നിങ്ങൾ അറിയുമായിരിക്കും. പീരിക്യൂരി എന്നാണു് അദ്ദേഹത്തിൻെറ പേരു്."

ചില പ്രയോഗങ്ങളിലെ പ്രമാദങ്ങൾ

(പള്ളത്ത്)

സംസ്കൃതശബ്ദങ്ങളുടെ വാലും തലയും മുറിക്കുവാനോ, നട്ടുവൊടിക്കുവാനോ മലയാളത്തിന് സ്വാതന്ത്ര്യമില്ലായ്കയില്ല. പക്ഷേ, അംഗവൈകല്യത്തോടുകൂടിയാണെന്നിരുന്നാൽകൂടിയും, ഭാഷാലോകത്ത് പ്രചാരം സിദ്ധിച്ച പ്രതിഷ്ഠ ലഭിച്ച് നാണയമായിത്തീർന്നിട്ടുള്ള പദങ്ങളെ പിന്നെയും അലങ്കോലപ്പെടുത്തുവാൻ അനുവദിച്ചുകൂടാത്തതാണ്. ഭാഷാമർമ്മജ്ഞന്മാരിൽ പലരും പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ള അപശബ്ദങ്ങൾ തന്നെയായിരിക്കാം എന്റെയും ദൃഷ്ടിയിൽ പെട്ടിട്ടുള്ളത്. ആ തെറ്റുകൾ ആവർത്തിക്കപ്പെട്ടുകാണുന്നതുകൊണ്ട്, അപഭ്രംശങ്ങളെയും ആവർത്തിച്ചു ഉദ്ബോധിപ്പിക്കേണ്ടതായിരുന്നു.

ദുഃശ്രാവ്യം—ദുഃശ്രവം എന്നു വേണ്ടതാണ്. അസാധ്യമെന്നുള്ളത് ശരിയാണെങ്കിലും ദുഃസാധ്യം തെറ്റുതന്നെ. ദുഃസാധം എന്നുവേണം ഉപയോഗിപ്പാൻ. 'പരം' ചേർത്ത് പല പദങ്ങളേയും സൃഷ്ടിച്ചു വിട്ടുണ്ട്! സാമുദായികപരം, രാഷ്ട്രീയപരം എന്നുള്ളേടത്തു സമുദായപരം രാഷ്ട്രപരം എന്നല്ലാതെ പ്രയോഗിക്കുന്നത് വ്യാകരണത്തിന്റെ നട്ടെല്ലു പൊട്ടിക്കുന്നതാണ്. പന്ഥാവ് പഥമാകുന്നത് നോക്കുക. സാഹിത്യം+പന്ഥാവ്=സാഹിത്യപഥം, ധർമ്മപഥം എന്നല്ലാതെ സാഹിത്യപന്ഥാവ്, ധർമ്മപന്ഥാവ് എന്നെഴുതുന്നത് പലപ്പോഴും വൈയാകരണന്മാരുടെ നെററി ചുളിപ്പിക്കുന്നതാണ്.

'പിതൃഭൂമി' എന്ന പ്രയോഗം (Father land) എന്ന അർത്ഥത്തിൽ അസാധുവാണ്. പിതൃക്കളുടെ ഭൂമി, ശ്മശാനം എന്ന അർത്ഥത്തിലാണ് പ്രായേണ പ്രയോഗം. തമിഴിന്റെ കൈയേററംകൊണ്ടായിരിക്കാം ഗായിക ഗായകിയും നായിക നായകിയുമായത്. നിർഘണ്ടുവെ നിഘണ്ധുവാക്കി വൈകൃതം വരുത്തിക്കാണാറുണ്ട്.

ഈ സന്ദർഭത്തിൽ അച്ചുനിരത്തുകാരെയും പ്രൂഫ്പരിശോധകന്മാരെയും പററി രണ്ടുവാക്ക് പറയുവാൻ തോന്നുന്നു. അച്ചുപിശാചുക്കളുടെ ആക്രമണം ഗ്രന്ഥകാരനിൽ പലപ്പോഴും ആരോപിതമാകാറുണ്ട്. ശരിയായ രൂപത്തിൽ എഴുതിക്കൊടുത്താലും അച്ചുനിരത്തുകാരുടെ മനസ്സിൽ ആ ശബ്ദത്തിന്റെ ഒരു സ്വരൂപം പതിഞ്ഞുകിടക്കുന്നതിന്നനുസരിച്ചാണ് സാമാന്യേന അവരുടെ അച്ചുനിരത്ത്. പ്രൂഫ്തിരുത്തുകാരുടെ കൈയിലാണ് ഈ ശബ്ദങ്ങളുടെ നിർവാണം സ്ഥിതിചെയ്യുന്നത്. എന്റെ ഏറിയകാലത്തെ അനുഭവത്തിൽനിന്ന് പല നേരംപോക്കുകളും ഇവിടെ വിളമ്പാനുണ്ട്. പക്ഷേ, വിസ്തരഭയംനിമിത്തം ഒന്നോ രണ്ടോമാത്രം ഉദ്ധരിക്കാം. 'മാഹാത്മ്യം' എന്നുള്ളത് അനേകംസ്ഥലങ്ങളിൽ 'മഹാത്മ്യം' എന്ന് ആകാരത്തെ ഹ്രസ്വമാക്കുന്ന അച്ചുനിരത്തുകാരെ എനിക്കറിയാം. അങ്ങനെയാണ് അവരുടെ ഹൃദയത്തിൽ മുദ്രണം ചെയ്തുകിടക്കുന്നത്. ഗ്ര

ന്ഥവിസ്താരത്തെ ഗ്രന്ഥവിസ്തരമെന്ന് ഹ്രസ്വരൂപമാക്കാനും അവർക്ക് പ്രയാസമാണ്.

“പണ്ഡിത് ഷാജഹാന്റെ പ്രമോദമന്ദിരമായിരുന്നു” എന്ന് എന്റെ ‘വിലാസകുമാരി’യുടെ കൈയെഴുത്തുപ്രതിയിലുണ്ടായിരുന്നത് ഒരു പണ്ഡിതനായ പ്രൂഫ്തിരുത്തുകാരൻ ‘പണ്ഡിത് ഷാജഹാന്റെ ...’ എന്ന് മാററിയത് മറക്കാൻവയ്യ. Copy നോക്കണം എന്നതിന്റെ സൂചകമായ് ‘ള്ളം...’ എന്നതിനുശേഷം ‘കാപ്പി’ എന്ന നിർദ്ദേശത്തെ ഒരു തിരുത്തുകാരൻ “ഇളം കാപ്പി”യാക്കിയതും ഒതുക്കാൻവയ്യാത്ത ചിരിയോടുകൂടി സ്മരിക്കേണ്ടിവരുന്നു. ചുരുങ്ങിയത് ഏഴാംക്ലാസ്സ് മലയാളപരീക്ഷ പാസ്സായവരെയല്ലാതെ അച്ചുനിരത്തുകാരായ് നിയമിക്കരുതെന്നു തോന്നിപ്പോകുന്നു; പണ്ഡിതന്മാരെ പ്രൂഫ്തിരുത്തുകാരായും; ആദ്ധ്യക്ഷം എന്നല്ലാതെ അദ്ധ്യക്ഷം എന്നെഴുതുന്നത് അരോചകമാണ്—മഹച്ഛക്തി മഹാന്റെ, മഹത്തുക്കളുടെ ശക്തിയാണ്. മഹാശക്തികളെന്നുവേണം പ്രയോഗിക്കുവാൻ Great Powers എന്ന അർത്ഥത്തിൽ-വ്യത്യസ്ഥം വ്യത്യസ്തമെന്നാകണം. വിശ്വസ്ഥൻ വിശ്വസ്തനും വിശ്വത്തിൽ സ്ഥിതിചെയ്യുന്നവനെന്ന അർത്ഥമേ ആദ്യത്തെ ശബ്ദത്തിന് കിട്ടുകയുള്ളു. അകാലികം ആകാലികമെന്നാകണം. സധീരമെന്നല്ലാ സുധീരമെന്നാണുവേണ്ടത്. സ്മേരം ഭേദകമായിട്ടാണ് പ്രയോഗിക്കുക. ഉദാ: സ്മേരാനനം, ‘സ്മേരം ചൊരിഞ്ഞു’ എന്ന് കവിപ്രയോഗമുണ്ട്. സമ്രാട്ട് എന്നല്ലാതെ സാമ്രാട്ട് എന്ന രൂപം ശരിയല്ല. വാഗ്മിയെന്ന അർത്ഥത്തിൽ ചിലർ വാചാലൻ എന്ന് പ്രയോഗിച്ചുകാണുന്നു. ‘...ജല്പാകസ്തു, വാചാലോ, വാചാടോ, ബഹുഗർഹ്യവാക്’. വേണ്ടാത്തത് വേണ്ടതിലധികം സംസാരിക്കുന്നവനാണ് വാചാലൻ—ശോഭായമാനം ശോഭമാനമാകുന്നതുകൊള്ളാം. ദ്വയങ്ങൾ എന്നു പ്രയോഗിക്കണമെങ്കിൽ, ഒന്നിലേറെ ഇരട്ടവേണം. ‘സംഗീതവും സാഹിത്യവും സരസ്വതിയുടെ സ്തനദ്വയങ്ങളാണ്’എന്നതു പരിശോധിക്കുക. ചോരന്റെ സ്ത്രീലിംഗം ചോരിയാണ്; ചോരയല്ല. മനോഹരിയേക്കാൾ മനോഹരയാണ് ഭംഗി; അല്ലെങ്കിൽ മനോഹാരിണിയാകണം. മദ്യപാനി മദ്യം നിറച്ച ഒരു കുംഭമെന്നേ അർത്ഥം സിദ്ധിക്കൂ. മദ്യപായിയും മദ്യം നിറയ്ക്കുന്ന ചഷകംതന്നെയാണല്ലോ എന്നൊരു സമാധാനമുണ്ട്.

സഹോദരിയെ സഹോദരയോ സോദരിയോ ആക്കണമെന്ന് ആരു ശഠിച്ചാലും സഹോദരി മലയാളത്തറവാട്ടിൽ സ്വച്ഛന്ദം പദവിന്യാസം ചെയ്യുന്നു. ‘ആയുഷ്മാൻ’ എന്നോ ദീർഘായുസ്സ് എന്നോ അല്ലാതെ ദീർഘായുഷ്മാൻ എന്ന പ്രയോഗം പിടിക്കുന്നില്ല. ‘ഗൃഹിണി’യെക്കൊണ്ടുള്ള ശല്യത്താലായിരിക്കാമോ ചിലർ ഗ്രഹണിയാക്കുന്നത്; മററുചിലർ ഗ്രഹിണിയും; ആപാതവും ആപാദവും ഭിന്നാർത്ഥകമാണല്ലോ. ഏകമാപാതമധുരമെന്നാണ്.

ഇയ്യിടെ എന്റെ ദൃഷ്ടിയിൽ പെടാനിടവന്ന ചില ശബ്ദങ്ങളെ മാത്രമാണ് ഞാനിവിടെക്കാണിച്ചത്. ‘അബദ്ധമച്ചുപിഴയിൽപെട്ടേ പെട്ടുള്ളുദ്ധടം’ എന്ന് അഭിമാനിപ്പാൻ അർഹത മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാനേ ഉണ്ടായുള്ളു. ഇന്ന് ജീവിച്ചിരിക്കുന്നവരിൽ, പണ്ഡിതസാർവഭൗമനായ മഹാകവി ഉള്ളൂരിന്റെ സംസ്കൃതമലയാള പദപ്രയോഗങ്ങളെ കണ്ണടച്ച് കൈക്കൊള്ളാവുന്നതാണ്.

ഉത്തമ പ്രേമകാവ്യങ്ങൾ

(ഇടയാറന്മുള കെ. എം. വറുഗീസ് ബി. എ. എൽ. ടി.)

പ്രേമം, സൌന്ദര്യം മുതലായ പദങ്ങളിലന്തർഭവിച്ചിരിക്കുന്ന മധുരതരങ്ങളും തത്വജ്ഞാനപരങ്ങളുമായ ആശയങ്ങൾ, കേവലം സ്വപ്നലോകത്തിൽ സഞ്ചരിക്കുന്ന ചിലരുടെ അപ്രായോഗികങ്ങളായ ഭാവനാവിലാസങ്ങളാണെന്നു പറഞ്ഞു് ആക്ഷേപിക്കുന്നവർ സാഹിത്യലോകത്തിൽ ദുർല്ലഭമല്ല. മനുഷ്യന്റെ സുഖജീവിതത്തിനു് ആവശ്യകങ്ങളായ സാമുദായികവും രാഷ്ട്രീയവുമായ ചില പുതിയ വ്യവസ്ഥിതികളെക്കുറിച്ചു് ചിന്തിക്കുന്നതിനും അത്തരത്തിലുള്ള പുരോഗമനകർമ്മപരിപാടികൾക്കു മുമ്പിൽ വിലങ്ങടിച്ചു നില്ക്കുന്ന എല്ലാ സങ്കുചിതമനസ്ഥിതികളെയും തച്ചുടയ്ക്കുന്നതിനും വേണ്ടി ചെലവാക്കേണ്ട സമയവും കഴിവും പ്രയോജനരഹിതമായ ദിവാസ്വപ്നത്തിനുവേണ്ടി വിനിയോഗിക്കുന്നതു് ആശാസ്യമല്ലെന്നു് ഈ ഉത്പതിഷ്ണുക്കൾ വാദിക്കുന്നു. സാഹിത്യത്തിൽ ഇത്തരത്തിലുള്ള നൂതനവാദഗതികൾക്കും, അവയുടെ പ്രകാശനത്തിനും ഒരു സ്ഥാനമുണ്ടു്. എന്നാൽ അത്തരത്തിലുൾപ്പെടാത്ത സാഹിത്യകൃതികൾ അപലപനീയങ്ങളാണെന്നു് ശഠിക്കുന്നതു് ശരിയല്ല.

എല്ലാ ഉത്കൃഷ്ടസാഹിത്യങ്ങളിലും പ്രേമത്തിന്റെ വിവിധഭാവങ്ങളെ അടിസ്ഥാനമാക്കിയുള്ള കാവ്യതല്ലജങ്ങൾ വളരെയുണ്ടു്. എന്തെല്ലാം സാംസ്കാരികവ്യതിയാനങ്ങളുണ്ടായാലും, മനുഷ്യനു് ഭാവനാശക്തിയുള്ളിടത്തോളംകാലം, പ്രേമകാവ്യങ്ങൾക്കു ഒരു പ്രധാനസ്ഥാനം ഏതു സാഹിത്യത്തിലുമുണ്ടായിരിക്കും. അതു് കാരണംകൂടാതെയല്ല. മനുഷ്യന്റെ മൌലികവികാരങ്ങളിൽ ഈ വികാരത്തെപ്പോലെ അപ്രതിഹതവും, ആനന്ദാത്മകവും, സമുജ്ജ്വലവുമായ മറ്റൊന്നില്ല. പണ്ഡിതനിലും, പാമരനിലും, കുബേരനിലും, കുചേലനിലും, സാഹസികനായ യുവാവിലും, യമിയായ യോഗിയിലും, പ്രേമത്തിന്റെ സ്ഫുരണം ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഉണ്ടായിരിക്കും. ചരാചരാത്മകമായ പ്രപഞ്ചത്തിന്റെ ആധാരം പ്രേമമാണെന്നു ദാർശനികന്മാർ പറയുന്നുണ്ടു്. ഈശ്വരനെക്കൂടെയും പ്രേമസ്വരൂപനായിട്ടാണല്ലോ ഉത്കൃഷ്ടമതങ്ങൾ വിവക്ഷിക്കുന്നതു്. മനുഷ്യന്റെ ജീവനും, ജീവന്റെ ഉറവയും പ്രേമം തന്നെ. കബീർ പറയുന്നു:—"That body in which love does not dwell is crematorium; that heart which is without love is as the blacksmith's bellows, breathing but lifeless." ഈ ആശയംതന്നെയാണു് താഴെ ഉദ്ധരിക്കുന്ന കവിതയിലും കാണുന്നതു്:—

(കുറത്തിപ്പാട്ടു്)

"പ്രേമമേ, നീവെൽക! വെൽക!!
നിൻ തുളുമ്പൽമാത്രം
പൂതമാക്കിത്തീർത്തിതെന്റെ
ജീവിതമൺപാത്രം,

നീയെഴായ്കിലീശരീരം
ശ്വാസമുണ്ടെന്നാലും
ലോഹകാരകന്നുലപോൽ
കേവലം നിർജ്ജീവം
നിൻകടാക്ഷചാലനത്താൽ
വിണ്ണിടം തളിക്കും;
പുൽക്കൊടിത്തുഞ്ചങ്ങളിലും
കോൾമയിർ നിരക്കും;
തണ്മകോലുമൂററുറവു
പാറകളുതിക്കും;
കണ്ണുനീരിൻ പാടങ്ങളിൽ
പുഞ്ചിരികതിക്കും;
കമ്പികളെല്ലാം പൊളിഞ്ഞ
തംബുരുവിൽനിന്നു-
മിമ്പമേറും നാകലോക
കാകളിതുളുമ്പും;
കാഞ്ചനച്ചെങ്കോലുടനെ
യോഗദണ്ഡായ്മാറും;
കാചവുമല്ലീധരത്ത
തല്ലജമായ്തീരും.
ആദിനാദരൂപമാന്ന
ചേതന നീയമ്മേ!
വേദവും നീ വേദ്യവുംനീ
സർവ്വവും നീയുണ്മേ!"

ശൈശവത്തിൽ വ്യക്തികളിൽ സ്നേഹാത്മകമായ ഈ ദിവ്യചൈതന്യം അരണിയിലെ തീപ്പൊരിപോലെമാത്രമേ ആയിരിക്കുന്നുള്ളു. എന്നാൽ യൌവനത്തിന്റെ തിരപ്പുറപ്പാടോടുകൂടി വ്യക്തികളിൽനിന്നും ഈ ചൈതന്യം 'കാന്തകതരംഗങ്ങളെ' നാലുപാടും പ്രസരിപ്പിച്ചുതുടങ്ങും. ഇങ്ങനെ സമാനപ്രഭാവങ്ങളായ രണ്ടു ഹൃദയങ്ങളിൽ—ഒന്നു സ്ത്രീയുടെയും, മററതു പുരുഷന്റെയും—നിന്നുംപ്രസരിക്കുന്ന കാന്തക ശക്തികൾ സാമീപ്യബന്ധം കൈക്കൊണ്ടാൽ ആ രണ്ടുഹൃദയങ്ങളിലും, വാചാമഗോചരമായ ആനന്ദത്തിന്റെ തരിപ്പുകൾ സംജാതമാകും. അതിനു് അഭിയോഗം (Power-emotion)എന്നു് നാമകരണം ചെയ്യാം. ഈ അഭിയോഗം ക്രമേണ അഭിമാനം കൊണ്ടും (Steadiness of desire) ആനുരൂപ്യംകൊണ്ടും (Similarity) ഒരു ആത്മബന്ധമായി, അഥവാ പ്രേമമായി പ്പരിണമിക്കുന്നു. ഷോപ്പിൻഹർ എന്ന പ്രസിദ്ധ തത്വജ്ഞാനി ഇങ്ങനെയത്രേ ഈ പ്രേമത്തെ വ്യാഖ്യാനിക്കുന്നതു്.

പ്രേമം ഒരു ആത്മീയസത്തയാണു്. അതുകൊണ്ടു് അതു് ഏററവും ശക്തിമത്തും ഉത്കൃഷ്ടവും ആണെന്നു സമ്മതിച്ചേ മതിയാവു. ഒരു വ്യക്തി തന്റെ ആത്മാവിനെ എന്നപോലെ, ഈ നൈസർഗ്ഗികവികാരത്തെയും മലിനമാക്കാതെ സൂക്ഷിക്കണം.

അരിസ്റ്റോട്ടൽ പറയുന്നതു് മനുഷ്യനിൽ രണ്ടുതരത്തിലുള്ള പ്രവണതകൾ ഉണ്ടെന്നാണു്. അവയിൽ ഒന്നു് മൃഗീയവും, ഭോഗതൃഷ്ണാപരവും; മററതു് ഐശ്വരവും ധിഷണാപരവും. ഈ പ്രവണതകൾ അനുസരിച്ചു് പ്രേമത്തിന്റെ സ്വരൂപവും വ്യത്യാസപ്പെടും. ദുഷ്ടമായ സംവലനസ്ഥിതികളിൽ പ്രകഷം സംഭവിക്കുന്ന പ്രേമം അശുദ്ധമായിരിക്കാനേ തരമുള്ളു. അങ്ങനെ ഈ ഉൽകൃഷ്ടസത്ത ഭോഗതൃഷ്ണാപരമായിത്തീന്നാൽ അതിനു് പ്രേമമെന്നല്ല കാമമെന്നാണു് പറയേണ്ടതു്. കാമം ദുഃഖപ്രദായകവും നാശഹേതുകവുമാണു്. നേരേമറിച്ചു് പരിശുദ്ധമായ പരിതഃസ്ഥിതികളിൽ പ്രകഷം ഭവിക്കുന്ന പ്രേമം അതീവ ശുദ്ധവും, ആനന്ദസന്ദായകവും ആയിരിക്കും. അതിനെ മാത്രമേ

പ്രേമമെന്നു പറയാവൂ. കാമം അതിന്റെ ബഹിർഗ്ഗമനത്തിൽ, തദ്വിധേയങ്ങളായ വസ്തുക്കളിൽ അശനിപോലെ ആപതിച്ചു് അവയെ ചുട്ടുകരിച്ചുകളയും. പ്രേമമാകട്ടെ, ഒരു അമൃതതരംഗിണിപോലെ തത്പ്രവേശനോചിതങ്ങളായ വസ്തുക്കളെ മന്ദം മന്ദം തഴുകിയും ആർദ്രമാക്കിയും മധുരസംഗീതം പുറപ്പെടുവിച്ചുകൊണ്ടു് നിത്യതയെ അഭിമുഖീകരിച്ചു് നിരന്തരം നിർഗ്ഗളിച്ചുകൊണ്ടിരിക്കും.

“സ്നേഹം—സ്നേഹത്തിനുവേണ്ടിമാത്രം” എന്നതാണു് പ്രേമത്തിന്റെ സംശുദ്ധമായ ലക്ഷണം.

“സ്നേഹത്തിൽ നിന്നില്ലല്ലോ മ-
റ്റൊന്നും ലഭിച്ചീടാൻ;
സ്നേഹത്തിൻഫലംസ്നേഹം;
ജ്ഞാനത്തിൻഫലം ജ്ഞാനം
സ്നേഹമേ പരംസൌഖ്യം;
സ്നേഹഭംഗമേ ദുഃഖം
സ്നേഹമേ, ദിക്കാലാതിവ-
ർത്തിയായ് ജ്വലിക്കാവൂ.”

ഈ ലക്ഷണം മാനദണ്ഡമാക്കിനോക്കിയാൽ പ്രേമം ഒരിക്കലും വിഷാദാത്മകമായിരിക്കാനിടയില്ല. പ്രേമത്തിന്റെ പുരോഗമനപന്ഥാക്കളിൽ പ്രതിബന്ധങ്ങളുയരുമ്പോൾ നെടുവീർപ്പിടുന്നതിനും, ചുടുകണ്ണീർവാർക്കുന്നതിനും, ലോകത്തെ പഴിക്കുന്നതിനും, മതത്തിന്റേയും രാഷ്ട്രത്തിന്റേയും നിയമങ്ങളെ ഉല്ലംഘിക്കുന്നതിനും, ആത്മഹത്യതന്നെ ചെയ്യുന്നതിനും, പ്രേമാരാധകന്മാർ തുനിയുന്നതു് വികാരവിക്ഷോഭങ്ങളെ അടക്കി, സാത്വികമനഃസ്ഥിതിയിൽ നിന്നുകൊണ്ടു് പ്രേമത്തെപ്പററി ശാന്തമായി ചിന്തിക്കുന്നതിനു് കഴിവില്ലായ്കയാലാണെന്നു് പറയണം. വാസ്തവികലോകത്തോടു് യാതൊരുബന്ധവുമില്ലാതെ കേവലം സ്വപ്നലോകപര്യടനം നടത്തുന്ന തത്വജ്ഞാനികളുടെ അഭിപ്രായമാണിതെന്നു് ആക്ഷേപിക്കുവാൻ മുതിരുന്നവർ ധാരാളം ഉണ്ടായിരിക്കും. വാസ്തവികലോകത്തിൽ പ്രേമത്തെ ആസ്പദീകരിച്ചു് എത്രയോ അനിഷ്ടസംഭവങ്ങളുണ്ടായിട്ടുണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. ഗീഥേ പറയുന്നു:—“Love will draw no Comrade, Save sorrow to his heart.” അതും പോരെങ്കിൽ ഷേക്സ്പീയർ തുടങ്ങിയ മഹാകവികൾപോലും ഇതരസാഹിത്യപ്രസ്ഥാനങ്ങളിലുള്ള കൃതികളിലും പ്രേമത്തെ ആസ്പദീകരിച്ചു് ദുരന്തകാവ്യങ്ങൾ നിർമ്മിച്ചിട്ടുണ്ടല്ലോ. ഇവിടെയൊക്കെയും പ്രേമം തികച്ചും അതിന്റെ പരിപാവനത പുലർത്തുന്നില്ല എന്നു മാത്രമേ പറയേണ്ടൂ. സൂക്ഷ്മമാലോചിച്ചാൽ “പ്രേമം ആത്മലക്ഷണമായ ആനന്ദത്തിന്റെ ആവിർഭാവമാണെന്നുള്ളതാണു് ആദർശപരമായിട്ടുള്ളതു്”.

വിശ്വസൌന്ദര്യത്തെ—ചിദാനന്ദശക്തിയുടെ ആ പ്രേമസ്ഫുരണങ്ങളെ--വീക്ഷിക്കുമ്പോൾ ഉത്തമകവികളുടെ ഹൃദയം ഉത്പതിക്കുന്നു. സാത്വികപ്രേമംകൊണ്ടു് അവരുടെ ഹൃദയം നിറഞ്ഞു തുളുമ്പുന്നു. ആ പ്രേമത്തെ ആവിഷ്കരിക്കുവാൻ അവർ നിർബന്ധിതരാകുമ്പോഴാണു് അതു് ഉത്തമ ഗാനരൂപം കൈക്കൊള്ളുന്നതു്. അത്തരം കാവ്യങ്ങൾ അനുവാചകന്മാരുടെ ഹൃദയങ്ങളെ ഷഡ്വികാരപ്രക്ഷുബ്ധമായ സംസാരമണ്ഡലത്തിൽനിന്നും ഉയർത്തി, ഉയർത്തി, കാലദേശപരിതഃസ്ഥിതികളെ അതിശയിക്കുന്ന പരമശാന്തിയുടെ സ്വർഗ്ഗീയ കുഞ്ജങ്ങളിലെത്തിക്കുന്നു. നേരേമറിച്ചു് ആഭാസതത്വത്തിന്റെ ദുർഗ്ഗന്ധം വമിക്കുന്ന

ത്തും, സ്വാച്ഛന്ദ്യത്തിന്റെയും കാമത്തിന്റേയും ഹൃദയപ്പൊട്ടയിൽനിന്നു് നീറി നീറിപ്പുകഞ്ഞുയരുന്നതുമായ അപകൃഷ്ടപ്രണയം, മാനുഷത്വത്തെ മൃഗീയത്വത്തിനും താഴെയാക്കുന്നതാണു്. യുവതീയുവാക്കളുടെ ഹൃദയത്തെ മലിനമാക്കുന്ന പ്രേമകാവ്യങ്ങൾ സംസ്കാരത്തിന്റെ ധൂമകേതുക്കളാണെന്നുള്ളതിനു് സംശയമില്ല. ഇത്തരം കവിതകൾ മനുഷ്യജീവിതത്തിന്റെ പാടങ്ങളിൽ മടവീഴിക്കും. അശുദ്ധമായപ്രേമപ്രവാഹം, ചപ്പും ചവറും പരുപരുത്ത പാറകളും ഇപ്പാടത്തിൽ കൊണ്ടുവന്നുതള്ളിക്കയററും. അവററയെ നീക്കിക്കളയാൻ എത്ര പണിപ്പെടണം. അതിനാൽ സംശുദ്ധമായ പ്രേമത്തെ ഉത്തമകാവ്യങ്ങളാകുന്ന കൈത്തോടുകൾവഴി ശാന്തമായി ഒഴുക്കി മനുഷ്യഹൃദയത്തിലേക്കു് പായിക്കണം. ഇതാണു് — ഉത്തമകവികൾ ആദർശഹൃദയപാകതവന്ന കവികൾ സ്ഥൂലലോകത്തിൽനിന്നു സമാഹരിച്ചെടുത്തിട്ടുള്ള പ്രേമസംഭവങ്ങളെ, സന്മാർഗ്ഗത്തിന്റെ തെളിനീരിൽ ശുദ്ധിചെയ്തു്, ഭാവനയുടെ തേൻകുഴമ്പിൽ ചാലിച്ചു്, സംസ്കാരസംവർദ്ധനാർത്ഥം, സമുചിത വൃത്തശയ്യാരീതികളിൽ പകർന്നുതന്നിട്ടുള്ള കാവ്യരസായനങ്ങളെയാണു് — ഉത്തമങ്ങളെന്നു് ഗണിക്കേണ്ടതു്.

ഈ ഉത്തമപ്രേമകാവ്യങ്ങളുടെ കൂട്ടത്തിൽ ഉത്തമതമം എന്നു പറയാവുന്നതു് പ്രേമഭക്തിയെ അധികരിച്ചുള്ളവയാണു്. പ്രേമത്തിന്റേയും ഭക്തിയുടേയും ഒരു മധുരരാസയോഗമാണു് പ്രേമഭക്തി. ഭക്തിതന്നെ പ്രേമാത്മകമാണു്. നാരദഭക്തിസൂത്രത്തിൽ ഭക്തിയെ വ്യാഖ്യാനിക്കുന്നതു് ഇങ്ങനെയാണു്:— "അഥാതോ ഭക്തിം വ്യാഖ്യാസ്യാമഃ സാ ത്വസ്മിൻ പരമപ്രേമരൂപാ; അമൃതസ്വരൂപാ ച..." (സംസാരത്തെ കടക്കുന്നതിനും, പരമാത്മാവിനെ പ്രാപിക്കുന്നതിനും ഭക്തി ആവശ്യമാകയാൽ അതിനെ വ്യാഖ്യാനിക്കാം. അതു് സർവ്വാത്മകനായ ഈശ്വരനിൽ പരമമായ പ്രേമത്തെ വെയ്ക്കുകയാകുന്നു. മരണമില്ലായ്മ അതിന്റെ ലക്ഷണമത്രേ.) "സാ പരാനുരക്തിരീശ്വരേ" എന്നു് ശാണ്ഡില്യസൂത്രത്തിൽക്കാണുന്നു. ഭക്തി, ഈശ്വരന്റെ നേർക്കുള്ള ഉത്കൃഷ്ടമായ അനുരക്തിതന്നെ. ഭക്തിസാധനങ്ങളായി ഒൻപതു് ഉപാധികളെപ്പററി ഭാഗവതത്തിൽ പറയുന്നുണ്ടു്.

"ശ്രവണം, കീർത്തനം വിഷ്ണോഃ സ്മ-
രണം; പാദസേവനം;
അർച്ചനം; വന്ദനം; ദാസ്യം; സഖ്യ;
മാത്മനിവേദനം."

മററുള്ള എല്ലാ ഉപാധികളുടെയും മകുടം ചാർത്തലാണു് 'ആത്മനിവേദനം'; ഇതിന്റെ കാരണവും കാര്യവും "പ്രേമം, പ്രേമം,"തന്നെ. ഈ ആത്മനിവേദനത്തിനു് ആധാരമായ പ്രേമത്തെയത്രേ പ്രേമഭക്തിയെന്നു് പറയുന്നതു്.

മിക്ക സാഹിത്യത്തിലും പ്രേമഭക്തിയെ പുരസ്കരിച്ചുള്ള കാവ്യങ്ങളുണ്ടു്. പലപ്പോഴും കവികൾ "ആത്മൈക്യഗാനങ്ങൾ"എന്ന പ്രസ്ഥാനവിശേഷം വഴിയാണു് പ്രേമസ്വരൂപമായ ഭക്തിയുടെ മാധുര്യം ആവിഷ്കരിക്കുവാൻ ശ്രമിച്ചിട്ടുള്ളതു്. ചിലപ്പോൾ അവ മിസ്റ്റിക്പ്രസ്ഥാനത്തിലും ഉൾപ്പെടും. പൌരസ്ത്യസാഹിത്യങ്ങളാണു് ഈ ഉത്തമപ്രസ്ഥാനങ്ങളിൽ പ്രാമുഖ്യം നേടിയിട്ടുള്ളതു്. പേഷ്യൻസാഹിത്യം ഇക്കൂട്ടത്തിൽ ഒന്നാംകിടയിൽ നില്ക്കുന്നു. "പെഷ്യൻ പദ്യസാഹിത്യാരാമത്തിലേക്കു് കടക്കുന്ന

ചിന്താശീലനായ ഒരു സഹൃദയൻ,ആനന്ദവുംവികാരവുംകൊണ്ടു തളൎന്നുപോകും;പനിനീർപ്പൂക്കളെക്കൊണ്ടും,ഗോസ്തനീരസംകൊണ്ടും പ്രണയംകൊണ്ടും പാരസീകഗാനങ്ങൾ, മധുരവസന്തത്തുപോലെ, ആനന്ദമേദുരങ്ങളാണു്—" എന്നിങ്ങനെ ഡാക്ടർ നിക്കൽസൺ പ്രസ്താവിച്ചിരിക്കുന്നതു് പ്രത്യേകം ശ്രദ്ധാർഹമത്രേ. ഉദാഹരണമായി, ഒരു ഭാഗം ഉദ്ധരിക്കാം:—

"ഹൃദയമേ, നീ സന്തോഷവാൎത്ത കേൾക്കുക; എന്റെ ഏറ്റവും ശക്തവും, പരിശുദ്ധവുമായിട്ടുള്ള പ്രേമത്തെ ആൎജ്ജിച്ചിട്ടുള്ളവൻ അതാ വരുന്നു; നേത്രമേ നീ വികസിക്കുക; നോക്കുക, നിന്റെ അതിഥി അതാവരുന്നു. ശരീരമേ, നിന്റെ അവസാനശ്വാസത്തോടു് പ്രേമം നിന്നെ അടുപ്പിച്ചിരിക്കുന്നു എങ്കിലും നിന്റെ ആത്മാവിനെ മുന്നോട്ടു തള്ളുക; നിന്റെ നിശിതമായ ആഗ്രഹം അതാവരുന്നു; ആ നൂതനാനന്ദത്തോടുകൂടി നീ കുഴയുക, സമ്മേളിക്കുക; വേദനിച്ചുകൊണ്ടിരുന്ന ഹൃദയത്തെ വേവിച്ച, ആ ദീൎഘമായ അസാന്നിദ്ധ്യത്തിന്റെ അവസാനം അതാവരുന്നു...... ദുഃഖത്തിന്റെ നാളുകൾ പറന്നുപോയി; ആനന്ദത്തിന്റേയും സമാധാനത്തിന്റേയും വിനാഴിക വന്നെത്തി......" ഇത്തരം ഒന്നാന്തരം പ്രേമഗാനങ്ങൾ പാരസികസാഹിത്യത്തിൽ ഒട്ടവളരെയുണ്ടു്.

പ്രാചീന എബ്രായസാഹിത്യത്തിലും പരിശുദ്ധപ്രേമത്തെക്കുറിച്ചുള്ള മധുനിഷ്യന്ദികളായ ഗാനങ്ങൾ വളരെ ഉണ്ടു്. ഇക്കൂട്ടത്തിൽ ബൈബിളിലെ "ഉത്തമഗീതം" പ്രത്യേകം പ്രസ്താവ്യമത്രേ. ഭഗവാൻ ക്രിസ്തുവും, മണവാട്ടിയായ സഭയും തമ്മിലുള്ള പ്രേമബന്ധത്തെ ഒരു കഥാരൂപേണ വ്യക്തീകരിക്കുന്നതായിട്ടാണു് ഭക്തന്മാരായ പണ്ഡിതന്മാർ ഇതിനെ വ്യാഖ്യാനിച്ചിട്ടുള്ളതു്. ഇതു് ഒരു വിശേഷാത്തരതത്വപ്രതിബിംബനകാവ്യമാണു്.

ഭാരതീയകവികൾ പ്രേമഭക്തിസ്ഫുരത്തുകളായ കാവ്യങ്ങൾ രചിക്കുന്നതിൽ അദ്വിതീയസ്ഥാനം നേടിയിട്ടുണ്ടെന്നുള്ളതു് വ്യാസൻ, കബീർ, ടാഗോർ മുതലായവരുടെ കൃതിതല്ലജങ്ങൾ പരിശോധിച്ചാൽ വ്യക്തമാകും. ഒരു കവിയെന്നനിലയിൽ അത്യധികം പ്രശസ്തി സമ്പാദിച്ചിട്ടില്ലാത്ത ശ്രീ ചിത്തരഞ്ജനദാസിന്റെ കവിതകൾ പോലും ഇതിനു് ഉത്തമദൃഷ്ടാന്തമാണു്:—

പ്രേമഭക്തിയുടെ ആത്യന്തികഭാവം നാം കാണുന്നതു് രാസലീലയിലാണു്. ഭക്തിമൂലം പരിശുദ്ധമായിത്തീൎന്ന ജീവാത്മാവിന്റെ പരമാത്മസംഗമാനന്ദാനുഭൂതിയാണു് ഗോപീലീലയിൽകൂടി പ്രത്യക്ഷീഭവിക്കുന്നതു്. അതു് വെറും കാമലീലയാണെന്നു് ചിലർ പറയാറുണ്ടു്.

"രാധാമാധവലീല ബോധരഹിത-
ന്മാരൊക്കെയും പ്രാകൃത-
പ്രാധാന്യംകലരുന്ന കാമകലയായ്-
കാണുന്നു സാധാരണം;
ദ്വൈതംവിട്ടുഥ ചിൽപ്രസാദരസിക
ന്മാരായ് മഹാഭക്തരാം-
സാധുക്കൾക്കതുചിത്തമാത്മനി രമി-
ച്ചൈക്യം ലഭിക്കുന്നതാം."

ഗോപീജനങ്ങളുടെ പ്രേമാതുരത അനന്യസുലഭമാണു്. ശ്രീകൃഷ്ണഭഗവാന്റെ മുരളികാഗീതം കേൾക്കുമ്പോൾ അവരുടെ

ഹൃദയങ്ങൾ ആ പരമാത്മാവിൻെറ സമീപത്തെത്തിക്കഴിയും. ശ്രീകൃഷ്ണൻ, ഓടക്കുഴൽ വായിക്കുന്ന ഭാവമല്ലാതെ മറെറാന്നും അവരുടെ ഹൃദയദപ്പണത്തിൽ പ്രതിഫലിക്കുന്നില്ല.

"വേണുരന്ധ്രതരളാംഗുലീദലം
താളസഞ്ചലിത പാദപല്ലവം;
തത്സ്ഥിതം തവപരോക്ഷമപ്യഹോ
സംവിചിന്ത്യ മുമുഹുർവ്രജാംഗനാം"

* * *

* * *

"തേ ഗേഹകൃത്യനിരതാ സ്തനയപ്രസക്താഃ
കാന്തോപ സേവനപരാശ്ച സരോരുഹാ-
ക്ഷ്യഃ
സവം വിസൃജ്യ മുരളീരവ മോഹിതാസ്സേ
കാന്താരദേശമയികാന്തതനോ, സമേതാഃ"

ദേശത്തെയും, കാലത്തെയും, സാമുദായികബന്ധത്തെയും, ജീവിതസൌഭാഗ്യനിദാനമായ ദാമ്പത്യധമ്മത്തെയും, ധമ്മമീമാംസകളെയും കുറിച്ച് ചിന്തിക്കാതെ, ഭഗവാനിലുള്ള ഭക്തിയാൽ മാത്രം പ്രചോദിതകളായി, ഭഗവാൻെറ ചുററും അണിനിരന്ന് ആ ഗോപസ്ത്രീകൾ നൃത്തംചെയ്യുന്നു.

"ഗാനമീശവിരതംക്രമേണ കിലവാദ്യ-
മേളനമുപാരതം
ബ്രഹ്മസാമദ രസാകലസ്സദസി കേവ-
ലം ന നൃത്തരംഗനാഃ
നാവിസന്നപിച നീവികാം കിമപി കുന്ത-
ളീമപിച കഞ്ചുളീം
ജ്യോതിഷാമപികദംബകം ദിവിവിളംബി-
തം കിമപരംബ്രുവേ."

എന്തിനധികം! ജ്ഞാനം, ജ്ഞേയം, ജ്ഞാതാ എന്നീ വ്യത്യാസങ്ങളെക്കടന്ന് പ്രേമപരമായ ഒരു നിർവികല്പസമാധിയിൽ അവർ ലയിക്കുന്നു; ഇതാണ് പ്രേമഭക്തി!!

മേല്പത്തൂർ നാരായണഭട്ടതിരി ഇതിനെക്കുറിച്ച് സ്വാഭിപ്രായം പ്രകടിപ്പിക്കുന്നതിങ്ങനെയാണ്:—

"രാഗസ്ത്വാവജ്ജായതേഹി സ്വഭാവാ-
ന്മോക്ഷോപായോ യത്നതഃ സ്യാന്നവാ-
സ്യാത്
താസാംത്വേകം തദ്വയം ലബ്ധമാസീത്."

"ഭാഗ്യം!! ഭാഗ്യം!!......" (അനുരാഗമോ, സ്വാഭാവികമായി ജനിക്കുന്നതാണല്ലോ; മോക്ഷോപായം പ്രയത്നംകൊണ്ടു് ഉണ്ടായെന്നും, ഇല്ലെന്നും വരാം; ഗോപികൾക്ക് അവ രണ്ടും ഒന്നിച്ചു സിദ്ധിച്ചു. ഹാ! അവരുടെ ഭാഗ്യം!! ഭാഗ്യം!!)

ഏതൊരു സാഹിത്യത്തിലുണ്ടു് ഇത്തരത്തിലുള്ള ഒരു പ്രേമപ്രകഷം!! ഭാരതീയരുടെ ആദ്ധ്യാത്മികചിന്തയിൽനിന്നും കിട്ടിയിട്ടുള്ള ഒന്നാന്തരം ഭക്തിസ്ഫുരത്തുകളായ ആശയങ്ങളെ, പ്രേമത്തിൻെറ കരുവിൽ രൂപം പിടിപ്പിച്ച്, അലൌകികാനന്ദസന്ദായകമാംവണ്ണം പ്രകടീകരിച്ചിരിക്കുന്നു!! ഏതാദൃശകവിതകൾ വിശ്വസാഹിത്യത്തിലെ വലിയ നേട്ടങ്ങൾ തന്നെ.

ഓണക്കിനാവ്

(തൈക്കാട്ടു ചന്ദ്രശേഖരൻനായർ)

ഓണത്തിന്നോമലേ! ചിററരുവിയി,ലരുണൻ പാശ്ചാത്യശൃങ്ഗാന്തമേറി-
ക്കാണുംമുമ്പേ, കുളിക്കാൻ മദഗജസമയാം യാന നീയെത്തിടുമ്പോൾ
പ്രാണപ്രേയാനിളംകാട്ടരികിലൊരുതളിർ ചെമ്പകച്ചോട്ടിലല്ലീ
നാണംകുന്നിച്ചുനിന്നെക്കുതുകമൊടു മിടക്കണ്ണിനാൽ കെട്ടിനിത്ത്! ൧

പ്രാതഃസ്നാനംകഴിച്ചക്കരികുഴലരയിൽ തട്ടിമുട്ടിക്കളിച്ചും,
ശ്രീതാവുംകഞ്ചുകത്തിൻ പുതുമകളുലയും സാരിവയ്യാതൊളിച്ചും,
പ്രീതിപ്പെട്ടുള്ളക്കൂട്ടുക്കിടയിലൊരു കലാറാണിയായുല്ലസിച്ചും,
നീ,താരമ്പന്റെവമ്പേ! നടതുടരുമതേമട്ടുമട്ടേററിയെന്നിൽ!! ൨

അത്തപ്പൂവിട്ടു പത്താംദിനമളിചികുരേ! വീട്ടുമുററംമുഴുക്കെ
പ്പുത്തൻപൂവാടിയാക്കും പ്രതിഭയലുതിരും കാന്തമാം കാന്തിയോടെ
വിത്തേശൻതന്ന തങ്കക്കസവണിവസനാകമ്ര കാമാംഗിയായ് നീ
ചിത്താഹ്ലാദാൽക്കനിഷ്ഠക്കതിരൊളികളുമൊത്തോടിയാടുന്ന കണ്ടേൻ! ൩

മാലേയത്തിൻമണംകൊണ്ടവിതരമുഴിയാനെത്തി പൂന്തെന്നൽ നിന്നെ,
പ്പാലൊത്തീടുംനിലാവോ സഖി,തവസഹവാസത്തിനായ് കാത്തുനിന്നു
ചാലേ ചേമന്തിചാമ്പേയവു,മലർനിരയാൽപുഞ്ചിരിച്ചു, വിശേഷാൽ
ലീലാലോലാംഗി, രാഗാവലികളിലിളകിപ്പൊന്നുഴിഞ്ഞാൽ കളിച്ചു! ൪

നീലാപാംഗംതുടുത്തു, കുറുനിരവലയംതൂന്നു മേന്മേൽ പറന്നു,
ചേലക്കുത്തൊട്ടയഞ്ഞൂ, കരതലമിഴുകിപ്പുസ്തകം പാതിചാഞ്ഞൂ;
ബാലപ്പൂമേനി,യന്തിച്ചുലസതമുഴുകിപ്പോകവേ വീട്ടിലേയ്ക്കാ-
യാലോചിക്കുന്നതാരെ—ക്കിതവനെ—യവനെ ഭാഗ്യസൗഭാഗ്യമൂർത്തി!! ൫

കണ്ണുംകാത്തുംകുളിർത്ത, നിവനയിരസികേ! രാത്രിയേകാന്തയായ് നീ
കണ്ണീർതൂകിക്കഴിച്ചു, വിധിയുടെകഠിനക്കയ്യിലല്ലയോ! പഴിക്കേ;
എണ്ണീടൊല്ലേ പുമാനെസ്ഥിരമിതിഹൃദയംനൊന്തുമൂളിക്കഴിച്ചു,
വിണ്ണോർനാരിക്കുമുള്ളിൽ പരിഭവമുതിരും സൗഭഗം സംഭവിച്ചു!! ൬

* * * * *

കാവ്യോത്സാഹംതുളുമ്പും വനികയിൽ വിരുതിൽപൂത്തുപൊങ്ങും കടമ്പേ!
നിൻവ്യാമോഹാൽപ്പുതുങ്ങും ചടുലമിഴി കപോതപ്രിയപ്പെൺതിടമ്പേ!
നിർവ്യാജം നീണ്ടുനിൽക്കാം പ്രണയപരവശം നിങ്ങൾതൻഹൃദ്യവീക്ഷാ-
ദിവ്യാനന്ദങ്ങളെന്നാൽ കപടമുലകിതിൻ ശക്തിസന്ത്യക്തമാമോ?

ചെറുകഥ.

ചിത്രകപ്രശ്നം

(എൽ. ആനന്ദവല്ലിഅമ്മ ബി. എ. ([illegible])

അന്നു ഞാൻ ആഫീസിൽനിന്നു നേരത്തേ ഇറങ്ങി. രാവിലെ പോരുമ്പോഴേ മാലതി പറഞ്ഞു, ഏഴുമണിക്കുമുൻപു വീട്ടിൽ എത്തണമെന്നു്. പറഞ്ഞതുപോലെ സമയത്തെത്തിയാൽ അവളുടെ മുഖം കുറേ സമയത്തേക്കെങ്കിലും പ്രസന്നമായി കാണാം. എന്നാൽ ഉടൻതന്നെ എന്തെങ്കിലും കാരണമുണ്ടാക്കിക്കൊള്ളും, മുഖം വീർപ്പിക്കാൻ. എന്നാലും കഴിവുള്ളിടത്തോളം അങ്ങനെയുള്ള സന്ദർഭങ്ങൾക്കു് ഇടകൊടുക്കാതിരിക്കാനാണു് എന്റെ ശ്രമം.

ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ടു രണ്ടുവർഷമായി. മധുവിധുക്കാലത്തിനുശേഷം, ഒരുദിവസമെങ്കിലും മാലതി പ്രസന്നയായിരിക്കുന്നതു ഞാൻ കണ്ടിട്ടില്ല. അവളുടെ സ്വഭാവത്തിന്റെ ഒരു പ്രത്യേകതയാണതു്. ധനത്തിലുള്ള അതിമോഹമോ, ആഡംബരഭ്രമമോ, അമിതവ്യയശീലമോ ഒന്നുമല്ല, അവൾക്കു സ്വതസിദ്ധമായിട്ടുള്ള സംശയാത്മകത്വമാണു് എന്നെ അലട്ടിയിരുന്നതു്. മാലതിക്കു മനഃക്ലേശമുണ്ടാകാതിരിക്കാനായിട്ടുള്ള എന്റെ ശ്രമങ്ങൾക്കു ഫലം എപ്പോഴും വിപരീതവുമാണു്.

ഞാൻ ടൗൺബസ്സു കാത്തുനില്ക്കുകയാണു്. അപ്പോഴേയ്ക്കും ആരോ സ്നേഹപൂർവം എന്റെ ചുമലിൽ കൈവച്ചു. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു രഘുനാഥനെയാണു്. ഞാൻ ലജ്ജിതനായിപ്പോയി. അതിനു കാരണമുണ്ടു്. ഞങ്ങൾ ആത്മസ്നേഹിതന്മാരായിരുന്നു. എന്റെ വിവാഹത്തിനു മുൻപു ഞങ്ങളെ എപ്പോഴും ഒരുമിച്ചല്ലാതെ ആരും കാണാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾക്കു് ഒരു കാര്യത്തിലും അഭിപ്രായഭിന്നതയുണ്ടായിട്ടേയില്ല. സഹോദരന്മാരില്ലാതിരുന്ന എനിക്കു് രഘുനാഥൻ ഒരനുജനായിരുന്നു. എന്റെ അമ്മ, രഘുവിനെ മകനെപ്പോലെ കരുതി. ഞങ്ങളുടെ സ്നേഹബന്ധം ഒരിക്കലും ശിഥിലമാകുന്നതല്ലെന്നു ഞങ്ങൾ ഉറപ്പു പറഞ്ഞിരുന്നു. എന്നാൽ ഇന്നോ? രണ്ടുവർഷത്തിനുശേഷം അന്നാണു ഞാൻ എന്റെ രഘുവിനെ കാണുന്നതു്. രഘുവിന്റെ ഉദ്യോഗസ്ഥലം ദൂരെയായതുകൊണ്ടാണു കാണാഞ്ഞതെന്നു പറയാൻ നിവൃത്തിയില്ല. അന്നും അങ്ങനെ ആയിരുന്നില്ലേ? രഘു എനിക്കയച്ച എഴുത്തുകൾക്കൊന്നും ഞാൻ മറുപടിപോലും അയച്ചിട്ടില്ല. അയയ്ക്കാൻ സാധിച്ചിട്ടില്ല. ഒരുദിവസം രഘുവിന്റെ ഗുണഗണങ്ങൾ വർണ്ണിച്ചു ഞാൻ മാലതിയോടുപറഞ്ഞു. കുറേക്കഴിഞ്ഞു്, ഉദാസീനയായി അവൾ പറഞ്ഞ മറുപടി എനിക്കോർമ്മയുണ്ടു്; "ഓ, എന്തിനാണയാളെ ഇത്രയെല്ലാം പുകഴ്ത്തുന്നതു്. അയാൾക്കു സുന്ദരിയായ ഒരു സഹോദരിയുണ്ടെന്നു കേട്ടിട്ടുണ്ടു്. ആദ്യമേ അതു മതിയായിരുന്നില്ലേ? പിന്നെന്തിനിതിനൊക്കെ വന്നു?"

ഞാൻ അമ്പരന്നുപോയി. കഷ്ടം! രഘുവിനു് ഒരു സഹോദരിയുണ്ടു്. അതു് പരമാൎത്ഥം. ശാന്ത. അഴകുള്ള പെൺകുട്ടിയാണവൾ. ഹൃദയനൈൎമ്മല്യം ഉടലെടുത്ത ഒരു മോഹനരൂപം. അവളുടെ അനുഗൃഹീതമായ സംഗീതപാടവം, പലപ്പോഴും എന്നെ അളവില്ലാതെ ആനന്ദിപ്പിച്ചിട്ടുണ്ടു്. എന്നാൽ, അവളെ വിവാഹം കഴിക്കാമായിരുന്നുവെന്നു മാലതി പറഞ്ഞപ്പോഴേ ഞാനോൎമ്മിച്ചുള്ളു. ശാന്തയെ ഒരന്യയുവതിയാണെന്നു്—എന്റെ സഹോദരിയല്ലെന്നു്—കരുതുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണു് അങ്ങനെ ഒരാലോചനപോലുമുണ്ടാകാഞ്ഞതു്. അങ്ങനെയായിരുന്നെങ്കിൽ! എന്നു ഞാനപ്പോൾ വിചാരിച്ചു. പിന്നീടു രഘുവിനെപ്പററി മാലതിയുടെ സാന്നിദ്ധ്യത്തിൽ ഞാൻ ഒരക്ഷരവും മിണ്ടിയിട്ടില്ല. പിന്നെ ഞാനെങ്ങനെ അയാൾക്കെഴുതും? എന്തെഴുതും? മനസ്സാക്ഷിയെ വഞ്ചിച്ചിട്ടു്. അങ്ങനെ എത്ര സ്നേഹിതന്മാരാണു് ഇപ്പോൾ എനിക്കു് നഷ്ടപ്പെട്ടുപോയതു്!

“രവീ! എന്നെ മറന്നു. ഇല്ലേ?” ഒരപരാധിയെപ്പോലെ ഞാൻ രഘുവിന്റെ മുഖത്തു നോക്കി. എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല.

“രവീ! എന്റെ ചേട്ടത്തിയെങ്ങനെയാണു്? ഒരുദിവസം കാപ്പിക്കെങ്കിലും ക്ഷണിക്കണ്ടേ? അതൊന്നുമില്ല. രണ്ടുപേരുംമാത്രം മതിയെന്നോ എപ്പോഴും? ഞങ്ങളെയൊക്കെ പാടേ മറന്നുവെന്നു് അമ്മയും പരിഭവം പറയുന്നതു കേട്ടു.”

ഞാനെന്തുപറയാനാണു് ആ അമ്മ സ്നേഹസ്വരൂപിണിയാണു്. അപരാധിയായ ഞാൻ എങ്ങനെ അവരുടെ മുഖത്തു നോക്കും? അല്ലെങ്കിൽ—എങ്ങനെയാണവിടെ പോകുക! ശാന്തയുണ്ടവിടെ, അവിടെ പോയെന്നെങ്ങാനും മാലതി അറിഞ്ഞാൽ, പിന്നത്തെ കഥ പറയാനുമില്ല. എല്ലാപേരുടേയും മുൻപിൽ ഞാൻ അപരാധിയാണെന്നു നൂറുപ്രാവശ്യം സമ്മതിക്കാം. എന്നാൽ, കുടുംബകലഹത്തിനു കാരണമുണ്ടാക്കാൻ—അതും കാൎയ്യമില്ലാതെ—ഞാനിഷ്ടപ്പെടുന്നില്ല. മാലതിയുടെ ഈ ദുസ്സ്വഭാവം മാറേറണ്ടതാണെന്നെനിക്കറിയാം. എങ്കിലും, എന്തോ ഒരു ഭീതി. എനിക്കു് മാലതിയെ ഭയമാണെന്നു് എല്ലാപേരും പറയുന്നുണ്ടു്. എന്നാൽ അതു ഞാൻ പരസ്യമായി സമ്മതിക്കുന്നുമില്ല. എന്തിനു വെറുതേ കലഹമുണ്ടാക്കുന്നു?

“രഘൂ! ജോലിത്തിരക്കുകൊണ്ടു് എഴുത്തെഴുതാൻ സാധിക്കാഞ്ഞതാണു്. മാലതി തനിയെയാണു വീട്ടിൽ. അതുകൊണ്ടു് അമ്മയെ കാണാൻ വരാനും സാധിച്ചില്ല. മാലതിയേയും കൂട്ടിക്കൊണ്ടു വരാമെന്നു വിചാരിക്കുകയാണു്. പക്ഷേ എന്തുചെയ്യും? അവൾക്കു് ഒരു ദിവസവും സുഖമില്ല.”

അതൊരു പച്ചക്കള്ളമായിരുന്നു. സൗന്ദൎയ്യമുള്ള പെൺകുട്ടികളുള്ള വീടുകളിൽ—അതും എനിക്കു നേരത്തേ പരിചിതരാണെന്നറിഞ്ഞാൽ—മാലതി വരുകയേയില്ല. അതിനു ഞാനവളെ നിർബ്ബന്ധിക്കാറുമില്ല, അതെ. എന്നിട്ടുവേണം അതിനൊരു ദുർവ്യാഖ്യാനം സൃഷ്ടിച്ചെടുക്കുവാൻ!

“രവീ! നമുക്കൊന്നു തീയേററിലേക്കു പോകാം. ‘ഹോളി’യാണു്, കർഷീദും സി

റാറായും മററുമഭിനയിച്ചതു്. വരു. എത്ര നാളായി നാം ഒരുമിച്ചു സിനിമ കണ്ടിട്ടു്. തിരിയെ ഞാൻകൂടെ വീട്ടിലേക്കു വരാം. നമുക്കു് ഈ സിനിമയെപ്പററി പറഞ്ഞു ചേട്ടത്തിയെ അസൂയ പിടിപ്പിക്കണം. വരുരവീ! തടസ്സമൊന്നും പറയണ്ട."

ഞാനൊന്നും പറഞ്ഞില്ല. നേരത്തെ വീട്ടിലെത്താനായിരുന്നു എൻെറ ആഗ്രഹം. രഘുവിനെ കണ്ടതുകൊണ്ടു് അതു സാധിച്ചില്ല. പോരെങ്കിൽ ഇപ്പോൾ സിനിമ കാണണമെന്നു്. സിനിമ കഴിഞ്ഞു രാത്രി പത്തുമണിക്കുശേഷം വീട്ടിൽ ചെല്ലുമ്പോൾ—ഞാൻ ആ രംഗം കാണുന്നു—കരഞ്ഞു കരഞ്ഞു് ഒരു സമുദ്രംതന്നെ നിർമ്മിച്ചുകൊണ്ടു മാലതി അവിടെ കിടക്കുന്നുണ്ടാവും. നിരാഹാരവ്രതമാണെന്നു തീർച്ച. ആ സത്യാഗ്രഹം കാണാതെ കഴിക്കാനാണു് എൻെറ ശ്രമം. പക്ഷേ—വളരെക്കാലം കൂടികാണുന്ന എൻെറ രഘുവിൻെറ അപേക്ഷ നിരസിക്കുക! അതെങ്ങനെ? തിരിയെ രഘുവും വീട്ടിലേക്കു വരുമെങ്കിൽ, അവൾ തീർച്ചയാക്കും, ഞാൻ ശാന്തയെ കാണാനാണു പോയിരുന്നതെന്നു്. ഞാൻ വല്ലാത്ത ധർമ്മസങ്കടത്തിലായി.

കുറേക്കാലമായി സിനിമ കണ്ടിട്ടു്. 'ഹോളി' നല്ല ചിത്രമാണെന്നു കേട്ടു. മാലതിയെ കൂട്ടിക്കൊണ്ടുപോകാൻ നിവൃത്തിയില്ല. അവൾ പൂർണ്ണഗർഭിണിയാണു്. ഭാര്യയുടെ 'ചൊല്പടി'യിൽ നടക്കുന്ന ഒരു പുരുഷനാണു ഞാനെന്നു പലരും കരുതുന്നുണ്ടു്. ആ ബന്ധനത്തിൽനിന്നും അല്പനേരമെങ്കിലും ഒഴിഞ്ഞിരിക്കുവാൻ കൊതിക്കുന്ന ഒരു സ്വാതന്ത്ര്യഹൃദയം എനിക്കുമുണ്ടെന്നു് അവരെങ്ങനെ അറിയാനാണു്?

രഘു എന്നെ പിടിച്ചുവലിച്ചു, "വരു. ചേട്ടത്തിയോടു ഞാൻ സമാധാനം പറഞ്ഞുകൊള്ളാം. ഇങ്ങനെ അനുസരണയുള്ള ഒരു ഭർത്താവിനെ കിട്ടിയ ചേട്ടത്തി ഭാഗ്യവതിതന്നെ."

എൻെറ ജീവിതഗ്രന്ഥം തുറന്നു രഘുവിനെ കാണിക്കാൻ ഞാനാശിച്ചു. പക്ഷേ, ധൈര്യം വന്നില്ല. അല്ലെങ്കിലെന്തിനു്, ആ രഹസ്യങ്ങൾ പുറത്താക്കുന്നു? മൗനമായി സർവ്വവും സഹിക്കുകയല്ലേ ധർമ്മം?

ബസ്സിൻെറ ഇരമ്പൽകേട്ടു. "രവീ! അതാ ബസ്സുവരുന്നു. വലിയ തിരക്കാണെങ്കിലും നമുക്കു സീററു കിട്ടും. വരു. 'ഓവർബ്രിഡ്ജിൽ' ഇറങ്ങിനടക്കാം."

രഘു എന്നെ പിടിച്ചു വലിച്ചുകൊണ്ടു നടന്നു. ഞങ്ങൾ ബസ്സിൽ ചാടിക്കയറി. അകത്തേക്കു കടക്കാനുള്ള വാതായനത്തിനു മുകളിൽ കഷ്ടിച്ചു നില്ക്കാൻമാത്രമേ സ്ഥലം കിട്ടിയുള്ളു. ബസ്സു പോകുന്നതെങ്ങോട്ടാണെന്നോ, അതിൽ ആരൊക്കെയുണ്ടെന്നോ ഞാനറിഞ്ഞില്ല. രാത്രി വീട്ടിലെത്തുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന ഭയങ്കരരംഗമാണു ഞാൻ സ്വപ്നം കണ്ടതു്. വഴിയിൽ ബസ്സു നിന്നു. പതിവുയാത്രക്കാർക്കുവേണ്ടി നിറുത്തിയതാണു്. രണ്ടുമൂന്നു പേർ അവിടെ ഇറങ്ങാനുണ്ടായിരുന്നു. ഒരു യുവതിയുമുണ്ടു് ആ കൂട്ടത്തിൽ. എന്നും രാവിലെ ആ സ്ഥലത്തുനിന്നും ബസ്സിൽ കയറാറുള്ള ഒരു പതിവുയാത്രക്കാരിയായിരുന്നു അതു്. ഞാൻ വളരെ പണിപ്പെട്ടു വഴി മാറിക്കൊടുത്തു. അതിനിടയ്ക്കു വെളിയിൽനിന്നും ആളുകൾ തിങ്ങിക്കൂടി. അതുകൊണ്ടു് ആ യുവതിക്കു്

ഇറങ്ങുവാൻ വളരെ വിഷമിക്കേണ്ടിവന്നു. പക്ഷേ, ആ തിക്കും തിരക്കും അവൾക്കും പരിചിതമായതുകൊണ്ടു്, പിറുപിറുപ്പും, അസുഖപ്രകടനവും കൂടാതെതന്നെ അവൾ ഞെങ്ങിഞെരുങ്ങി താഴെ ഇറങ്ങി. അതൊക്കെ ഞാൻ കണ്ടുവെന്നല്ലാതെ എനിക്കു വ്യക്തമായി ഒന്നും അറിയാൻ കഴിഞ്ഞില്ല. മാലതിയും അവളുടെ കരഞ്ഞുവിങ്ങിയ മുഖവും ഞാൻ കണ്ടുകൊണ്ടിരുന്നു. ബസ്സുനിന്നു. രഘു എന്നെ പിടിച്ചു കുലുക്കിവിളിച്ചു. ഞാൻ മാന്ത്രികശക്തിയാലെന്നപോലെ രഘുവിനെ അനുഗമിച്ചു. വാസ്തവത്തിൽ മാലതിയെ ഭയന്നിട്ടല്ല. അഭിമാനബോധവും അവമാനഭീതിയും ആണു് എന്നെ ഭീരുവാക്കിയതു്. ഞങ്ങളുടെ ദാമ്പത്യജീവിതം, ആനന്ദപൂർണ്ണവും ആദർശയോഗ്യവുമാണെന്നു് എല്ലാപേരെയും അറിയിക്കുവാൻ ഞാനാശിച്ചു. അതിനുവേണ്ടി ഏതു ത്യാഗവും സഹിക്കാൻ തീർച്ചയാക്കി.

ഞങ്ങൾ തീയേററിലെത്തി. മദ്ധ്യേമാർഗ്ഗം ചില പഴയ സ്നേഹിതന്മാരെകണ്ടു, “അല്ലാ, ഇതാരു്? വെളിയിലൊക്കെ കാണുമോ? ‘മദാമ്മ’ എങ്ങനെ വിട്ടയച്ചു?” ഈ പ്രശ്നങ്ങൾക്കു മറുപടിയായി ഞാൻ മന്ദഹസിച്ചതേയുള്ളു. ഹൃദയത്തിന്റെ അടിത്തട്ടിൽ തീവ്രവിഷാദം അലതല്ലി.

സിനിമ കണ്ടു. അല്ല, കണ്ടെന്നു നടിച്ചു. അതിലെ ‘കോകില’യുടെ കോമളമുഖവും, ചമ്പയുടെ നിഷ്കപടമായകുട്ടിക്കളികളും കാണുമ്പോൾ, മാലതിയുടെ കോപകലുഷമായ കണ്ണുകൾ എന്നെ തുറിച്ചുനോക്കി. മാധുര്യം വഴിഞ്ഞൊഴുകുന്ന ആ മോഹനഗാനങ്ങളുടെ പശ്ചാത്തലസംഗീതം പോലെ, മാലതിയുടെ വിങ്ങിവീർപ്പുമുട്ടുന്ന കരച്ചിൽ ഞാൻ കേട്ടു. എനിക്കൊരു രസവും തോന്നിയില്ല. രഘുവിനു് അത്ഭുതം തോന്നിയിരിക്കും. ഓരോരുത്തരും അഭിനയിക്കുന്ന രസങ്ങൾ, അനുഭവിച്ചു രസിച്ചു്, അപ്പോഴപ്പോൾ അഭിനന്ദനശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്ന ഞാൻ, മൂകനായി വെറും അരസികനെപ്പോലെ ഇരുന്നതു രഘുവിനെ വിസ്മയവിവശനാക്കിയിരിക്കും. എന്നാൽ എന്തുചെയ്യാം. എനിക്കു രസംതോന്നിയില്ല. പിന്നെ ഞാൻ രസിക്കുന്നതെങ്ങനെ?

സിനിമ കഴിഞ്ഞു ഞങ്ങൾ വെളിയിലിറങ്ങി. രഘു എന്നോടൊപ്പം വരുന്നുവെന്നുള്ളതായിരുന്നു പിന്നീടുള്ള എന്റെ ഭയം. ഭാഗ്യത്തിനു്, രഘുവിന്റെ ഒരു ജ്യേഷ്ഠനെ അവിടെവച്ചു കണ്ടു. ആദ്ദേഹം നിർബന്ധപൂർവ്വം രഘുവിനെ കൂട്ടിക്കൊണ്ടുപോയി. ‘നാളെകാണാം’ എന്നുപറഞ്ഞു രഘു വ്യസനപൂർവ്വം പിരിഞ്ഞു. അതൊരു അപൂർവ്വാനുഗ്രഹമാണെന്നു ഞാൻ കരുതി. ഞാൻ ഒരു പാവയെപ്പോലെ നടന്നു. നടന്നില്ല, എന്റെ കാലുകൾ എന്നെ മുന്നോട്ടു വലിച്ചുകൊണ്ടുപോയി.

കുറെ അധികം നടന്നിട്ടും, വീട്ടിലേക്കുള്ള ദൂരം അവസാനിക്കുന്നില്ലെന്നു തോന്നി. എന്തിനു ഞാൻ സിനിമയ്ക്കുപോയി? സമാധാനമായി വീട്ടിൽ ഇരിക്കായിരുന്നില്ലേ? രഘുവിന്റെ നിർബന്ധം. രഘുവിന്റെ സ്നേഹം നഷ്ടമാകുമെന്നല്ലേ? അതുപോലെ എത്രപേർ എന്നെ ഇപ്പോൾ വെറുക്കുന്നു! അതിനു കാരണമായ പരിതഃസ്ഥിതികൾ എന്റെ സ്മരണയിലെത്തി.

ഒരുദിവസം, ഒരു തേയിലസൽക്കാരത്തിനു മാലതിയുമൊന്നിച്ചു് എനിക്കു പോകേണ്ടിവന്നു. അവിടെ എന്റെ സഹപാഠി

കളായ ചില യുവതികളും സന്നിഹിതരായിരുന്നു. മിസ്സസ്സ് രവീന്ദ്രനെ പരിചയപ്പെട്ടുത്തണമെന്നു പറഞ്ഞു് അവരൊക്കെ ചുററിക്കൂടി. മാലതിയുടെ സന്നിധാനത്തിൽ അവരോടു സംസാരിക്കാൻ എനിക്കു ഭയമായിരുന്നു. എന്നാൽ പുരുഷത്വമില്ലെന്നുപറഞ്ഞു് ആരും എന്നെ പരിഹസിക്കുകയില്ല. മിക്ക പുരുഷന്മാരുടേയും അവസ്ഥ അതുതന്നെയാണ്. ആത്മാർത്ഥതയുടേയും ഉദ്ദേശശുദ്ധിയുടേയും പേരും പറഞ്ഞു മററുള്ളയുവതികളോടു അവർ പ്രദർശിപ്പിക്കാറുള്ള 'ഷിവൽറി'എപ്പോഴും സ്തുത്യർഹമായിരിക്കും. പക്ഷേ, ഉത്തമാർദ്ധത്തിൻെറ സാന്നിദ്ധ്യത്തിൽ, ആ യുവതികളെല്ലാം അവർക്കു വെറും അപരിചിതരാണ്. സ്വന്തം വീട്ടിലാണെങ്കിലും, ഔപചാരികമായിട്ടുപോലും അവർ പരിചയം ഭാവിക്കുവാൻ മടിക്കും. 'ഷിവൽറി'യുടെ അസ്തമനം അവിടെയാണ്. അതുകൊണ്ടു് എൻെറ അവസ്ഥ പ്രത്യേകിച്ചു പരിഹാസ്യമാകുന്നില്ല. അന്നുരാത്രി ഞാൻ അനുഭവിക്കേണ്ടിവന്ന ക്ലേശം! ശിവ! ശിവ! ഏതായാലും ആ യുവതികൾ അതറിഞ്ഞിട്ടില്ലെന്നുമാത്രം സമാധാനമുണ്ടു്.

അങ്ങനെ എൻെറ സ്നേഹിതകൾ, സഹപാഠികളായ യുവതികൾ, എൻെറ ബന്ധുക്കളായ സ്ത്രീകൾപോലും എന്നെ അധിക്ഷേപിക്കുകയും വെറുക്കുകയും ചെയ്യേണ്ടിവന്നു. അതുപോലെയല്ലേ രഘുവും? പോകേണ്ടായിരുന്നു. എൻെറ ഹൃദയം തുടിച്ചു. "അതുപോലെയാണോ എൻെറ രഘു. എൻെറ ആത്മസഖാവ്. ഒരു കാലത്തു് എൻെറ 'ബഹിശ്ചരപ്രാണവായു' ആയിരുന്ന രഘുനാഥൻ!" ഞാൻ ആ കാലമെല്ലാം വിസ്മരിക്കാൻ ശ്രമിച്ചു. വല്ലവിധവും വീട്ടിലെത്തി.

ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലെയുള്ള രംഗംതന്നെയാണ് അവിടെ കണ്ടതു്. മാലതി കിടന്നു വിങ്ങിവിങ്ങി കരയുന്നു. ഞാൻ മെല്ലെ വിളിച്ചു, "ലതീ! എണീക്കൂ." അവൾ മിണ്ടിയില്ല. ഏങ്ങലിൻെറ വേഗത കൂടിയതേയുള്ളു. ഞാൻ കിടക്കയിലിരുന്നു് അവളെ പിടിച്ചു കുലുക്കി. മുഖം പിടിച്ചു തിരിച്ചു. അവൾ ശക്തിയോടുകൂടി എൻെറ കൈകൾ തട്ടി എറിഞ്ഞു. എൻെറ സാന്ത്വനവചസ്സുകളെല്ലാം വിഫലമായി. എൻെറ ആത്മാഭിമാനം എന്നെ ഉണർത്തി. കുളിക്കാനും ഊണുകഴിക്കാനുമായി ഞാനെണീററു വസ്ത്രം മാറി. മാലതിയുടെ ഈ ദുസ്സ്വഭാവം എന്നെ വല്ലാതെ വിഷമിപ്പിച്ചു. സ്വർല്ലോകസൗഖ്യം സ്വപ്നം കണ്ടുകൊണ്ടാണ്, അഭ്യസ്തവിദ്യയല്ലെങ്കിലും, സാമാന്യം സുന്ദരിയും ധനികയുമായ മാലതിയെ ഞാൻ പരിണയിച്ചതു്. എന്നാൽ ഒരു യാചകനു ലഭിക്കുന്നത്ര മനസ്സുഖംപോലും എനിക്കു ലഭിച്ചിരുന്നില്ല. ഞാൻ എന്നെത്തന്നെ ശപിച്ചു. അച്ഛനമ്മമാരുടെ അതിലാളനകൊണ്ടു വഷളായ മാലതിയുടെ ഈ സ്വഭാവം ഉപദേശംകൊണ്ടു മാററാമെന്നു് ആശിക്കയേ വേണ്ടെന്നെനിക്കു തോന്നി. ആ സ്വഭാവം അവളോടുചേർന്നു ലയിച്ചുപോയി. എൻെറ ഹൃദയം മരുന്നമായി കേഴുകയായിരുന്നു. കുടുംബജീവിതത്തിൽ പ്രശാന്തമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ ഞാൻ മനഃപൂർവ്വം ആശിച്ചു. ഫലം വിപരീതം. ഞാൻ വിധിയെ പഴിച്ചു.

കുളിയും ഊണും ഒരുവിധം കഴിച്ചു. വീണ്ടും മുറിയിൽ എത്തിയപ്പോൾ മാലതി എണീററിരിക്കുകയാണ്. അവൾക്കു പതിവുള്ള 'പാക്കററു പരിശോധന' നടത്തി

ക്കഴിഞ്ഞു എന്നു എനിക്കു മനസ്സിലായി. കോപവും ഗർവ്വും സ്ഫുരിക്കുന്ന അവളുടെ നോട്ടം, എന്നെ രഹസ്യമായി വിറപ്പിച്ചു. അവൾ ഉഴറി, "എവിടെയായിരുന്നു ഇതേവരെ? നേരത്തേ വരണമെന്നു അപേക്ഷിച്ചതുകൊണ്ടായിരിക്കാം ഇന്നു ഇത്രയും താമസിച്ചതു്. എനിക്കു സുഖമില്ലെങ്കിൽ മററുള്ളവർക്കെന്തു്? അനുഭവിക്കാനുള്ളതു ഞാനല്ലേ? മററുള്ളവർക്കെവിടെ വേണോ പോകാം. ചിരിക്കാം. രസിക്കാം."

എൻെറ ക്ഷമ നശിച്ചു, "നിറുത്തു ലതി! എന്തിനിതൊക്കെ പുലമ്പുന്നു? എൻെറ ഒരു കൂട്ടുകാരൻെറ നിർബ്ബന്ധംകൊണ്ടു ഞാനും സിനിമ കാണാൻപോയി. എനിക്കറിയാമായിരുന്നു ലതി ലഹളകൂട്ടുമെന്നു്."

"അതെ. ഞാനൊരു ലഹളക്കാരി. എന്നെക്കാൾ സ്നേഹമുള്ള കൂട്ടുകാരനോ കൂട്ടുകാരിയോ ഉള്ളപ്പോൾ ഞാനെന്തിനു പരിഭവിക്കണം? അല്ലെങ്കിൽ പരിഭവിച്ചാൽതന്നെ എന്താണു്? സിനിമാ, നാടകം, പാട്ടുകച്ചേരി എന്തെല്ലാം? എനിക്കറിയാം സിനിമയ്ക്കല്ല പോയതെന്നു്."

"എൻെറ ലതീ! എപ്പോഴും ഇങ്ങനെ അസംതൃപ്തയായി കഴിയുന്നതു് ഇത്ര രസമാണോ? സന്തോഷത്തോടുകൂടി ജീവിക്കുന്നതു ലതിയ്ക്കിഷ്ടമല്ലേ?"

അവൾ ഒന്നു ചൊടിച്ചു. എണീററു കോട്ടുസ്റ്റാൻറിൽ തൂക്കിയിരുന്ന എൻെറ ജൂബ്ബാ നിർദ്ദയം വലിച്ചെടുത്തുകൊണ്ടുവന്നു. എന്തിനാണതെന്നു് എനിക്കു മനസ്സിലായില്ല. അതു നിവർത്തി, ഒരുഭാഗം എടുത്തു കാണിച്ചിട്ടു് അവൾ സരോഷം ചോദിച്ചു, "എന്താണിതു്? സൂക്ഷിച്ചുനോക്കണം. അകപ്പെട്ടു. ഇനി എന്തുപറഞ്ഞാണു രക്ഷപ്പെടുന്നതെന്നു കാണട്ടെ. നിലാവുണ്ടെന്നു പറഞ്ഞു വെളുക്കുവോളം മോഷ്ടിക്കാമോ? പറയണം. ഇതെങ്ങനെ കിട്ടിയെന്നു്?"

ഞാൻ നോക്കി. ഒന്നുകൂടെ നോക്കി. എന്താണതെന്നു എനിക്കു മനസ്സിലായില്ല. ചുവന്ന നിറത്തിൽ ഒരു ചെറിയ ചന്ദ്രക്കലയും അതിനു മുകളിലായി ഒരു നക്ഷത്രവും. ഞാൻ അത്ഭുതപരവശനായി അവളോടു ചോദിച്ചു, "എന്താണു ലതീ അതു്? എനിക്കറിഞ്ഞുകൂടാ. പറയൂ, എന്താണെന്നു്."

"എന്താണെന്നു ഞാൻ പറയണം. അല്ലേ? അതേ, പറഞ്ഞുതരാം. ഇതു ഒരു യുവതിയുടെ തിലകമാണു്. പുതിയ പരിഷ്കാരമാണിതു്. സിനിമയിലും ഇതു കണ്ടിട്ടില്ല, അല്ലേ? ചന്ദ്രക്കലയും നക്ഷത്രവും. ജൂബ്ബായിൽ ഏതുഭാഗത്താണെന്നും പറഞ്ഞുതരാം. നെഞ്ചോടുചേർന്നിടതുഭാഗത്തു്. മതിയോ? ഇനിയും കള്ളം പറയാൻ ഭാവമുണ്ടോ? കള്ളനെ തൊണ്ടിയോടുകൂടി പിടിച്ചു. രക്ഷപ്പെടാൻ മാർഗ്ഗമൊന്നുമില്ല. വെറും തിലകമാണെങ്കിൽ, ആത്മസ്നേഹിതന്മാർക്കാർക്കെങ്കിലും അതിതീവ്രമായ തലവേദനയുണ്ടായെന്നോ, അപ്പോൾ നെററിത്തടം നെഞ്ചോടു ചേർത്തമർത്തിയെന്നോ മററോ പറഞ്ഞു് ഒഴിയാമായിരുന്നു. ഇനി എന്തു ചെയ്യും? ഈ പൊട്ടു് പുരുഷന്മാരുടേതല്ല. എന്നാൽ അവളോടു്—ആ ഭാഗ്യവതിയോടു്—പറയായിരുന്നില്ലേ, ചമഞ്ഞൊരുങ്ങിയപ്പോൾ വെറും പൊട്ടു് മതിയായിരുന്നെന്നു്. ഹാ! ഇതും കാണേണ്ടിവന്നല്ലോ. ഈശ്വരാ!" അവൾ വിങ്ങിക്കരയാൻ തുടങ്ങി.

എനിക്കു ഒന്നും തോന്നിയില്ല. അതൊരു തിലകമാണെന്നോ? അങ്ങനെയൊന്നു ഞാൻ കണ്ടിട്ടേയില്ല. സിനിമയിൽ കണ്ടിട്ടില്ലേയെന്നു മാലതി ചോദിക്കുന്നു. അതും കണ്ടിട്ടുള്ളതായി ഞാൻ ഓക്കുന്നില്ല. കഷ്ടം! പെൺകുട്ടികളോടൊന്നും ഞാൻ സംസാരിക്കാറുതന്നെയില്ല. ഇങ്ങനെയൊരു ചിത്രകവും കണ്ടിട്ടില്ല. മാലതി പറയുന്നു, ശരിയാണെന്നു സമ്മതിക്കുന്നു, കരയുന്നു. ഞാനെന്തു ചെയ്യും? സമാധാനിപ്പിക്കുവാൻ എനിക്കറിഞ്ഞുകൂടാ. അതെങ്ങനെ എന്റെ ഉടുപ്പിൽ വന്നുവെന്നറിയാമെങ്കിലല്ലേ സാന്ത്വനപ്പെടുത്താൻ വഴിയുള്ളു. എന്തു പറഞ്ഞാലും വിശ്വസിക്കാത്ത മാലതിയെ ഞാൻ എന്തുപറഞ്ഞു സമാശ്വസിപ്പിക്കും! എനിക്കു എന്നെത്തന്നെ വിശ്വാസം തോന്നിയില്ല. ഇതെങ്ങനെ എന്റെ ജുബ്ബായിൽ പതിഞ്ഞു?

ഞാൻ വളരെയൊക്കെ പറഞ്ഞു. സത്യംചെയ്തു പറഞ്ഞു. പക്ഷേ അവളൊന്നും വിശ്വസിച്ചില്ല. സിനിമ കാണാൻ പോയെന്നു പറഞ്ഞതുപോലും വിശ്വസിച്ചില്ല. ഞാൻ പോയി കിടന്നു. ഉറക്കം വന്നില്ല. മാലതിയുടെ പ്രലപനങ്ങളിൽ അസുഖം പ്രകടിപ്പിച്ചിരുന്ന എനിക്ക്, അന്നു അവൾ പറഞ്ഞതോരോന്നും അർത്ഥപൂർണ്ണമാണെന്നു തോന്നി. പക്ഷേ അതെങ്ങനെ എന്റെ ജുബ്ബായിൽ പതിഞ്ഞു? ആ പ്രശ്നം ഉത്തരമില്ലാതെ തന്നെ ശേഷിച്ചു.

ഞാൻ ഉറങ്ങി. മാലതി ഉറങ്ങുകയാണെന്നു ബോദ്ധ്യമായതിനുശേഷമേ ഞാൻ ഉറങ്ങിയുള്ളു.

രാവിലെ മാലതിയാണ് എന്നെ ഉണർത്തിയത്. സാധാരണയായി രാവിലെ അവൾ എന്നോടു വിരോധം ഭാവിക്കാറില്ല. അതെനിക്കാശ്വാസമാണ്. സുശാന്തമായ മനസ്സോടുകൂടെ ആഫീസിലേക്കു പോകാമല്ലോ. തലേന്നാളത്തെ വിരോധവും അസുഖവും അവൾ വിസ്മരിച്ചതുപോലെ തോന്നി. അതു വീണ്ടും പൊക്കിയെടുത്തു സമാധാനം നശിപ്പിക്കാൻ ഞാൻ തുനിഞ്ഞതുമില്ല. മാലതി പതിവുപോലെ പ്രസന്നത അവലംബിച്ച് എന്നെ ആഫീസിലേക്കു യാത്രയാക്കി.

സമയത്തുതന്നെ ഞാൻ ബസ്സ്സ്റ്റാൻറിലെത്തി. ബസ്സു തയ്യാറായി നില്ക്കുകയായിരുന്നു. ഞാൻ വേഗം അതിൽ ചാടിക്കയറി. ബസ്സ് ഇളകി. എന്തൊക്കെയായിട്ടും, തലേദിവസത്തെ വിഷമപ്രശ്നം എന്നെ അലട്ടിക്കൊണ്ടിരുന്നു. ഞാൻ അവിടെ ഒരു സീററിൽ സ്ഥാനം പിടിച്ചു.

ഓരോ സ്ഥലത്തും കാത്തുനില്ക്കുന്ന പതിവുയാത്രക്കാരെ കയററാൻ ബസ്സു നിന്നു. ഒരു മാവിൻചുവട്ടിൽനിന്നും ചില യുവതികളും കയറി. അവർക്കിരിക്കാൻ ഒഴിച്ചിട്ടിട്ടുള്ള സീററിൽ അവർ ഇരുന്നു. ബസ്സ് ഇളകിത്തുടങ്ങിയപ്പോൾ ഞാൻ അങ്ങോട്ടേക്കു നോക്കി. യാദൃച്ഛികമായി നോക്കിയതാണ്. വലിയ തിരക്കില്ലാതിരുന്നതുകൊണ്ട് അവരെ എനിക്കു കാണാമായിരുന്നു. അവരിൽ ഒരാളുടെ ലലാടത്തിൽ ഒരു ചന്ദ്രക്കലയും അതിനു മുകളിൽ ഒരു നക്ഷത്രവും. ഞാൻ ഒരിക്കൽകൂടെ സൂക്ഷിച്ചു. ഹാ! എനിക്കു മുഴുവനും വ്യക്തമായി. ആ 'ചിത്രകപ്രശ്ന'ത്തിനു ശരിയായ സമാധാനം കണ്ടുപിടിച്ചു. ആ യുവതിയായിരുന്നു തലേദിവസം ഞങ്ങളോടൊന്നിച്ചു ബസ്സിലുണ്ടായിരുന്നതു്. മിക്കവാറും ഒരുമിച്ചാണു യാത്രചെയ്തിരുന്ന

ആഹുതി

(പട്ടം എൻ. ഗോപാലൻ നായർ ബി. എ. ബി. എൽ.)

എത്രയോകാലമായ് ബലിവേദിയിൽ
മർത്ത്യരക്തമൊഴുക്കിയെന്നാകിലും
പൃഥ്വിയിൽ നാംകിനാവുകാണുംമഹൽ-
സ്വർഗ്ഗരാജ്യമുദിച്ചില്ലയിപ്പൊഴും!
ധീരയോദ്ധാക്കൾ തൻഹൃദയത്തിലെ-
ച്ചോരനിത്യവുമൂററിക്കുടിക്കിലും,
ദാഹമാറാതെവീണ്ടും കരാളമാം
വായ്പിളർന്നലറീടുന്ന,ടർക്കളം.
കഷ്ടം,മീമഹായജ്ഞങ്ങളേതിലും
തുഷ്ടിയാളാത്ത ദേവതയാരഹോ?
  അന്തമില്ലാത്ത പാവകജ്ജ്വാലയിൽ
വെന്തുനീറിപ്പിടയുന്നു ഭൂതലം.
എണ്ണമററനരബലിയൊക്കെയും
മന്നിനെശ്ശുദ്ധമാക്കുവാനാണുപോൽ;
നിത്യശാന്തിതൻ മാല്യമണിയിച്ചു-
മർത്ത്യനുൽക്കർഷമേകുവാനാണുപോൽ.
നാശമാണെങ്കിലു,മിതിൽ പിന്നിലൊ-
രാശതൻകാന്തികാണുന്നു മാനുഷൻ.
ഇന്നുകാണും തിമിരപ്പടപ്പൊരു-
പൊന്നുഷസ്സിനെ തട്ടിയുണർത്തുകിൽ,
ഘോരതാണ്ഡവമാടുമധർമ്മത്തിൻ
മാരണമണിനാദം മുഴങ്ങുകിൽ,
നീതിയും,സമഭാവവും, സ്നേഹവും-
ഭൂമിയിൽത്തഴച്ചുല്ലസിച്ചീടുകിൽ,
ആയതിൻവിലയെത്രമേലാകിലും
സാരമി,ല്ലതുനൽകണം മാനുഷർ.
ചുട്ടെരിക്കുമീയഗ്നി,നവയുഗ-
സൃഷ്ടിതൻ സൂത്രധാരനായീടിലാം!...
  എങ്കിലും സ്വാർത്ഥലോകമേ,യിപ്പൊഴും
ശങ്കയുണ്ടുനിന്നാത്മാർത്ഥതയിൽ മേ.
ബുദ്ധിശൂന്യമായ് മർത്ത്യന്റെ സുന്ദര-
സ്വപ്നമെത്രചവിട്ടിത്തകർത്തുനീ!
കഷ്ടമാണിപ്പരീക്ഷണത്തിങ്കലും
തെററുകാണിച്ചുനീ തോററുതാഴ്കിൽ.
മോക്ഷമുണ്ടുനിനക്കിങ്ങൊരു നവ-
രാഷ്ട്രമായ് പുനർജന്മമെടുക്കുകിൽ.
ചത്തുജീവിച്ചിടാതെയൊരുജ്ജ്വല-
സ്വർഗ്ഗമായുയർന്നുല്ലസിച്ചീടുവാൻ,
പാരിലിന്നത്തെമർത്ത്യന്റെഭാവിയിൽ-
ക്കൂരിരുട്ടുനിറയ്ക്കാതിരിക്കുവാൻ,
നീതിതൻസൂക്ഷ്മദൃഷ്ടിതുറന്നുനിൻ-
ഭൂതകാലത്തിലേക്കൊന്നുനോക്കുനീ!...

തെങ്കിലും, ഈ പ്രത്യേകത എന്റെ ശ്രദ്ധയിൽ പെട്ടിരുന്നില്ല. ഞാൻ സൂക്ഷിച്ചിട്ടുമില്ല. ഹാ! ഇതാണു കാര്യം! തലേ ദിവസത്തെ തിരക്കിൽ, വെളിയിൽനിന്നും ആളുകൾ തിങ്ങിക്കയറിയപ്പോൾ ആ യുവതിയുടെ നെററിത്തടം എന്റെ നെഞ്ചോടമർന്നുപോയി. അതു ഞങ്ങളറിഞ്ഞില്ല. ആ യുവതിയും ഞാനും നിരപരാധികളാണു്. ഈശ്വരാ! എനിക്കാശ്വാസമായി. ഇതു് അപ്പോഴെങ്കിലും വ്യക്തമായില്ലെങ്കിൽ എനിക്കെന്റെ മനസ്സാക്ഷിയോടുപോലും പരിഭവം തോന്നിയേനെ. മാലതിയോടു് ഈ സത്യം പറഞ്ഞാലും അവൾക്കു വിശ്വാസമാകുകയില്ല. അതുകൊണ്ടു പറയണമെന്നും ഞാൻ വിചാരിച്ചില്ല. എന്തായാലും എന്റെ ഹൃദയത്തെ അലട്ടിയിരുന്ന ഒരു വിഷമപ്രശ്നത്തിനു സമാധാനം ലഭിച്ചു. ഒരു വലിയ ക്ലേശം നീങ്ങിയതുപോലെ ഞാൻ ആശ്വാസപൂർവ്വം ദീർഘമായൊന്നു നിശ്വസിച്ചു.

ആദർശം

(കെ. കാർത്തികേയൻ, എം. എ)

കഴിഞ്ഞലക്കം സഹോദരിയിൽ ശ്രീ. പി. ദാമോദരൻപിള്ള എൻെറ ഒരു കൊച്ചു ലേഖനത്തിനു മറുപടിഎഴുതിക്കണ്ടു. ഒരു സാഹിത്യനിരൂപകനായ ശ്രീമാൻ ദാമോദരൻപിള്ളയുടെ നിരൂപണത്തിനു് എൻെറലേഖനം വിഷയമായതിൽ ഞാൻ സന്തോഷിക്കുന്നു. ജീവത്സാഹിത്യം ആദർശമാണോ എന്ന വിചാരമായിരുന്നു എൻെറ ലേഖനത്തിനു വിഷയം. ശ്രീമാൻ ദാമോദരൻപിള്ളയുടെ ലേഖനത്തിൻെറ പേർ 'മനുഷ്യൻെറ തലയിലെ ഇരുട്ടു്'' എന്നാണു്. 'എൻെറ തല' 'നിൻെറ തല' എന്നു വ്യഷ്ടിവിചാരംചെയ്യാതെ മനുഷ്യൻെറ തലയെന്നു് സമഷ്ടിയായി പറഞ്ഞതിൽ ഞാൻ കൃതജ്ഞനാണു്. അദ്ദേഹം പറഞ്ഞതു് ഒരു പരമാർത്ഥം. അതെനിക്കും സമ്മതമാണു്.

ആദർശത്തെപ്പററിയാണു ഞങ്ങൾക്കു തമ്മിൽ അഭിപ്രായവ്യത്യാസമുള്ളതു്. ആദർശം എന്ന വാക്കിനു് ഇംഗ്ലീഷിൽ ശരിയായൊരു പദമുണ്ടു്, ideal എന്നു്. ശ്രീ. ദാമോദരൻപിള്ളയ്ക്കു മാത്രമല്ല, പല പണ്ഡിതന്മാർക്കും ആദർശം ശരിക്കു മനസ്സിലാകുന്നില്ല. ചിലർ അതിനെ ഉപദേശവുമായി കൂട്ടിക്കുഴയ്ക്കുന്നു. മററു ചിലർ അതിനെ ഉയരാനുള്ള ആഗ്രഹമാകുന്ന (ambition) കള്ളം പറയരുതു്, സത്യം പറയണം, എന്നൊക്കെ ഉപദേശിച്ചാൽ ഒന്നാംക്ലാസ്സിലെ കുട്ടികൾക്കും മനസ്സിലാകും. അതു ശരി. കള്ളംപറയരുതു് എന്നു വിലക്കുന്നതും, സത്യംപറയണം എന്നു അനുശാസിക്കുന്നതും വെറും ഉപദേശം മാത്രമാണെന്നു നാം ഓർമ്മിക്കണം. ഹരിശ്ചന്ദ്രനെപ്പോലെ സത്യവാനാകണമെന്നു പറഞ്ഞാൽ അതു് ആദർശപ്രസംഗമാണു്. ഹരിശ്ചന്ദ്രൻ ശിഷ്യനു് ആദർശം. ഹരിശ്ചന്ദ്രൻെറ ആസ്തിക്യമോ? വെറും കവിസങ്കല്പത്തിൽ. ഹരിശ്ചന്ദ്രനെ ആദർശമാക്കിയവർ സത്യവാദത്തിൽ പുരോഗമിച്ചിട്ടുണ്ടു്. അവരിൽ ആരെങ്കിലും ആ ആദർശത്തെ സാക്ഷാൽകരിച്ചിട്ടുണ്ടെങ്കിൽ ഹരിശ്ചന്ദ്രൻെറ ആദർശവത്വം അന്നോടെ അവസാനിച്ചുകാണണം. കർമ്മധീരനായി ജീവിക്കണമെന്നുപറഞ്ഞാൽ ഉപദേശം. ശ്രീകൃഷ്ണനെപ്പോലെ കർമ്മധീരനാകണമെന്നുപറഞ്ഞാൽ ശ്രീകൃഷ്ണൻ ആദർശം. പുരുഷസൗഭാഗ്യത്തിനാദർശം വിഷ്ണു; നാരീസൗന്ദര്യത്തിനു് രംഭ. ഇവിടെ കർമ്മധീരത, പുരുഷസൗഭാഗ്യം, നാരീസൗന്ദര്യം എന്നൊക്കെ അമൂർത്തമായ കേവലഭാവങ്ങളെപ്പററിപ്പറയുന്നതുകൊണ്ടു് അവയൊന്നും ആദർശമാകുന്നില്ല. ആദർശം ആർക്കാണു്? മനുഷ്യനു്. മനുഷ്യൻ മൂർത്തിമാനാണു്. മൂർത്തിമാനായ മനുഷ്യനു് അമൂർത്തപദാർത്ഥങ്ങൾ ആദർശങ്ങളാവാൻ ഒക്കുകയില്ല. അവനു് നന്മയാകാൻ അസാദ്ധ്യം. നല്ലവനാകാം. ആരിൽ കാണുന്ന നന്മപോലെ എന്നാണാകാംക്ഷ.

ആദർശം എന്ന വാക്കിനു് പല അർത്ഥങ്ങളും ഉണ്ടെങ്കിലും കോശകാരൻ പ്രധാന

മായി പറയുന്നതു്, 'മുഖംനോക്കുന്ന കണ്ണാടി' എന്നാണു്. കണ്ണാടി നമ്മുടെ മുഖം പരിശോധിക്കാൻ; നമ്മെത്തന്നെ കാണാൻ; നമ്മുടെ കുററങ്ങളും കുറവുകളും കണ്ടുപിടിക്കാൻ. കുററം കണ്ടുപിടിക്കുന്നതിനുവേണ്ടി ആരും കുററം കണ്ടുപിടിയ്ക്കാറില്ല. പിന്നെയോ, അവയെ തിരുത്താൻ, പുരോഗമിക്കാൻ.

വ്യക്തിവിവേകം കൂടാതെയും ആദർശത്തിനു നിലയുണ്ടു്. എനിയ്ക്കു ധനിയാവണം; കീർത്തിമാനാവണം; കവിയാവണം. മനുഷ്യൻ നന്മതിന്മകളുടെ സങ്കലനമാണു്. നന്മ മാത്രമായിട്ടു് മനുഷ്യൻ ഇല്ല. അതുപോലെ തിന്മ മാത്രമായിട്ടും. കേവലം ആപേക്ഷികമായിട്ടാണു് മനുഷ്യനെ ശിഷ്ടൻ, ദുഷ്ടൻ എന്നൊക്കെ പറയുന്നതു്. ശിഷ്ടത ദുഷ്ടതയെക്കാൾ ആരിൽ കൂടി നില്ക്കുന്നുവോ അവൻ ശിഷ്ടൻ. മറിച്ചു് ദുഷ്ടൻ. മനുഷ്യനു് ധനവാനാകാം. ലക്ഷപ്രഭുക്കന്മാർ മാത്രമുള്ള സംഘത്തിൽ പതിനായിരക്കാരൻ ധനവാനല്ല. അങ്ങനെ എത്രയും ഉയരാം ധനത്തിൽ. ആ ഉയൎച്ചയ്ക്കു തീരില്ല. പൂർണ്ണധനികനാവാൻ ഒരിക്കലും സാധിക്കുകയും ഇല്ല. അതു് ആദർശമായ കുബേരന്റെ ഇടമാണു്.

ഉയരാനുള്ള ആഗ്രഹം (ambition) ആദർശമല്ല. ആ ആഗ്രഹം ആദർശസ്വീകാരത്തിനുള്ള പ്രേരണ മാത്രമാണു്. പ്രേരണയും ഉപാധിയും ഫലമാകയില്ലല്ലോ.

സാഹിത്യത്തിന്റെ കാര്യത്തിൽ ആദർശത്തിനു് ഇങ്ങിനെയൊരു സംശയത്തിനു തന്നെ വകയില്ല. വിവൎത്തകനും, ലേഖകനും മൂലഗ്രന്ഥം ആദർശമാണു്. അതു് ശാസ്ത്രത്തിലെ ഒരു സങ്കേതം. ആ സങ്കേതത്തിലല്ല ഞാൻ 'ആദർശം' എന്ന പദം പ്രയോഗിച്ചിരിക്കുന്നതു്. ആദ്യമെ പറഞ്ഞതുപോലെ ideal എന്ന പദംകൊണ്ടുള്ള വിവക്ഷയാണു് ഞാൻ ആദർശംകൊണ്ടും കുറിച്ചിട്ടുള്ളതു്. ആ അർത്ഥത്തിലാണു് ആദർശത്തിനു് ഇപ്പോൾ പ്രചാരവും. നല്ല കവിതയെഴുതണം എന്നുള്ളതു് ആദർശമല്ല, അതു് അഭിവാഞ്ഛയാണു്. എഴുത്തുകാരന്റെ കവിത ആദർശമാണെങ്കിൽ, എഴുത്തുകാരന്റെ എല്ലാക്കവിതയും ഒരുപോലല്ല, ഗുണാംശത്തിൽ, അതിനകത്തുതന്നെ ഏററക്കുറവുണ്ടു്. ഗുണത്തിൽതന്നെ ദോഷസ്പർശവുമുണ്ടു്. നമ്മുടെ ഭാഷയിൽ കുററമററ സാഹിത്യം ഉണ്ടാവണം എന്നുള്ളതു് ആദർശം. കുററമററ സാഹിത്യം ഉണ്ടായിട്ടില്ല, എന്നതു് യഥാർത്ഥം (real) ആദികവി വാല്മീകിയ്ക്കും ഒരാദർശമുണ്ടായിരുന്നുവെന്നു് രാമായണം ചമ്പൂകാരനായ ഭോജൻ സൂചിപ്പിക്കുന്നു. "അനേകവിധപ്രപഞ്ചവ്യാജേന്ദ്രജാലവിധിസായകപിഞ്ഛികേവ" ആ ആദർശം യഥാർത്ഥമായെങ്കിൽ, വാണിയും വാണീകാന്തനും അന്നേ തുലഞ്ഞേനെ. ചന്ദ്രമണ്ഡലത്തെ ഉരച്ചുരച്ചുനില്ക്കുന്ന മണിമേകേറം നമ്മുടെ സാഹിത്യത്തിലുണ്ടു്.

"മദ്ധ്യം തനുത്പാദവിഭാജ്യമാനമാകാശമാസീൽ" അങ്ങിനെയുള്ള കൃശമദ്ധ്യകൾ ഉണ്ടവിടെ. ഇവയെല്ലാം ആദർശങ്ങളാണു്. അയഥാർത്ഥങ്ങളാണു്. യഥാർത്ഥാതീതങ്ങളുമാണു്.

പുരോഗമനസാഹിത്യമെന്നപേരിൽ ഒരു സാഹിത്യവിപ്ലവം നടക്കുന്നു. വിപ്ലവം മാററത്തിനാണു്. ചീത്തയിലേയ്ക്കു് മാറണംഎന്നു് തലയ്ക്കു വെളിവുള്ളവരാരും പറകയില്ല. എല്ലാമനു

ഷ്യക്കും കുറെ ബുദ്ധിയും, കുറെ വെളിച്ചവും നാം സമ്മതിച്ചുകൊടുക്കണം. ഉള്ള സാഹിത്യത്തിനു് ദോഷങ്ങളുണ്ടു്. ദോഷമില്ലാത്ത സാഹിത്യം ഉണ്ടാക്കണം എന്നാണവർ പറയുന്നതു്. കുററമററ സാഹിത്യം ഉണ്ടാകയില്ല. അങ്ങിനെയൊന്നിനെ സ്വപ്നം കാൺകയാണെങ്കിൽ, വാസ്തവത്തിൽ അവർകരാദശംസ്വീകരിച്ചിരിക്കുന്നുവെന്നേ അർത്ഥമുള്ളു. അപ്പോൾ പുരോഗമനസാഹിത്യം ഒരാദശം മാത്രമല്ലെ ആകുന്നുള്ളു.

കുറെനാൾ ജീവത്സാഹിത്യം എന്ന പേരിൽ ഇവിടെ പ്രസംഗം നടന്നു. ഇപ്പോൾ നീട്ടിപ്പിടിച്ചു് പുരോഗമനസാഹിത്യമായി. പേരിനു് നാം കൊടുക്കുന്ന അർത്ഥമല്ലേ ഉള്ളു? പേരെല്ലാം സങ്കേതങ്ങളാണല്ലോ. സാഹിത്യത്തിനു ഭംഗിയുണ്ടെങ്കിൽ പേരിനും ഉണ്ടു ഭംഗി. ഈ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ടു് ശ്രീ: ദാമോദരൻപിള്ള ചോദിയ്ക്കുകയാണു്, "ചക്കയ്ക്കു് അഴകുണ്ടായാൽ മതിയോ? ചുള വേണ്ടേ?" ചക്കയെന്നുപറഞ്ഞാൽ, ചുളയും, കുരുവും ചവിണിയും പൂഞ്ഞും ഒക്കെയുള്ള ഈ പദാർത്ഥമെന്നു് നാം എങ്ങിനെ മനസ്സിലാക്കുന്നു? ച=ചുള; ക=കുരു—പിന്നെ ബാക്കിയും. അങ്ങിനെയാണോ നാം ഇതിനു് പേരിട്ടതു്. ചക്കതിന്നാലും, പനസഫലം അശിച്ചാലും, പ്ലാക്കായ് ശാപ്പിട്ടാലും രുചിയ്ക്കു് ഭേദമില്ല. അമ്മുക്കുട്ടിയെ നാളെമുതൽ മറിയാമ്മ എന്നു വിളിച്ചാലും ആ പ്രണയിനിയുടെ പ്രേമമധു പുളിച്ചുപോകയില്ല. ഈ തത്വം ഭാഷാശാസ്ത്രത്തിന്റെ എ. ബി. സി. ഡി. പഠിച്ചവർക്കെല്ലാം ബോദ്ധ്യമാണു്. ശബ്ദവ്യാപാരം എങ്ങനെയെല്ലാമാണു് നമ്മിൽ അർത്ഥബോധമുണ്ടാക്കുന്നതെന്നു് ശാസ്ത്രം പഠിയ്ക്കാതെതന്നെ അല്പം ചിന്തിയ്ക്കാൻ ക്ഷമയുള്ളവർക്കൊക്കെ ഗ്രഹിയ്ക്കാം. ചക്കയെന്ന പദം രൂഢിയാണു്. അതുപോലെ ജീവത്സാഹിത്യം എന്ന പദം പുരോഗമനസാഹിത്യത്തിന്റെ അർത്ഥത്തിൽ രൂഢിയായി സ്വീകരിച്ചാൽ ആരുമാരും നമ്മളെ പിടിച്ചു കെട്ടിയടിക്കുകയില്ല. Progressive literature എന്ന പദത്തെ, പുരോഗമനസാഹിത്യം എന്നു് തർജ്ജമചെയ്തതു് ശ്രീമാൻ ദാമോദരൻപിള്ളയാണെന്നദ്ദേഹം പറയുന്നു. ആ അറിവു തന്നതിനു വേണ്ടി ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. Progress എന്ന വാക്കിനു് പുരോഗതി എന്നു് എല്ലാ ഇംഗ്ലീഷു—മലയാളം നിഘണ്ടുകാരന്മാരും അർത്ഥം കൊടുത്തിട്ടുണ്ടു്. അവരൊക്കെ ശ്രീ: ദാമോദരൻപിള്ളയ്ക്കു് കടപ്പെട്ടവരാണു്. എന്റെ എളിയ ലേഖനത്തിനു് ഇങ്ങിനെയൊരു പ്രശസ്തി ഉണ്ടാക്കിത്തരാൻ കനിഞ്ഞതിനു് വന്ദനം.

നിത്യശാന്തിയിലേയ്ക്കു്.

(ബി. പത്മനാഭപിള്ള)

ജന്തുക്കളെ അപേക്ഷിച്ചു് മനുഷ്യൎക്കു് വിവേചനാശക്തി എന്ന ഒരു വിശേഷഗുണമുണ്ടു്. വിവേചനാശക്തികൊണ്ടു് ജ്ഞാനസമ്പാദനത്തിനു മുതിരുന്ന മനുഷ്യൻ പ്രായേണ അജ്ഞാനത്തിലേക്കു വഴി തെളിക്കുന്നു. ജന്തുക്കളിൽനിന്നുപോലും ചില ഗുണപാഠങ്ങൾ ഗ്രഹിക്കാനുണ്ടെന്നുള്ള കഥ വിസ്മരിക്കുന്നു. ആഹാര നിദ്രാരതികൾ മനുഷ്യൎക്കത്യന്താപേക്ഷിതമാണു്. എന്നാൽ അതിനു് ഒരു നിയന്ത്രണം ഉണ്ടാകുന്നില്ല. ജന്തുക്കളിൽനിന്നു് അതു പഠിക്കാവുന്നതാണു്. അനിയന്ത്രിതമായ ആഹാരം, നിദ്ര, രതി ഇതുകൾ മനുഷ്യനെ അധഃപതിപ്പിക്കുന്നു. ശാസ്ത്രീയമായ ജ്ഞാനംകൂടാതെതന്നെ പ്രകൃതിയിൽനിന്നു് ഈ നിയന്ത്രണം നമുക്കു മനസ്സിലാക്കാൻ സാധിക്കും. പ്രാണിലോകത്തിനു വിശേഷിച്ചു കാരണങ്ങളില്ലെങ്കിൽ അജീൎണ്ണമോ മോഹാലസ്യമോ ക്ഷീണമോ ഉണ്ടാകുന്നതായി നമുക്കറിവില്ല. അതിനു കാരണം അവയുടെ നിയന്ത്രിതമായ ആഹാരനിദ്രാരതികളാണു്. ഇതു കണ്ടുപഠിക്കുന്ന മനുഷ്യൻ ഒരു തത്വശാസ്ത്രമോ യോഗസൂത്രമോ അന്വേഷിക്കേണ്ട ആവശ്യമില്ല. നിയന്ത്രിതമായ ഏതു കമ്മവും ചെയ്യുന്നതുകൊണ്ടു് മനുഷ്യൻ അധഃപതിക്കുന്നില്ല.

അരോഗാവസ്ഥ ഒന്നാണു് മനുഷ്യനെ ദീൎഘായുഷ്മാനാക്കിത്തീൎക്കുന്നതു്. നിയന്ത്രിതമായ കമ്മങ്ങൾകൊണ്ടു് അതു സാധിക്കാമെന്നിരിക്കെ അവ ശീലിക്കുന്നതിനു വിമുഖത ആൎക്കും തോന്നാനിടയില്ല. മനുഷ്യർ പ്രായേണ വിജിഗീഷുക്കളാണു്. കേവലം ലൌകികവിജയത്തിനുള്ള അഭിവാഞ്ഛ മനുഷ്യനെ അധഃപതിപ്പിക്കുകയേ ഉള്ളു. ആദ്ധ്യാത്മികമായ വിജയമാണു് ശാശ്വതമായിട്ടുള്ളതു്. അതിനു് ചില അനുഷ്ഠാനങ്ങൾ അറിയേണ്ടതുണ്ടു്. ആദ്ധ്യാത്മികമായ വിജയത്തിനു സോപാനം യോഗാഭ്യസനംതന്നെയാണു്. യോഗാഭ്യസനം എന്നു പറഞ്ഞതുകൊണ്ടു് ഈശ്വരകൃഷ്ണന്റെ സാംഖ്യയോഗമോ, പതഞ്ജലിയുടെ യോഗസൂത്രമോ പഠിക്കണമെന്നല്ല വിവക്ഷ. ന്യായമായ കമ്മാനുഷ്ഠാനംകൊണ്ടു് ഒരാൾക്കു് അദ്ധ്യാത്മജ്ഞാനം സിദ്ധിക്കും.

"കമ്മജം ബുദ്ധിയുക്താഹി ഫലംത്യക്ത്വാ
മനീഷിണഃ
ജന്മബന്ധവിനിൎമ്മുക്താഃ പദം ഗച്ഛന്ത്യ-
നാമയം"

കമ്മജന്യങ്ങളായ ഫലങ്ങളിൽ ആസക്തി കൂടാതെ ഈശ്വരാൎപ്പിതബുദ്ധികളായി കമ്മംചെയ്യുന്ന വിദ്വാന്മാർ ജനനമരണാദിബന്ധം നശിച്ചു് സൎവ്വോപദ്രവരഹിതമായ (സച്ചിദാനന്ദമയമായ) മോക്ഷസ്ഥാനത്തെ പ്രാപിക്കുന്നു എന്നാണു് ഭഗവാൻ ഉപദേശിക്കുന്നതു്. ഇത്തരം കമ്മം ചെയ്യുന്നതിനു് അനായാസേന അനുഷ്ഠിക്കാവുന്ന ചില മാൎഗ്ഗങ്ങൾ പ്രതിപാദിക്കാം.

൧) വ്യായാമംകൊണ്ടും നിയന്ത്രിതമായ

ആഹാരംകൊണ്ടും ശരീരത്തെ സംസ്കരിക്കുക. ൨) പ്രാണായാമംകൊണ്ടു് പ്രാണഗതി നിയന്ത്രിക്കുക. ൩) ധ്യാനംകൊണ്ടു ആത്മസാക്ഷാത്കാരം സാധിക്കുക.

ശരീരസംസ്കരണത്തിനു ഹഠയോഗത്തിലെ ചില തത്വങ്ങൾ സ്വീകാര്യമാണു്.

ഹഠയോഗം—ഹഃ=സൂര്യകല. ഠഃ=ചന്ദ്രകല. സൂര്യകലയും ചന്ദ്രകലയും അഥവാ പ്രാണാപാനവായുക്കൾ-ഇവയുടെ യോഗമാണു് ഈ ശാസ്ത്രംകൊണ്ടു വിവക്ഷിക്കുന്നതു്. ഇതെല്ലാം സാധാരണ മനുഷ്യർക്കു സാദ്ധ്യമാണോ എന്നു പലരും സംശയിക്കാറുണ്ടു്. ഇവയൊന്നും ശാരീരികശാസ്ത്രത്തിനു (anatomy) വിരുദ്ധമായ പ്രവൃത്തികളല്ലാത്തതിനാൽ അവ സ്വീകാര്യങ്ങളാണു്. അസാദ്ധ്യമാണെന്നു തോന്നാവുന്ന പല മാർഗ്ഗങ്ങളും ആധുനികകാലത്തുതന്നെ സുലഭമായി സാധിച്ചിട്ടുണ്ടു്. ഹരിദാസ് ഫക്കീർ എന്ന ഭാരതീയൻ നാലുമാസക്കാലത്തോളം ഭൂമിക്കടിയിൽ സമാധിസ്ഥനായിരുന്നശേഷം വീണ്ടും എണീററ കഥ സുവിദിതമാണു്. (Calcutta Medical Journal ൧൮൩൭) റബേക്കസ്മിത്തു് എന്ന ഇംഗ്ലീഷുവനിത പത്താഴ്ചയോളം ആഹാരംകൂടാതെ ജീവിച്ചു. (Plott's Natural History ൧൬൭൭) ലണ്ടനിലെ ഉറങ്ങുന്ന സ്ത്രീ (Sleeping Woman) യുടെ കഥ മറെറാരു ഉദാഹരണമാണു്. (London Medical Journal) മൃതപ്രായമായി ഒരാഴ്ച കിടന്ന സ്ത്രീ പുനർജ്ജീവിച്ചതായി പറയപ്പെടുന്നു. ഇതെല്ലാം ഏററവും ആധുനികമായ സംഭവങ്ങളാണു്. ആഹാരമില്ലാത്ത മുനികൾ ഇന്നും ഹിമാലയപ്രാന്തത്തിൽ കാണപ്പെടുന്നതായി എവറസ്റ്റാരോഹണം നടത്തിയവർ പറയുന്നു.

മനുഷ്യർക്കു ലോകത്തെ മറന്നു് നിത്യശാന്തിപ്രാപിക്കാൻ ശരീരം ഉപേക്ഷിക്കാതെ സാധിക്കും എന്നുള്ളതിനു മേൽപ്പറഞ്ഞ ഉദാഹരണങ്ങൾ സാക്ഷ്യംവഹിക്കുന്നു. ആഹാരംകൂടാതെ ജീവിക്കുന്ന ചില മൃഗങ്ങൾ ഉണ്ടു്. ആമയ്ക്കു പാറയുടെ അടിയിൽ ആഹാരംകൂടാതെ പലനാൾ ജീവിക്കാം. വായുസഞ്ചാരം കുറഞ്ഞ പുനങ്ങളിൽ സർപ്പങ്ങൾ അനേകകാലം ആഹാരമില്ലാതെ ജീവിക്കുന്നു. ശരീരഘടനയുടെ നിയന്ത്രണമാണു് ഇതിനെല്ലാം കാരണം. അതു പരിചയം അഥവാ അഭ്യാസംകൊണ്ടു് സുസാദ്ധ്യമാണു്. പ്രകൃതിശാസ്ത്രജ്ഞന്മാർ പോലും സമ്മതിക്കുന്ന കാര്യമാണിതു്. വിവേചനാശക്തിയുള്ള മനുഷ്യനു് അസാദ്ധ്യമായിട്ടൊന്നുമില്ല. ഹഠയോഗത്തിലെ ചില ആസനങ്ങൾ പ്രത്യക്ഷത്തിൽ സാധാരണജനങ്ങൾക്കു ശീലിക്കാൻ വിഷമമേറിയതാണെന്നു തോന്നാം. ചിലതു ദൂഷ്യമുള്ളതാണെന്നും പറയപ്പെടുന്നു. എന്നാൽ നിഷ്പ്രയാസം സാധിക്കാവുന്നതും ജീവിതത്തിനു അത്യന്താപേക്ഷിതവും ആർക്കും പരിചയിക്കാവുന്നതുമായ ആസനങ്ങൾ ചിലതുണ്ടു്. (1) വാതസാര—ഇതു ആമാശയത്തിൽ വായുസംക്രമിപ്പിച്ചു് ക്രമേണ കീഴ്പോട്ടു പായിക്കുകയാണു്. കണ്ഠംമുതൽ ഗുദംവരെയുള്ള നാളം ശുദ്ധീകരിക്കാൻ ഇതിൽപരം ഉത്തമമായ മാർഗ്ഗം വേറേയില്ല. പ്രകൃതിഅനുസരിച്ചു് ഈ നാളം സ്വതേതന്നെ ക്രമമായി ശുദ്ധിപ്രാപിക്കുന്നുണ്ടു്. എന്നാൽ ആവശ്യമുള്ളപ്പോഴെല്ലാം ഈ അഭ്യാസനം നടത്താവുന്നതും തൻമൂലം അജീർണ്ണം എന്ന സുഖക്കേടു ബാധിക്കാതെ സൂക്ഷിക്കാവുന്നതുമാണു്. (2) വാരിസാര—ഇതു മേല്പറഞ്ഞനാളത്തെ ജലംകൊണ്ടു് ശുദ്ധിവരുത്തുകയാ

ണ്ടു്. ജലം ആമാശയത്തിൽ പകൎന്നിട്ടു് കുടൽവഴി കീഴ്പോട്ടു പായിക്കുകയാണു ഇതിൻെറ സമ്പ്രദായം. ഔഷധംകൂടാതെ മലശോധനയുണ്ടാകുന്നതിനു ഏററവും ഉതകുന്ന ഒരു മാൎഗ്ഗമാണിതു്. മേൽപറഞ്ഞ രണ്ടു പ്രയോഗങ്ങളും പരിശീലിക്കുന്ന ഒരാളിനു മലബന്ധം ഒരുകാലത്തും ഉണ്ടാകുന്നതല്ല. ആമാശയശുദ്ധിക്കു യോഗികൾ പരിശീലിക്കുന്ന അഗ്നിധാര, വാസധൌതി ഇവ ചിലപ്പോൾ ഉപദ്രവകരമായിത്തീരാനിടയുണ്ടു്. കുടൽ ഇളക്കുന്നതിനും, വെളിയിലേക്കു തള്ളി കഴുകുന്നതിനും വേണ്ടി ശീലിക്കുന്ന ഈ മാൎഗ്ഗങ്ങൾ വിഷമമേറിയവയാണു്. വായുവും ജലവുംകൊണ്ടു് ശുദ്ധീകരിക്കാൻ ഉതകുന്ന വാതസാര, വാരിസാര തുടങ്ങിയ പ്രയോഗങ്ങൾ സുലഭമായിരിക്കെ മററു മാൎഗ്ഗങ്ങൾ ആരായേണ്ട ആവശ്യമില്ല. കായികപരമായ പോഷണത്തിനുമാത്രം ഉതകുന്ന ചില ആസനങ്ങൾ പ്രത്യേകമായുണ്ടു്. അവ പൊതുവേ ആരോഗ്യം ഉണ്ടാകുന്നതിനും മനസ്സിനു ശാന്തിനൽകുന്നതിനും രാഗാദികളെ നിയന്ത്രിക്കുന്നതിനും പററിയ മാൎഗ്ഗങ്ങളാണു്. ശീൎഷാസനം, പാദഹസ്താസനം, ഹലാസനം, പശ്ചിമോത്താസനം, അൎദ്ധമത്സ്യാസനം, നൗളി, ഉഡ്ഡയനം മുതലായവ ഈ വൎഗ്ഗത്തിൽ പെടുന്നു. ഈ ആസനങ്ങളെല്ലാം ശരീരത്തിൻെറ ഓരോഭാഗത്തുമുള്ള ധമനികൾക്കു ശക്തിവൎദ്ധിപ്പിക്കുന്നവയാകയാൽ ഒരു ക്രമമനുസരിച്ചു അവ പരിശീലിക്കാവുന്നതാണു്. മുദ്രകളെല്ലാം ആസനങ്ങൾപോലെ പ്രവൎത്തനശക്തിയുള്ളതാകുന്നു. ഏകാഗ്രത വൎദ്ധിപ്പിക്കുന്നതിനും കുണ്ഡലിനീശക്തി വൎദ്ധിപ്പിക്കുന്നതിനുമാണു ഇവ ശീലിക്കാറുള്ളതു്. കുണ്ഡലിനീശക്തി വൎദ്ധിക്കുന്നതുകൊണ്ടു് പല അതിശയകരമായ പ്രവൃത്തികളും യോഗികൾക്കു ചെയ്യാൻ സാധിക്കുന്നുണ്ടു്. ഖേചരിമുദ്ര ഏററവും പ്രധാനമായ ഒന്നായി ഗണിച്ചുപോരുന്നു. ശരീരത്തിൻെറ ഫലനം കുറയ്ക്കുന്നതിനു ഇതു പററിയമാൎഗ്ഗമാണു്. പാശ്ചാത്യൎക്കു അജ്ഞാതമായ ഈ വിദ്യകൊണ്ടാണു യോഗികൾ വായുസ്തംഭം സാധിക്കുന്നതു്. മുദ്രകളെല്ലാംതന്നെ ശാരീരികവും മാനസികവുമായ സംസ്കരണത്തിനു പററിയവയാണു്.

പ്രാണായാമം—പ്രാണായാമത്തിൻെറ ഗുണങ്ങൾ വാചാമഗോചരമാണു്. ഗുരൂപദേശംകൂടാതെ പ്രാണായാമം അഭ്യസിക്കരുതു്. പ്രാണായാമം ക്രമമായി അഭ്യസിക്കുന്നതുകൊണ്ടു് രോഗനിവാരണവും ക്രമംതെററിയാൽ രോഗവുമാണു ഫലം. നിയന്ത്രിതമായ ഒരു പരിപാടി സ്വീകരിച്ചുവേണം പ്രാണായാമം അഭ്യസിക്കുവാൻ. അതിനു ചില പ്രാരംഭചടങ്ങുകൾ അനുഷ്ഠിക്കേണ്ടതുണ്ടു്.

"ശുചൌ ദേശേ പ്രതിഷ്ഠാപ്യ സ്ഥിരമാസനമാത്മനഃ
നാത്യുച്ഛ്രിതംനാതി നീചം ചൈലാജിനകുശോത്തരം
തത്രൈകാഗ്രംമനഃ കൃത്വാ യതചിത്തേന്ദ്രിയക്രിയഃ
ഉപവിശ്യാസനേ യുഞ്ജ്യാത് യോഗമാത്മവിശുദ്ധയെ
സമംകായശിരോഗ്രീവം ധാരയന്നചലം സ്ഥിരഃ
സംപ്രേക്ഷ്യനാസികാഗ്രംസ്വം ദിശശ്ചാനവലോകയൻ
പ്രശാന്താത്മാവിഗതഭീൎബ്രഹ്മചാരിവ്രതേ സ്ഥിതഃ"

ശുചിയായ സ്ഥലത്തു് ആദ്യംകുശം അതിന്മേൽ കൃഷ്ണമൃഗത്തിന്റെ തോൽ അതിന്റെമേൽ വസ്ത്രംവിരിച്ചു് അധികംപൊക്കമില്ലാത്തതും തീരെ താഴ്ന്നതല്ലാത്തതുമായ ആസനം സ്ഥാപിച്ചിട്ടു്, മനസ്സിനെ ഏകാഗ്രമാക്കി ചിത്തേന്ദ്രിയങ്ങളെ അടക്കി ദേഹത്തിന്റെ മധ്യഭാഗം ശിരസ്സ് കഴുത്തു എന്നിവ നിവൎത്തു് മററു യാതൊരിടത്തും ദൃഷ്ടിയോടിക്കാതെ നിശ്ചലമായി നാസാഗ്രത്തിൽ ദൃഷ്ടിയുറപ്പിച്ചു് നിർഭയനായി ബ്രഹ്മചര്യ്യനിഷ്ഠനായി ബ്രഹ്മത്തിൽ ചിത്തമുറപ്പിച്ചിരിക്കണം. ഇവയാണ യോഗചര്യ്യയുടെ പ്രാരംഭചടങ്ങുകൾ. കണ്ണു നല്ലവണ്ണം തുറന്നാൽ മനസ്സ് ബാഹ്യവിഷയങ്ങളിലേയ്ക്കോടാൻ ഇടയുള്ളതുകൊണ്ടും നല്ലവണ്ണം അടച്ചാൽ നിദ്രാധീനനാകാൻ ഇടയുള്ളതുകൊണ്ടും അർദ്ധനിമീലിതാക്ഷനായിരിക്കാൻ ഉപദേശിക്കുന്നു. അമിതമായി ഭക്ഷണംകഴിക്കുന്നവനും തീരെ ആഹാരംകഴിക്കാത്തവനും അധികം ഉറങ്ങുന്നവനും, അധികം ഉണൎന്നിരിക്കുന്നവനും യോഗാഭ്യാസം അപകടകരമാണു്. (ആഹാരവിഹാരാദികൾ നിയന്ത്രിക്കണമെന്നു സാരം) പൂരകം, കുംഭകം, രേചകം എന്നീ മൂന്നവസ്ഥകളാണ പ്രാണായാമത്തിനു യോഗശാസ്ത്രം വിധിക്കുന്നതു്. ഉള്ളിലേക്കു ശ്വസിക്കുന്നതു പൂരകം എന്നും വായു ഉള്ളിൽ നിയന്ത്രിച്ചു നിറുത്തുന്നതു കുംഭകമെന്നും വെളിയിലേക്കു വിടുന്നതു രേചകമെന്നും പറയപ്പെടുന്നു. ഇവ ഓരോന്നിനും ക്രമേണ 12-48-24 സെക്കന്റുകൾ വീതം സമയം വേണമെന്നും നിശ്ചയിച്ചിട്ടുണ്ടു്. അഭ്യാസം കൂടിവരുന്ന ഒരാൾ ക്രമമനുസരിച്ചു സമയം ഓരോന്നിനും ദീൎഘിപ്പിച്ചുകൊള്ളണമെന്നാണ വിധി. ഗുരുവിന്റെ സാന്നിദ്ധ്യം ഇല്ലാത്ത ഇത്തരം പ്രാണായാമം ആപല്ക്കരമാണു്. വിഷമമേറിയ ഈ പദ്ധതി തുടൎന്നുപോകുന്നതു ശ്രമസാദ്ധ്യമെന്നു കരുതിയാണ ആളുകൾ ഇതഭ്യസിക്കാതെ കഴിയുന്നതു്. ഈ പദ്ധതിഅനുസരിച്ചു കുംഭകം ആപല്ക്കരം തന്നെയാണു്. പ്രാണായാമം അഭ്യസിച്ചു കഴിഞ്ഞ ഒരാളിനു കുംഭകംചെയ്വാൻ സാധിക്കും എന്നല്ലാതെ പ്രാരംഭത്തിൽ കുംഭകംചെയ്യുന്നതു വിഹിതമല്ല. പൂരകരേചകങ്ങൾമാത്രംകൊണ്ടുതന്നെ കുംഭകാവസ്ഥയിൽ എത്തിച്ചേരാൻ സാധിക്കും. ഇതു സുസാദ്ധ്യമാണെന്നു സ്വാമിശിവാനന്ദപരമഹംസൻ (സിദ്ധവേദത്തിന്റെ കൎത്താവു്) തെളിയിച്ചിട്ടുണ്ടു്. പൂരകരേചകങ്ങൾ അന്തൎന്നാഡികളിലേക്കുമാത്രം പായിപ്പിക്കുവാൻ സാധിക്കുമ്പോൾ അവിടെ കുംഭകാവസ്ഥ വന്നുകൊള്ളുമെന്നാണു് അദ്ദേഹത്തിന്റെ സിദ്ധാന്തം. അതു ഏററവും പരമാൎത്ഥമാണെന്നു അനുഭവംകൊണ്ടറിയാം. അതു ആപല്ക്കരമല്ലതാനും. ഇപ്രകാരം കുംഭകാവസ്ഥയിലേക്കു പ്രവേശിക്കുന്ന ഒരാളിനു സംശയനിവാരണത്തിനു ഗുരൂപദേശം ആരാഞ്ഞാൽ മതിയാകും. ആപല്ക്കരമല്ലാത്ത ഈ പദ്ധതി ഗൃഹസ്ഥാശ്രമികൾക്കും സ്വീകാൎയ്യമാണു്. ഇതിന്റെ പ്രാരംഭദശയിൽതന്നെ മഹാവ്യാധികളായി പരിണമിക്കാവുന്ന ചില്ലറ വ്യാധികളായ തലവേദന, വയററുവേദന, അഗ്നിമാന്ദ്യം, പനി, തണുപ്പു്, ജലദോഷം മുതലായവ നിഷ്പ്രയാസം മാററാവുന്നതാണു്.

പ്രത്യാഹാരം:—മനസ്സിനെ മററുചിന്തയിലേക്കു വിടാതെ ഏകാഗ്രമാക്കി നിറുത്തുന്ന അവസ്ഥയാണ പ്രത്യാഹാരം. പഞ്ചേന്ദ്രിയങ്ങളുടെ സംയമനമാണ ഇതുകൊണ്ടു സാധിക്കേണ്ടതു്. ധ്യാനം; സമാ

വിധിയ്ക്കു മുൻപ്

(എം. പ്രഭ, ബി. എ; ബി. എൽ.)

ഊണുകഴിഞ്ഞു ഞങ്ങൾ തങ്കത്തിന്റേയും അമ്മിണിയുടേയും മുറിയിൽ വെടിപറയുവാൻ കൂടി. ആ മുറിക്കു ഒരു ആകൎഷണീയതയുണ്ടു്. അതിലെ അന്തരീക്ഷത്തിനു് ഒരു ബന്ധുരതയും. മാരുതന്റെ മന്ദസ്പന്ദനം, പുറത്തു മട്ടുപ്പാവിൽനിന്നും പുരയുടെ പുറത്തേക്കു പടൎന്നുകയറിക്കിടക്കുന്ന നിശാഗന്ധിയുടെ നീലിമനിറഞ്ഞ നിഴലിന്റെ ശീതളിമ, അതിലെ ശുഭ്രങ്ങളായ കുസുമസഞ്ചയങ്ങളുടെ സുഗന്ധഗൎഭമായ നിശ്വാസത്തിന്റെ മാധുൎയ്യം, പ്രത്യേകിച്ചു കതിച്ചുയരുന്ന യൗവ്വനംധരിച്ച മൃദുഗാത്രികളുടെ സമ്മേളനം ഇവയൊക്കെയാണു് ഞങ്ങളെ അങ്ങോട്ടു സ്വാഗതം ചെയ്തിരുന്നതു്. പിന്നെ കാളേജ് തുറന്നിട്ടു കാലം വളരെക്കഴിഞ്ഞിട്ടില്ല, പരീക്ഷയെപ്പററിയുള്ള ഭീതി, ഞങ്ങളുടെ മനഃശാന്തതയെ ഭഞ്ജിക്കാൻ, ചിന്തയുടെ ചക്രവാളത്തിൽ പുകഞ്ഞുതുടങ്ങുവാൻ ഭാവിച്ചിട്ടുമില്ല. അന്നൊരു ഒഴിവുദിവസവുമായിരുന്നു.

രാവിലെ ബ്ളൗസ്സിനും മററും തുണി വാങ്ങുന്നതിനായി ഷാപ്പിൽ പോയിരുന്നപ്പോൾ ധരിച്ചിരുന്ന തന്റെ പുതിയ കാശ്മീരസാരി, മടക്കിക്കൊണ്ടു തങ്കം പറഞ്ഞു. "സുലൂ, നീയൊന്നങ്ങോട്ടുനീങ്ങു. ആ തലയണയുടെ കീഴിൽ ഈ സാരിയൊന്നുവച്ചുകൊള്ളട്ടെ, പിന്നെക്കയറിയിരുന്നുകൊള്ളൂ."

"എന്തിനാണങ്ങനെ വയ്ക്കുന്നതു് ചേച്ചീ". പാവാടയിൽനിന്നും ഇനിയും കയററംകിട്ടിക്കഴിഞ്ഞിട്ടില്ലാത്ത സുലോചന ജൂനിയർഇൻറർമീഡിയേററു വിദ്യാൎത്ഥിനിയായിരുന്നു.

ഭംഗിയുള്ള പുരികവും നല്ല കരിമിഴികളും ഉള്ള ബേബി ചോദിച്ചു. "ദിവസവും അലക്കിത്തേച്ചതുപോലെ പുതിയ സാരിയുടുത്തുകൊണ്ടു നടക്കുന്നതു് പിന്നെയെങ്ങനെയാണെന്നാണു് വിചാരിച്ചതു്; അതൊക്കെപ്പോട്ടെ, ഇപ്പോൾ ഇതെന്തിനു മടക്കിവെയ്ക്കുന്നു, വൈകിട്ടു എന്തെങ്കിലും പ്രോഗ്രാം ഉണ്ടോ."

തന്റെ ചുരുണ്ടുമറിഞ്ഞ കേശവേശത്തെ കെട്ടിവെയ്ക്കാൻ ശ്രമിച്ചുകൊണ്ടു് അമ്മിണി പറഞ്ഞു, "നോക്കൂ ഇന്ദുലേഖേ, നമുക്കു ഇന്നു വൈകുന്നേരം വാട്ടർവൎക്ക്സ് വഴി പാൎക്കിലേക്കൊന്നു നടക്കരുതോ?"

ധി; ഇവരണ്ടും കേവലം മാനസികമായ അവസ്ഥകളാണു്. പ്രാണായാമം, പ്രത്യാഹാരം ഇവ അഭ്യസിക്കുന്ന ഒരാളിനു ധ്യാനസമാധികൾക്കായി യാതൊന്നുംചെയ്യേണ്ടതില്ല. ഏകാഗ്രതകൊണ്ടു കിട്ടുന്ന ധ്യാനവും ലൗകികാവസ്ഥമറന്നാൽ ഉണ്ടാകുന്ന സമാധിയും അവയുടെ പരിണതഫലങ്ങളാണു്.

ജനാലയിലെ യവനികനീക്കി, ദൂരെയെങ്ങോ നോക്കിക്കൊണ്ടു്, തൻെറമാലയിലെ പെൻഡൻറും പതുക്കെ ചുംബിച്ചുകൊണ്ടു നിന്നശാരിക പെട്ടെന്നുതിരിഞ്ഞു" ശ് ശ് ശ് ശ്, ആപത്താണേ."

സായാഹ്നസഞ്ചാരം ആപൽക്കരമാണെന്ന ആ പ്രസ്താവന ഞങ്ങളെ അമ്പരപ്പിക്കുകതന്നെ ചെയ്തു. ഞങ്ങളെല്ലാവരും അവളുടെ നേരേതിരിഞ്ഞു. "എന്താണ്ശാരീ ആപത്തു്?" ആരോ അന്വേഷിച്ചു.

മതിലിൽചാരി, ഒരു കാൽ അലസമായി മറേറപ്പാദത്തിൻെറ മുകളിൽ വച്ചുകൊണ്ടു തൻെറ മാംസളമായ ശരീരത്തിൻെറ ബഹിർരേഖയെ വ്യക്തമാക്കുമാറു നിന്നുകൊണ്ടു ശാരി ചോദിച്ചു, "അപ്പോൾ കുറേനാൾമുൻപു ഇവിടെ താമസിച്ചിരുന്ന ഒരു കുട്ടിയ്ക്കു പററിയ ആപത്തു് നിങ്ങളാരും അറിഞ്ഞിട്ടില്ലേ?"

"ഞങ്ങളാരും കേട്ടിരുന്നില്ല. എന്താണെന്നു പറയൂ ഞങ്ങളിൽ ചിലർ അപേക്ഷിച്ചു, മററാളുകളുടെ കുററവും കുറവും കേൾക്കാൻ ജിജ്ഞാസയില്ലാത്തവരാരാണു്?"

"എൻെറ മൂത്തസഹോദരി ഇവിടെ താമസിച്ചിരുന്ന കാലത്തു നടന്ന കാര്യമാണു്. ചേച്ചിയാണതു എന്നോടു പറഞ്ഞതു്."

"ഓഹോ നിനക്കു അബദ്ധമൊന്നും പിണയാതെ സൂക്ഷിച്ചുകൊള്ളണമെന്നുപദേശിച്ചതാണല്ലേ?' ഇന്ദു പരിഹസിച്ചു."

"അതേയതേ, നിനക്കിനി അബദ്ധമൊന്നും പിണയാനില്ലല്ലോ?" ശാരിയും ഇന്ദുവും ഒരു മുറിയിൽ കഴിയുന്നവരും ഒരേ ക്ലാസ്സിൽ പഠിക്കുന്നവരുമാണു്.

"എ: ലഹളകൂട്ടാതിരിക്കൂ. ആ കഥയെന്തെന്നു പറയൂ ശാരീ" അമ്മിണി അപേക്ഷിച്ചു.

"നോക്കൂ. നിങ്ങൾ മിണ്ടാതിരിക്കണേ, ആ വാതിൽകൂടി ഒന്നടച്ചേക്കൂ. വലിയക്കൻ ഇങ്ങോട്ടെങ്ങാൻ കടന്നുവന്നാൽ വലിയ ആപത്താകും.

"സുലുവും ഡാളിയും കേൾക്കാൻപാടില്ലാത്തതാണു്; എന്നാലും പറഞ്ഞേക്കാം. ഞാനാണു് പറഞ്ഞുതന്നതെന്നു പുറത്തു പറയരുതെന്നുമാത്രം."

"കുറേവർഷങ്ങൾക്കുമുമ്പായിരുന്നുവെന്നു ഞാൻ പറഞ്ഞല്ലോ, അന്നു സാരിയും ഡോലക്കും പരിഷ്ക്കാരത്തിലെത്തിയിട്ടില്ല. ഏതോ ഒരു നാട്ടിൻപുറത്തുനിന്നും അവൾ ഇവിടെ പഠിക്കുവാൻ വന്നിരുന്നു. ഗ്രാമീണതയുടെ അകൃത്രിമത്വത്തിൽനിന്നും നഗരത്തിലെ നഗ്നമായ കൃത്രിമത്വത്തിലേക്കു്. അവൾ അന്നിവിടെ താമസിച്ചിരുന്നുവത്രേ. മാതാപിതാക്കന്മാരുടെ നിയന്ത്രണത്തിൻെറ ഇരുമ്പുചങ്ങലകൾക്കുള്ളിൽ നിന്നും, ഇരുട്ടറകളിൽനിന്നും പുറത്തേയ്ക്കു കടക്കുമ്പോൾ നമ്മുടെ ആത്മാവിനു് അത്ഭുതപൂർവ്വമായ ഒരു വികസിക്കലുണ്ടല്ലോ, ഒരു വിജൃംഭണം ഉണ്ടല്ലോ. സ്കൂൾഫൈനൽക്ലാസ്സ് പാസ്സായി, ചെറുകഥകളിലും നോവലുകളിലും മററും വായിക്കാറുള്ള പരിഷ്കൃതയും സംസ്കാരസമ്പന്നയും ആദരപാത്രവുമായ സർവ്വകലാശാലാ വിദ്യാർത്ഥിനിയുടെ ആ ഔന്നത്യത്തിലേയ്ക്കു്, ആ സിംഹാസനത്തിലേയ്ക്കു് നാം അവരോഹ

ണം ചെയ്യപ്പെടുകയായി. ലോകത്തെ അവധാനപൂർവ്വം ഒന്നു് സൂക്ഷ്മപരിശോധന ചെയ്യാനും അതിന്റെ നേരെ ഒന്നു് പുഞ്ചിരിക്കാനും, കവിളിലൊന്നു തട്ടിയിട്ടു പോകാനും നാം കൂട്ടാക്കാറില്ല. നമ്മുടെ ഹൃദയഹ്രദത്തിലെ പൂവുകൾ വിരിഞ്ഞുതുടങ്ങുക, മനുഷ്യജീവിതത്തിന്റെ ആസ്വാദനത്തിനായി, ആത്മാവു് അതിന്റെ ദീർഘങ്ങളായ കൈകൾ നീട്ടുന്നു, നമ്മുടെ സ്ത്രീത്വത്തിന്റെ നൈസർഗ്ഗികമായ ആകർഷണീയതയുടെ അഗാധതയെ അളന്നുനോക്കുന്നതിനായി ഉണ്ടാകുന്ന ഉല്ക്കടമായ ഉൽസുകത, ഹെലന്റെ കൺകോണുകളുടെയും ക്ലീയോപാട്രായുടെ നാസികയുടെയും വീനസിന്റെ ശരീരഘടനയുടേയും മാദകത്വം മനസ്സിലാക്കാനുള്ള തിടുക്കം. ചിന്തയുടെ അകത്തെ അറകളിൽമാത്രം വച്ചു സൂക്ഷിക്കാവുന്ന അഭിപ്രായങ്ങൾ വാദപ്രതിവാദത്തിനു വിധേയമാക്കാമെന്ന സ്വാതന്ത്ര്യം.

യാഥാസ്ഥിതികരായ അച്ഛനമ്മമാർ തങ്ങളെത്തന്നെ അഭിനന്ദിക്കാൻ ഇടയാക്കിയ സ്വഭാവത്തോടുകൂടിയ ഒരു യുവതിയായിരുന്നു അവൾ. വളരെ ഒതുക്കവും വണക്കവും. അന്നത്തെ മേട്രൺ അവളെ ആരാധിക്കുകകൂടി ചെയ്തുവത്രേ. ഏതെങ്കിലും കുട്ടി എന്തെങ്കിലും തെറ്റുചെയ്താൽ അവളെയായിരുന്നു ആദർശപാത്രമായി ചൂണ്ടിക്കാണിച്ചിരുന്നതു്. മററു കുട്ടികളുടെ രാഗാത്മകമായ ജീവിതവശങ്ങളുടെ നിരൂപണത്തിന്റെ മാധുര്യം ആസ്വദിക്കാൻ അവൾ കൂടിയിരുന്നില്ല. ഹോസ്റ്റലിൽനിന്നും കാളേജിൽ, അവിടെനിന്നും ഇവിടെ, മററു പെൺകുട്ടികളുടെ മുഖത്തുപോലും അവൾ നോക്കുകയില്ല. റോഡിലിറങ്ങിയാൽ അവളുടെ വലത്തേക്കണ്ണു വലത്തുകാലിന്റെ പാദവും ഇടത്തുകണ്ണു ഇടത്തുകാലിന്റെ പാദവുംവിട്ടു മറെറങ്ങും പോവുകയേയില്ല. ഒരുമാത്രനേരം ആ നികുഞ്ജങ്ങളുടെ തണലിൽ ഒരു നേരമ്പോക്കു പറയാൻ അവളെ ലഭിച്ചിരുന്നില്ല. കോവണിപ്പടികളിൽനിന്നു ഒരു വാക്കുപോലും അവൾ സംസാരിച്ചിരുന്നില്ല. പാക്ക്‌വരെ ഒന്നു നടക്കാമെന്നു സമ്മതിപ്പിക്കാൻ അവളുടെ കൂട്ടുകാക്കു ഒരുമാസത്തെ പണിയായിരുന്നു. ഒന്നു സിനിമാ കാണാൻ പോകാൻ അവർ ഭഗീരഥപ്രയത്നംതന്നെ ചെയ്തുവത്രേ.

ഒരു ഞായറാഴ്ചവൈകുന്നേരം, തിരുനാൾക്കാലത്തെ ദീപക്കാഴ്ച കാണുവാൻ കനകക്കുന്നുകൊട്ടാരംവരെ പോകാമെന്നു അവൾ സമ്മതിച്ചു. അതിന്റെ രമണീയതയെപ്പററി, മനോഹാരിതയെപ്പററി അവളുടെ കൂട്ടുകാർ നൂറു പ്രസംഗം ചെയ്തതിന്റെ ഫലമായിട്ടാണു്. സൂര്യൻ ആ നക്ഷത്രബംഗ്ലാവുകുന്നിന്റെ പുറകുവശത്തു മറഞ്ഞു, എന്നാൽ അസ്തമിക്കാൻ പിന്നെ ഒരുമണിക്കൂർ കാണും. മനസ്സിനെ മദിപ്പിക്കുന്ന ഒരു മാധുര്യം ആ വാട്ടർവക്ക്‌സ്സു ഉദ്യാനത്തിനുണ്ടു്, മനുഷ്യന്റെ ഹൃദയത്തെ പതപ്പിക്കുന്ന ഒരു മനോഹാരിത! ആ ഇളംതെന്നലും കാഞ്ചനവർണ്ണം കലങ്ങിയ അന്തരീക്ഷവും, മനുഷ്യനെ അവന്റെ നൈസർഗ്ഗികതയിലേക്കു പരിവത്തനം ചെയ്യിക്കാൻ അവിടെ തുളുമ്പിനില്ക്കുന്ന പ്രകൃതിയുടെ സൗന്ദര്യപ്രകർഷം കഴിവുള്ളതാണല്ലോ.

ഹിന്ദോളംരാഗംപോലെയുള്ള മദ്ധ്യം കഴിഞ്ഞ അവിടത്തെ ചെറുമതിലുകളിൽ കാറേററു സുഖിക്കാനും അതിലേ കടന്നു

പോകുന്ന യുവതികളെ നോക്കി നെടുവീർപ്പിടാനും വന്നിരുന്ന രണ്ടു യുവസുഭഗന്മാരുടെ അട്ടഹാസത്തുക്കൂടി, ഒരു ദുർമുഹൂർത്തത്തിൽ നമ്മുടെ കഥാനായികയ്ക്കും കൂട്ടുകാൾക്കും കടന്നുപോകേണ്ടതായി വന്നു. പ്രകൃതിവികൃതി കാട്ടാൻ ഉടുത്തൊരുങ്ങിനിന്ന ആ നേരത്തു, മന്മഥൻ അവളുടെ കണ്ണുകൾ പാദാഗ്രത്തിൽനിന്നും വലിച്ചെടുത്തു അവരിൽ ഒരാളിന്റെ കരളിലേക്കു എയ്തുകൊടുത്തു.

അവളുടെ സ്വപ്നങ്ങളിൽ തീപിടിച്ചു, നിശ്വാസത്തിനു നീളംകൂടി, പുഞ്ചിരിയിൽ പൂക്കൾവർദ്ധിച്ചു. ചിന്തകൾക്കു ചന്തമേറി, സംഭാഷണത്തിനു ചതുരത കലൻ. വസ്ത്രധാരണത്തിൽ ശ്രദ്ധപതിഞ്ഞു...... ... അവളെ ഒരു യഥാർത്ഥകാളേജുവിദ്യാർത്ഥിനിയായി പരിഷ്കരിക്കാൻ സാധിച്ചതിൽ അവളുടെ സഖികൾ കൃതാർത്ഥതപൂണ്ടു! അത്ഭുതപ്പെട്ടു, തങ്ങളുടെ കഴിവിൽ.

ഇടയ്ക്കൊന്നു പറഞ്ഞുകൊള്ളട്ടെ, പുരുഷന്മാരെ കാണുകയും, അവരോടു സംസാരിക്കയും സ്നേഹിതകളുമായി അവരെ നിരൂപണംചെയ്യുകയും ചെയ്യാറുള്ള യുവതികൾക്കു ഇതുമാതിരി ഒററനോട്ടത്തിൽ മറത്തരംപററുന്നതു സാധാരണയല്ലല്ലോ.

അന്നുമുതൽ നിത്യവുമെന്നപോലെ അവൾ നടക്കാൻപോയിരുന്നു. മററാരേയും കിട്ടിയില്ലെങ്കിൽ മിഡിൽസ്കൂളിൽ പഠിച്ചിരുന്ന ഒരു കുട്ടിയെക്കൂട്ടികൊണ്ടുപോകും. ചിലപ്പോൾ അവൾ പറയാറുണ്ടായിരുന്നുപോലും 'ചേച്ചിക്കൊരു ചേട്ടനുണ്ടു" എന്നു്. മഴയുണ്ടായാലും അവൾ പോയിരുന്നുവത്രേ. ഒരു സഖിയോടു ചില കാര്യങ്ങൾ അവൾ പറഞ്ഞുവെന്നാണു അറിയുന്നതു്, അഥവാ പറയാൻ നിർബന്ധിതയായിയെന്നു്. ഒരു വൈകുന്നേരം അവർ ആരുടേയോ കുടയുമായി മടങ്ങിവന്നു. പ്രദശനത്തിനു ദിവസവും അവൾ പോകുമായിരുന്നു. ചില സായാഹ്നങ്ങളിൽ ആളുകളുടെ ഞെരുക്കിൽക്കൂടി വഴിയുണ്ടാക്കി പോകുന്നതിനു അവൾ അസാമാന്യമായ സാമർത്ഥ്യവും കാണിച്ചിരുന്നുവത്രേ.

സാധാരണയായി അവൾ ശ്രദ്ധിക്കാതിരുന്ന പെട്ടിയുടെ പൂട്ടിൽ കൂടുതൽ ശ്രദ്ധപതിഞ്ഞുതുടങ്ങി. അതിൽ താക്കോൽ നിൽക്കാതെയായി. പ്രഭാതത്തിൽ ഉണന്നുകഴിഞ്ഞാലുടൻ അവൾക്കു വായനയല്ല എഴുത്തായിരുന്നു. നേരിയ നീലനിറമുള്ള കുറെ ലെററർപേപ്പർ അവൾ വാങ്ങി. അഞ്ചലാഫീസിൽപോകുന്ന വാല്യക്കാരൻ ബാലനു കോഴകൊടുത്തിരുന്നു. രാവിലെ ഒൻപതുമണിക്കു അഞ്ചൽവരുന്നസമയത്തു അവൾ താഴെയുണ്ടാകും. ഒരിക്കലോ മറേറാ അവൾക്കുവന്ന കവറിൽ തിരുവനന്തപുരത്തെ അഞ്ചൽമുദ്രകണ്ടു 'അതെവിടെനിന്നു?' എന്നു ആരോ അന്വേഷിച്ചുവത്രേ. തന്റെ ഒരു 'കസിൻ' ഉദ്യോഗത്തിൽ തിരുവനന്തപുരത്തുണ്ടെന്നും, അയാൾക്കു ഇവിടെവരാൻ ലജ്ജയായതുകൊണ്ടു കത്തയയ്ക്കുന്നതാണെന്നും അവൾ തൃപ്തികരമായ വിശദീകരണംനൽകി.

'കാലംപിന്നെയുംകഴിഞ്ഞു, കഥകൾനിറഞ്ഞ മാസംചിലതുപോയി അവളിൽ നിലാവിന്റെ നിറം നിഴലിച്ചുതുടങ്ങി. ഒരു മ്ലാനത, ഒരുഗ്ലാനി, ചിരികൾവിരളമായി, കുളിതനിയേയായി. ബുദ്ധിശാലിനികളായ കൂട്ടുകാർ എന്തോഒന്നു കണ്ടുപിടിച്ചു, ഒരു യാഥാർത്ഥ്യം, ഭയങ്കരമായ ഒന്നു; ഒരു

പരമാത്ഥം, ലജ്ജയുടെ മജ്ജയോടുക്രുടിയതു്; ഒരു സത്യം, നഗ്നതയുടെ വ്യക്തത തെളിഞ്ഞതു്.

അന്നു, അതാ, അവിടത്തെ മതിലിന്നു ഇത്ര ഉയരമുണ്ടായിരുന്നില്ല. ആ റോഡിൽ എലക്ടിക്ക ലൈററ്സുണ്ടായിരുന്നില്ല; അതാ സൂയ്യപ്രകാശം പലവണ്ണത്തിലും പ്രതിഫലിപ്പിക്കുന്ന കൃത്തുമുത്തുള്ള കപ്പിമുറികളംവച്ചതു് അതിൻെറശേഷമാണു്. അന്നു കുറേ കെട്ടിടങ്ങളം പണിയുന്നതിലേക്കായി ആ മതിലരികത്തെ കാർഷെഡ്കളിൽ ആററുമണൽ ക്രുട്ടിയിരുന്നു. 11 മണിക്കശേഷം ഇവിടെ ആരും വായിക്കുവാൻ പാടില്ല എന്നായിരുന്നു അന്നത്തെനിർബ്ബന്ധം. പിന്നെ വിളക്കു കത്തുകയില്ല. അന്നു ഇപ്പോഴത്തേപ്പോലെ ആളുകളം ഇല്ലാതിരുന്നതിനാൽ ചില മുറികളം ചിലക്കു പ്രത്യേകമായി കിട്ടിയിരുന്നു; വാതിൽ തുറക്കുമ്പോഴും അടയ്ക്കുമ്പോഴുംശബ്ദം ഉണ്ടാകാതെയിരിക്കാൻ എണ്ണയിട്ടാൽ മതിയാകും, തിണ്ണയിൽ കയററുപായ് വിരിച്ചിരുന്നതിനാൽ നടക്കുമ്പോഠം ശബ്ദം കേട്ടിരുന്നില്ല; ആ കോവണിപ്പടിയിലെ പലകകളം ഇളകിയിരുന്നില്ല, വാതിൽ പൂട്ടുന്ന പതിവുമുണ്ടായിരുന്നില്ല. നേരേ കണ്ണുകാണാനും ചെവികേഠംക്കാനും കഴിവില്ലാതിരുന്ന ഒരു വൃദ്ധനായിരുന്നു അന്നത്തെ പ്യൂൺ.

അവളോടു ആരും ഉരിയാടാതെ ആയി, അസ്പൃശ്യയോ മറേറാ ആണെന്നപോലെ, തനിയേയാണു അവഠം കാളേജിലേക്കു പോവുക. ദയനീയമായ, ഭയങ്കരമായ ആ സത്യം ലോകംമുഴുവനും അറിഞ്ഞു, അവളെ തുറിച്ചുനോക്കാൻ തുടങ്ങി, വാല്യക്കാരിമാർപോലും അവളെ പരിഹസിക്കാൻ തുടങ്ങി. എന്തിനധികം, അവളെ ഡിസ്മിസ്സ്ചെയ്കയാണുണ്ടായതു്."

ശാരിതെല്ലിട മിണ്ടാതെനിന്നു. ഞങ്ങളെല്ലാവരും വിവിധവികാരത്തോടെ സശ്രദ്ധം ശ്രവിക്കുകയായിരുന്നു. ശാരി ദീർഘമായൊന്നു നിശ്വസിച്ചു.

"നിങ്ങഠം എന്തുവിചാരിക്കുന്നു"

"എന്തു വിചാരിക്കാനാണു്? അവളൊരു മറയിയായിരുന്നു" അമ്മിണി വിധി പ്രസ്താവിച്ചു.

"ഇപ്പോഠം അവഠം ഉണ്ടോ, അതോ ആത്മഹത്യചെയ്തോ?" തങ്കം അന്വേഷിച്ചു.

എല്ലാവരും പൊട്ടിച്ചിരിച്ചു. പെട്ടെന്നു ചാരിയിരുന്ന കതകുതുറന്നു. ഞങ്ങളുടെ വിദ്യാത്ഥിനീമന്ദിരത്തിൻെറ ഭരണാധികാരിണി അവിടെ പ്രത്യക്ഷപ്പെട്ടു.

ചിരി നിലച്ചു.

"എന്തു പുതുമകേട്ടാണിത്രചിരി? അവർ ചോദിച്ചു.

ഞങ്ങളൊക്കെ ഒന്നു ഞെട്ടി. ആരും പറവാൻ ധൈയ്യപ്പെട്ടില്ല.

"എന്തായിരുന്നുകുട്ടി ഇവിടുത്തെ സംഭാഷണം?" സുലോചനയോടു ചോദിച്ചു. ഓരോ കവിഠംത്തടത്തിലും രണ്ടോമൂന്നോ മുഖക്കുരുമാത്രമുള്ള അവഠം വിശദീകരിച്ചു. "ശാരിച്ചേച്ചി ഇവിടെ പണ്ടു താമസിച്ചിരുന്ന ഒരു കുട്ടിയെ ഡിസ്മിസ്ചെയ്ത കഥ പറയുകയായിരുന്നു."

ഒരു പ്രത്യേകതരക്കാരിയാണു അവർ. ഒരു സ്ത്രീയുടെ പുറവും ഒരു പുരുഷൻെറ അകവും ആണു് അവരുടേതു്. മദ്ധ്യവയസ്കയായ അവർ ഒരു കന്യകയാണു്. അഥവാ ഒരു അവിവാഹിത. ഒരു ചെറിയ തെററുപോലും സഹിക്കുന്ന തരക്കാരിയല്ലവർ. ഞങ്ങളുടെ രക്ഷാകത്താക്കന്മാക്കെല്ലാം അവരെ വലിയ വിശ്വാസമായിരുന്നതിനാൽ ഞങ്ങഠംക്കെല്ലാം അവരെ ബഹുമാനവുമായിരുന്നു, ഭയവും.

അവർ ഞങ്ങളെ ഓരോരുത്തരേയും, ഞങ്ങളുടെ ഹൃദയം കാണ്മാനെന്നപോലെ സൂക്ഷിച്ചുനോക്കി. ഞങ്ങളൊക്കെ ചൂളിപ്പോയി. ഒരു കൊടുങ്കാററിൻെറ നാന്ദി അവരുടെ നയനങ്ങളിൽ നിഴലിച്ചു, പേമാരിയുടെ കാർമ്മേഘങ്ങൾ മുഖത്തും.

“നിങ്ങൾ ചിരിക്കുന്നു, പൊട്ടിച്ചിരിക്കുന്നു; പരിഹസിക്കുന്നു. നിങ്ങളെപ്പോലെ ഒരു യുവതിയുടെ നിർഭാഗ്യത്തിൽ, അവൾ പതിതയാണെന്നും വെറുക്കപ്പെടേണ്ടവളാണെന്നും സമുദായമദ്ധ്യത്തിൽനിന്നും ബഹിഷ്കരിക്കേണ്ടവളാണെന്നുംഉള്ള ഭാവത്തിൽ. നിങ്ങൾ മഞ്ഞുതുള്ളികളെപ്പോലെ, ആമ്പൽപൂക്കളെപ്പോലെ, പ്രഭാതത്തെപ്പോലെ പരിപാവനകളെന്നസ്വരത്തിൽ. വിധികർത്താക്കളായ നിങ്ങളോട് ഒരു ആത്മപരിശോധനചെയ്യാൻ ഞാൻ ആവശ്യപ്പെടുന്നു. നിങ്ങളുടെ അന്തഃകരണത്തിൽ നിഴൽക്കൂടാത്ത ഒരു പരമാർത്ഥമുണ്ടല്ലോ, അതൊന്നു വീക്ഷിക്കൂ നിഷ്പക്ഷമായി. നിങ്ങളെല്ലാവരും കൗമാരാവസ്ഥയിൽനിന്നും യൗവ്വനത്തിലേക്കു ആഞ്ഞുചെല്ലുന്നവരാണു്. അവളും ആ പ്രായത്തിലായിരുന്നു. നിങ്ങളിൽ ഇന്നു പ്രചണ്ഡമായി അലതല്ലുന്നു; പക്ഷെ ഉണ്ടെന്നു സമ്മതിക്കാൻ നിങ്ങൾ തയ്യാറാകാത്ത വികാരങ്ങൾ നിങ്ങളെ എന്തിനൊക്കെ പ്രേരിപ്പിക്കുകയില്ല. നിങ്ങളുടെ അമ്മമാക്കു അങ്ങനെ ഉണ്ടായിട്ടുണ്ടു്. അവരുടെ അമ്മമാക്കും. ആ വികാരത്തെ നൈസർഗ്ഗികമായി, പ്രകൃതിദത്തമായി, ഉള്ള ആ വികാരത്തേയാണൊ നിങ്ങൾ കുററപ്പെടുത്തുന്നതു്? നിങ്ങൾ അതിൽ അഭിമാനിക്കുകയാണുവേണ്ടതു്;ലജ്ജിക്കുകയല്ല.

വേറൊന്നുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. ആ പാവപ്പെട്ട പെൺകുട്ടിയെ പുറംതള്ളുവാൻ ഹേതുവായ പരിതഃസ്ഥിതികളുടെ അണിയറയിൽ സംഭവിച്ചിരിക്കാനിടയുള്ള നാടകങ്ങളിൽ ഒരുരംഗത്തിലെങ്കിലും അഭിനയിച്ചിട്ടില്ലാത്തവരായി നിങ്ങളിൽ എത്രപേരുണ്ടു്? നിങ്ങൾ ഉത്തരംപറയേണ്ട, കുററാരോപണത്തിനു മുമ്പു അതൊന്നു ഓക്കണമെന്നു മാത്രം. പക്ഷെ നിങ്ങളൊക്കെ ലോകത്തിൻെറ ദൃഷ്ടിയിൽ പരിപൂർണ്ണകളാണു്. എന്തെന്നാൽ പ്രകൃതി നിങ്ങളോടു ഒരു മഹാമനസ്കത കാണിച്ചു. ഒരു ഔദാര്യം, ഒരു സൌജന്യം അഥവാ നിങ്ങളുടെ സ്ത്രീത്വത്തിൽ ഒരു അപൂർണ്ണതയുണ്ടു്, ഒരു അപകടതയുണ്ടു്. നിങ്ങളെ ഭാവിയിൽ അമ്മമാരാകാൻ അനുവദിക്കാത്തതരത്തിലുള്ള ശാരീരികവൈകല്യമുണ്ടു്, ഖേദിക്കേണ്ട ഒരു സംഗതിയാണതു്. എന്നാൽ നിങ്ങൾ ഇന്നു ലോകത്തിൻെറ ദൃഷ്ടിയിൽ, കുലീനകൾ, ആദശ യുവതികൾ, സംസ്കാരസമ്പന്നകൾ. യാഥാർത്ഥ്യം കാണാൻ കണ്ണില്ലാത്ത ഈ ലോകത്തിൽ ഇതിനെല്ലാം സ്ഥാനമുണ്ടു്, ശരിതന്നെ; എന്നാൽ എൻെറ കുഞ്ഞുങ്ങളെ, നിങ്ങൾ ഈ അഭിനയം ഒന്നു മാററിവച്ചു മനുഷ്യയുവതികളാകാൻ തയ്യാറാകുകയില്ലേ? ഹൃദയമുള്ളവരാകാൻ ശ്രമിക്കയില്ലെ, യഥാർത്ഥത്തിൽ നിഷ്കളങ്കകളാകാൻ യത്നിക്കുകയില്ലേ?”

അവരുടെ കണ്ണുകളിൽ ബാഷ്പബിന്ദുക്കൾ നിഴലിച്ചു. ശബ്ദമൊന്നിടറി, ഞങ്ങളുടെനേരേ ദയനീയമായി ഒന്നു നോക്കിയിട്ടു് അവർ തിരിഞ്ഞുപോയി.

ചില സ്പന്ദനങ്ങൾ നഷ്ടപ്പെട്ട ഹൃദയത്തോടെ ഞങ്ങൾനിന്നു. കുററക്കാരികളുടെ ഭാവം പലരുടേയും മുഖത്തു പ്രതിഫലിച്ചിരുന്നു.

കുറച്ചിടകഴിഞ്ഞു ഇന്ദു എൻെറ ചെവിയിൽ മന്ത്രിച്ചു. “വലിയക്കനു് എന്തോ അബദ്ധംപററിയിട്ടുണ്ടു്.”

നവീന ഹിതോപദേശകഥകൾ.

(മൂക്കോത്തു കുഞ്ഞപ്പ.)

II

സിംഹവും എലിയും.

ഒരു സിംഹം ഒരു എലിയുടെ ജീവനെ രക്ഷിച്ചതിനു ബദലായി എലി സിംഹത്തെ രക്ഷിച്ച ഈസോപ്പിൻെറ വകയായുള്ള ചെറുകഥ എല്ലാവരും കേട്ടിരിക്കാനിടയുണ്ടെങ്കിലും, ആമ്പ്രോസ് ബിയർസ് എന്ന പ്രസിദ്ധ അമേരിക്കൻസാഹിത്യകാരൻ അതിനെപ്പററി എഴുതിയ പരിഹാസാനുകരണം അത്രതന്നെ സുപരിചിതമായിരിക്കാൻ ഇടയില്ല. ഇതാണ് ബിയർസിൻെറ കഥ.

ഒരിക്കൽ ഇരതെണ്ടി ക്ഷീണിച്ച ഒരു സിംഹം ഒരു ദിക്കിൽ കിടന്നുറങ്ങുന്ന അവസരത്തിൽ, അടുത്തുണ്ടായിരുന്ന കുറെ ചുണ്ടെലികൾ അതിൻെറ ചുററും വന്നു ഓടിക്കളിച്ചുതുടങ്ങി. കൂട്ടത്തിൽ ഒന്നുരണ്ടു വീരന്മാർ മൃഗരാജൻെറ മേലിലും ഓടിക്കയറി. സിംഹത്തിൻെറ ഉറക്കം ഞെട്ടിയപ്പോൾ അവയൊക്കെ ഓടിഒളിച്ചു. ഒന്നിനുമാത്രം വിചാരിച്ചത്ര വേഗത്തിൽ ഓടാൻ കഴിയാതെ, അതു സിംഹത്തിൻെറ പിടിയിൽ പെട്ടുപോയി. ഉറക്കം ഞെട്ടിച്ച കോപത്തിൽ സിംഹം അതിനെ സംഹരിക്കതന്നെ ചെയ്യുമെന്നുകണ്ടു്, എലി താൻ അറിയാതെചെയ്തു അപരാധം ക്ഷമിക്കണമെന്നും, ഇനി ഒരിക്കലും അങ്ങിനെ ചെയ്യുകയില്ലെന്നും, വല്ലപ്പോഴും ആവശ്യം നേരിട്ടാൽ സിംഹത്തിനുവേണ്ടി എന്തും ചെയ്യാൻ താൻ ഒരുക്കമാണെന്നും കെഞ്ചി അപേക്ഷിച്ചു. "ഇത്ര ചെറിയ മൃഗമായ നിന്നെക്കൊണ്ടു് മൃഗരാജനായ എനിക്കവേണ്ടി എന്താവശ്യമാണു് നിറവേററുവാൻ കഴിയുക?" എന്നു പുച്ഛിച്ചുവെങ്കിലും എലിയുടെ ദീനരോദനംകേട്ടു മനസ്സലിഞ്ഞു സിംഹം അതിനെ ശിക്ഷിക്കാതെവിട്ടു.

കുറെ ദിവസത്തിന്നുശേഷം, അതേ സിംഹംതന്നെ അതേസ്ഥലത്തു, കെണിയിൽ പെട്ടുഴലുന്നതു അതേ എലിതന്നെ കാണുകയും, തൻെറ ജീവനെ രക്ഷിച്ച സിംഹത്തിൻെറ നിസ്സഹായനില മനസ്സിലാക്കി, ഓടി അടുത്തുചെന്നു തൻെറ മൂർച്ചയുള്ള പല്ലുകൾകൊണ്ടു കടിച്ചു സിംഹത്തിൻെറ വാലു മുറിച്ചുകളകയും ചെയ്തു!

* * *

കൃതജ്ഞതകൊണ്ടു സിംഹത്തിൻെറ വല ഖണ്ഡിച്ച ഈസോപ്പിൻെറ എലിയേക്കാൾ, കൃതഘ്നതകൊണ്ടു് അതിൻെറ വാലുമുറിച്ച തൻെറ എലിയാണു് ലോകസ്വഭാവത്തിന്നു് അധികം യോജിപ്പുള്ളതെന്നാണു് ബിയർസിൻെറ വാദം. അതു മുഴുവനും ശരിയാണെന്നു വകവെച്ചുകൊടുക്കേണ്ടതില്ലെങ്കിലും, കുട്ടികളെ പഠിപ്പിക്കേണ്ടതു് ഈസോപ്പിൻെറ കഥയും, മുതിന്നവരെ വായിപ്പിക്കേണ്ടതു് ബിയർസിൻെറ കഥയും ആണെന്നു സമ്മതിക്കുന്നതിൽ വലിയ തെററില്ലെന്നു തോന്നുന്നു.

* * * *

കൃതഘ്നതയെപ്പററിത്തന്നെ ഒരു റഷ്യൻ കഥയുണ്ട്. ഐവാൻകിർക്കോവ് എന്ന മഹാൻ ഉണ്ടാക്കിയതാണ്. കിർലോവിനെയും, അദ്ദേഹത്തിൻെറ അനവധി ഉപദേശകഥകളേയും അറിയാത്ത റഷ്യാക്കാരൻ ഉണ്ടാവില്ല. രാജാവും പ്രജയും, ധനികനും ദരിദ്രനും, നാടോടിയും നഗരവാസിയും, പണ്ഡിതനും പാമരനും, സ്ത്രീയും പുരുഷനും, ബാലനും വൃദ്ധനും, ആയി സോഷ്യലിസത്തിന്നുമുമ്പു എന്തൊക്കെ തരക്കാർ റഷ്യയിൽ ഉണ്ടായിരുന്നുവോ അവർക്കൊക്കെ കിർക്കോവിൻെറ കഥകൾ മുഖസ്ഥമായിരുന്നു. അവരൊക്കെക്കൂടി ഒന്നായി കലങ്ങി സഖാക്കളായിത്തീർന്ന ഇന്നും അദ്ദേഹത്തിൻെറ കഥകൾക്കുള്ള പ്രചാരം കുറഞ്ഞിട്ടില്ല.

*   *   *   *

കരടിയുടെ പിടിയിൽനിന്നു രക്ഷിക്കപ്പെട്ട കൃഷിക്കാരൻ

ഒരു ദിവസം സന്ധ്യാസമയത്തു ഒരു കൃഷിക്കാരനും അദ്ദേഹത്തിൻെറ വേലക്കാരനുംകൂടി വീട്ടിലേക്കു മടങ്ങുകയായിരുന്നു. വഴിക്കുണ്ടായിരുന്ന ഒരു വലിയ കാട്ടിലെത്തിയപ്പോൾ പെട്ടെന്നു മരങ്ങളുടെ ഇടയിൽനിന്നു ഒരു കരടി വെളിക്കുചാടി, കൃഷിക്കാരനെ വാരിയെടുത്തു. മരണം ആസന്നമായിക്കണ്ട കൃഷിക്കാരൻ, "ചങ്ങാതി എന്നെ—സഹായിക്കൂ! പൊന്നനുജാ എന്നെ രക്ഷിക്കൂ!" എന്നു വേലക്കാരനോടു നിലവിളിച്ചപേക്ഷിച്ചു.

വേലക്കാരൻ തൻെറ കൈയ്യിലുണ്ടായിരുന്ന മഴുകൊണ്ടു, സർവ്വശക്തിയും പ്രയോഗിച്ചു കരടിയുടെ തല ഒരു ഒററവെട്ടിനു പിളന്നു. കുന്തംകൊണ്ടു കുത്തി അതിൻെറകുടൽമാല പുറത്താക്കി. കരടി ചത്തുവീണു.

താൻ മരണത്തിൽനിന്നു രക്ഷപ്രാപിച്ചുവെന്നു തീർച്ചയായ ഉടനെ കൃഷിക്കാരൻ വേലക്കാരൻെറ നേരെ ദേഷ്യത്തോടെ തിരിഞ്ഞു അവനെ ശകാരിപ്പാൻ തുടങ്ങി.

ആ സാധു അത്ഭുതപരതന്ത്രനായി. "ഇതെന്തു കഥ? ഞാൻ എന്തുപിഴച്ചു?" എന്നു ചോദിച്ചു.

"എന്തുപിഴച്ചുവെന്നൊ ചോദിക്കുന്നതു, കഴുതെ! നീ ഈ കരടിയെ ഇങ്ങിനെ വെട്ടിയതുകൊണ്ടു അതിൻെറ തോൽ മുഴുവനും നഷ്ടമായില്ലെ. ഇനി അതു വിൽക്കാൻചെന്നാൽ ഒരു കാശുപോലും വിലകിട്ടില്ല."

*   *   *

ബിയർസ് ചിത്രീകരിച്ചതു നഗ്നമായ കൃതഘ്നതയാണെങ്കിൽ, കിർക്കോവ് വിവരിക്കുന്നതു, ചെയ്തുകൊടുത്ത വമ്പിച്ച ഉപകാരത്തിനുംകൂടി ദോഷാരോപണംചെയ്യുന്ന സ്വഭാവത്തെയാണ്. അതിന്നു് അനുഭവരസികത്വം കൂടും. ഇല്ലെ? എത്ര ഉപകാരം ചെയ്താലും, പിന്നെയും അതിലധികം ചെയ്തില്ലല്ലൊ എന്നു പരാതി പറയാത്തവർ വല്ലവരും ഉണ്ടോ? മികച്ചുവന്നാൽ ഞാനും, നിങ്ങളും നമ്മുടെ ചില ഉററമിത്രങ്ങളും ഉണ്ടായിരിക്കും. എന്തൊരു ലോകം!

അതും പോരാഞ്ഞിട്ടു, കൃതഘ്നതയാണ് കൃതജ്ഞതയേക്കാൾ സഹജമായ സ്വഭാവം എന്നു സമർത്ഥിക്കുന്ന കൂട്ടരും ഉണ്ട്. അവരുടെ വാദത്തിൻെറ പോക്കു രസമുള്ളതാണ്.

കടംതരുന്ന ആൾ നമ്മുടെ ബുദ്ധിമുട്ടു തീർക്കുവാൻ സഹായിക്കുന്നുണ്ടെങ്കിലും കടക്കാരനെ ആർക്കും ഇഷ്ടം കാണില്ല. "കടക്കാരനെ കണ്ടാൽ വയററിലുള്ള വെള്ളരിത്തോൽകൂടി ദഹിച്ചുപോകും," എന്നും മററുമുള്ള പഴഞ്ചൊല്ലുകൾ ആ മനോഭാവ

ത്തിന്നു സാക്ഷ്യം വഹിക്കുന്നു. അയാളുടെ സഹായം അൎത്ഥിക്കേണ്ടിവന്നുവല്ലൊ എന്നുള്ള ലാഘവം തീരുന്നതു കടം കൊടുത്തു തീൎത്താൽ മാത്രമാണു്. അതുപോലെതന്നെ നമ്മെ ഏതെങ്കിലുംവിധത്തിൽ സഹായിച്ച മാന്യനു് അങ്ങോട്ടു വല്ല സഹായവും ചെയ്യുവാൻ സാധിക്കുന്നതുവരെ അദ്ദേഹത്തെ കാണുന്നതു് നമുക്കു വലിയ സുഖമുള്ള കാൎയ്യമല്ല. അങ്ങിനെയൊരു മനോഭാവം പാടില്ലെന്നും കൃതജ്ഞതയാണു് നമ്മുടെ കടമയെന്നും ഉള്ള ബോധം ആ അസുഖത്തെ തീരെ നീക്കംചെയ്യാൻ ശക്തമാവുന്നില്ല. അഥവാ "കടമ", "കടപ്പെട്ടവൻ" എന്നിങ്ങിനെ നാട്ടുകാർ ഉപയോഗിക്കുന്ന പദങ്ങൾതന്നെ മനുഷ്യന്റെ യഥാൎത്ഥ മനോവികാരത്തെയാണു് പ്രതിബിംബിപ്പിക്കുന്നതു്. വിജ്ഞാനികളായവർ സൃഷ്ടിക്കുന്ന പദങ്ങൾക്കു മാത്രമല്ല, നാട്ടുകാർ സ്വയം ഉപയോഗിച്ചു പഴകിയ പദങ്ങളും അൎത്ഥപുഷ്ടിയുള്ളവയാണു്. ഒരുത്തന്നു ആജീവനാന്തം പരിശ്രമിച്ചാൽ വീട്ടാൻസാധിക്കാത്തമാതിരി ഉപകാരം മറെറാരുത്തൻ ചെയ്തുകൊടുക്കുന്നതു്, അവനെ ആജീവനാന്തം തന്റെ ശത്രുവാക്കുകയാണു് ചെയ്യുക എന്നും അവർ പറയുന്നു.

ലോകർ സാധാരണയായി വാസ്തവമായി കരുതിവരുന്ന തത്വത്തെ ഇവർ തലതിരിച്ചുപിടിച്ചിരിക്കയാണെന്നൊ? അതല്ല, ഇവരുടെ വാദത്തിലും വാസ്തവത്തിന്റെ ഒരു ശകലം സ്ഥിതിചെയ്യുന്നുണ്ടോ? കൃതജ്ഞതയോ കൃതഘ്നതയൊ മനുഷ്യന്റെ സഹജസ്വഭാവം?

ഈ പ്രശ്നങ്ങൾ രസകരമായ വാദവിഷയങ്ങളാകയാൽ വായനക്കാൎക്കായി സമ്മാനിക്കുകതന്നെ.

"കൈരളിക്കു കാണിക്കവെച്ച
നവവത്സരോപഹാരം."

"രഹസ്യങ്ങൾ"

ആധുനിക ഗദ്യനാടകപ്രസ്ഥാനത്തിന്റെ
പുതുമകൾ പുലൎന്ന ഭാവാത്മകനാടകം.

ഗ്രന്ഥകൎത്താ,
പട്ടം എൻ. ഗോപാലൻനായർ.

വില രൂപാ ഒന്നു്.

ഒന്നാംപതിപ്പിൽ ഇനി കുറച്ചു കോപ്പി
കൾകൂടി വില്പാനുണ്ടു്.

ഉടൻ ആവശ്യപ്പെടുക:—
ശ്രീവിലാസ് പ്രസ്സ്,
തിരുവനന്തപുരം.

നമ്പ്യാരുടെ ൩൰ തുള്ളൽക്കഥകൾ

പുതിയ പതിപ്പു് അച്ചടിച്ചു തയാറായിരിക്കുന്നു.

വില രൂപാ 4 മാത്രം.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

"ഹിപ്പൊപ്പൊട്ടാമസ്"

(മലയാററൂർ രാമകൃഷ്ണൻ)

ഈയിടെ, തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ കൊണ്ടുവന്നിട്ടുള്ള ഒരു മൃഗത്തിന്റെ പേരാണ് മേൽപറഞ്ഞതു്. അതിനെപ്പററിയുള്ള ഒരു ചെറിയ വിവരണം രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഏകദേശം ഒരു പന്നിയോടു സാദൃശ്യം വഹിക്കുന്ന ഈ ജീവിയെ, "നീർപന്നി" എന്നു വിളിക്കുന്നതിൽ വലിയ അബദ്ധം കാണുകയില്ല. കരജന്തുക്കളിൽ, ആന കഴിഞ്ഞാൽ പിന്നെ വലിയജന്തു "ഹിപ്പോ" യാണ്.

വീപ്പപോലെ ഉരുണ്ടു് തടിച്ചു് നീണ്ട ശരീരം, നീളംകുറഞ്ഞ നാലു തടിച്ച കാലുകൾ, ദേഹത്തിനു ചേരാത്ത ഒരു വലിയ തല ഇത്രയുമാണ് നാം ഒററനോട്ടത്തിനു "ഹിപ്പോ"യിൽ കാണുന്നതു്. വളരെ വലുതായ സ്വന്തം തല താങ്ങുവാൻ സാധിക്കാതെ അയാൾ എപ്പോഴും അതു നിലത്തു ഊന്നിവച്ചിരിക്കുന്നതു കാണാം.

രണ്ടു ചെറിയ കണ്ണുകൾ, ഉരുണ്ട രണ്ടു ചെറിയ ചെവികൾ, വീതികുറഞ്ഞു നീണ്ട നാസാദ്വാരങ്ങൾ എന്നിവയാണ് മുഖത്തു പ്രധാനമായി കാണുക. യഥേഷ്ടം ചെവിയും മൂക്കും "ഹിപ്പോ"യ്ക്കു അടയ്ക്കുവാൻ സാധിക്കും. പൊക്കം തീരെ കുറഞ്ഞ ഈ മൃഗത്തിന്റെ വയറു് ഭൂമിയോടു കൂടക്കൂടെ ചേർന്നു്, ഉരസുന്നതു കാണാം. ഒരു ചെറിയ വാലുള്ളതു്, അടിച്ചുപരത്തിയതുപോലെ തോന്നും. ഇതിന്റെ കഴുത്തു വളരെ ബലവത്താണ്.

ഓരോ കാലിനും നാലു വിരലുകൾവീത മുണ്ടു്. അവ മാംസപേശികളാൽ പര സ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. കുളമ്പുകൾ കാൽവിരലുകളെ സൂക്ഷിക്കുന്നു.

"ഹിപ്പോ"യുടെ ശരീരം ആകപ്പാടെ ന ഗ്നമാണ്. നാസികയ്ക്കടുത്തും കഴുത്തിലും വാലിലും മാത്രമേ രോമം കാണുന്നുള്ളു.

"ഹിപ്പോ"യുടെ തുറന്ന വായ് ഒരു വൃ ത്തികെട്ട കാഴ്ചയാണ്. ഒരു ചുകന്ന ഗു ഹയാണോ നാം കാണുന്നതു് എന്നു തോ ന്നിപ്പോകും. രണ്ടുവരിയായി ശക്തിയുള്ള പല്ലുകൾ കാണാം. അവയുടെ വളച്ച് ഒ രിക്കലും നിലയ്ക്കുന്നില്ല.

മങ്ങിയ പിച്ചളനിറമാണ് "ഹിപ്പോ" യുടെ തോലിനുള്ളതു്. പക്ഷേ പരിസര ങ്ങൾ അനുസരിച്ചു് അതു കറുപ്പായോ ച കപ്പായോ മാറാം.

കൂടുതൽ സമയവും വെള്ളത്തിൽ കഴി ക്കാനാണ് ഇയാൾക്കു ഇഷ്ടം. സ്വജന്മ ഭൂമിയായ ആഫ്രിക്കൻനദികളിൽ, ഇവര പററംപററമായി ഉറങ്ങുന്നതു കാണാം വെള്ളത്തിനടിയിൽ ഇവ ൫ മുതൽ ൧൦ മി നിററുവരെ നിഷ്പ്രയാസം താഴ്ന്നു ‌ളയും. താഴുന്ന അവസരത്തിൽ ആദ്യം ങ്ങുന്നതു പൃഷ്ഠഭാഗമാണ്. "ഹിപ്പോ" ത കച്ചും ഒരു സസ്യഭുക്കാണ്. രാത്രിസമയ അയാൾ ഇണയുമൊരുമിച്ചു കരയിൽ യറിവന്നു ഒരു വലിയ "ഊണ്" കഴിക്ക പതിവാണ്. ൧൧ അടി നീളം വരുന്

രഹസ്യക്കത്തുകൾ

(കെടാമംഗലം)

എറണാകുളം
ഫ വൃ ഫഫൻ

പ്രിയപ്പെട്ട സുശീലേ!

ഇതെന്തൊരു മൌനമാണ്. മാസം രണ്ടുകഴിഞ്ഞില്ലേ? അയ്യോ എനിക്കു ഭയമാകുന്നു. ഞാൻ പറഞ്ഞിട്ടില്ലേ, അതൊരു വല്ലാത്ത പട്ടണമാണെന്നു്. എന്റെ വാക്കുകൾ വിസ്മരിച്ചുപോയോ. ഉദ്യോഗജീവിതത്തിലെ തിരക്കുകളാണു കാരണമെങ്കിൽ എനിക്കു പരിഭവമില്ല. അല്ലെങ്കിൽ ? ഇതു് അക്ഷന്തവ്യമായ ഒരു അപരാധമാണ്.

എന്നു്, സ്വന്തം സുമതി (ഒപ്പ്)

കോഴിക്കോട്ട്
൬൦ വൃ ഫഫൻ

പ്രിയപ്പെട്ട സുമതി,

ക്ഷമിക്കണം. ഒരു സന്തോഷവാർത്ത അറി

വയറിൽ കുറച്ചു ഭക്ഷണമൊന്നുമല്ലല്ലോ കയറുന്നതു്! വിളവുകളുണ്ടെങ്കിൽ, അവയെ "ഹിപ്പോ" വെറുതെ കളയുകയില്ല. നെല്ല്, ചോളം, കരിമ്പ് ഇവ അയാൾക്കു വലിയ ഇഷ്ടമാണ്. മണം പിടിച്ചു നേരം വെളുക്കാറാകുമ്പോൾ, സ്വസ്ഥാനത്തെത്തി അയാൾ ഒരു നല്ല ഉറക്കം നടത്തും. ഈ രാത്രിസഞ്ചാരങ്ങളിൽ, ഇയാൾ ഉണ്ടാക്കുന്ന ശബ്ദം കുറച്ചു ഭയങ്കരംതന്നെയാണ്!

"ഹിപ്പോ" എട്ടുമാസത്തെ ഗർഭത്തിനു ശേഷം പ്രസവിക്കുന്നു. സാധാരണ ഒരു കുട്ടിയേ കാണുകയുള്ളൂ. മാതാവായ "ഹിപ്പോ", കുട്ടിയെ ഏററവും സൂക്ഷിച്ചു കൊണ്ടുനടക്കുന്നു. പക്ഷേ കൂടുതൽ ഗൗരവക്കാരനായ പിതാവ് കുടുംബകാര്യങ്ങളിൽ തലയിടുന്നതേയില്ല. നാട്ടിൽ കൊണ്ടുവന്നാലും ഇവ പ്രസവിച്ചെന്നു വരാം. തടവ് ഇവയെ വല്യതായി ബാധിക്കുന്നില്ല.

"ഹിപ്പോ"യുടെ ആയുസ്സ് എത്രയാണെന്നു ക്ലിപ്തപ്പെടുത്തി പറഞ്ഞുകൂടാ. പക്ഷേ, ലണ്ടൻ കാഴ്ചബംഗ്ലാവിൽ ഒരു "ഹിപ്പോ" ൩൫ കൊല്ലം ജീവിച്ചിരുന്നതായി രേഖയുണ്ട്.

സ്വാഭാവികമായി ശാന്തനും ഭീരുവുമായ ഇയാളെ, ക്ഷോഭിപ്പിച്ചാൽ ചിലപ്പോൾ സംഗതി ഗൗരവപ്പെട്ടെന്നു വരും. നദികളിൽ "ഹിപ്പോ" വാസമുണ്ടെന്നറിഞ്ഞാൽ, വള്ളക്കാർ സൂക്ഷിച്ചേ പോകാറുള്ളൂ.

ഇവയുടെ തുകലും, ഇറച്ചിയും, കൊഴുപ്പും പണമുണ്ടാക്കുവാൻ സാധകമായതിനാൽ ഇവയെ വേട്ടയാടാറുണ്ട്. പണ്ട് ഇവയുടെ തേററ, കൃത്രിമപ്പല്ലുണ്ടാക്കാൻ ഉപയോഗിച്ചിരുന്നു.

നമ്മുടെ കാഴ്ചബംഗ്ലാവിലെ "ഹിപ്പോ" ഒരു കുഞ്ഞാണ്. ഒരു കൃത്രിമത്തടാകത്തിൽ അയാൾ ജീവിക്കുന്നു. സന്ദർശകരെ വായുംപൊളിച്ചു് അയാൾ നോക്കിനില്ക്കും. നാം വിളിക്കുന്നെങ്കിൽ ഒരു പശുവിനെപ്പോലെ, നടന്നു് വിളികേൾക്കും. ഇയാൾക്കു് ഒരു കൂട്ടുകാരനെ—ഒരു കൂട്ടുകാരിയായിരിക്കും ഭേദം—ഉണ്ടാക്കിക്കൊടുക്കുന്നതു് നന്നായിരിക്കും.

യിക്കുവാൻ ഞാൻ കാത്തിരിക്കയാണു്. പക്ഷെ, ഇനിയും സമയമായിട്ടില്ല. എന്നാലും ഒരു സൂചന നൽകാം. ക്ലേശംനിറഞ്ഞ ജീവിതമരുഭൂമിയിൽ വിരസമായി നടന്നു കുഴഞ്ഞ ഞാൻ ആനന്ദസന്ദായിനിയായ ഒരു കുളിർപൊയ്ക കണ്ടെത്തി. ഇത്രമാത്രമേ ഇപ്പോൾ അറിയേണ്ടു. കൂടുതലൊന്നും ചോദിക്കരുതു്. എൻെറ പ്രിയസഖിയും ഇതിൽ ആഹ്ളാദിക്കുന്നില്ലേ. ഏതായാലും എൻെറ സ്നേഹിതയുടെ ഭീതി അകാരണവും അനാവശ്യവുമാണെന്നു എനിക്കിപ്പോൾ തോന്നിപ്പോകുന്നു. കാരണങ്ങൾ പിന്നീടു വ്യ മാക്കാം. തൽക്കാലം ഇത്രമാത്രം.

എന്നു് ആത്മമിത്രം സുശീല (ഒപ്പു്)

എറണാകുളം
൧൫ വൃ ൧൧൯

പ്രിയസഖീ,

കത്തുകിട്ടി, അപ്പോൾ എൻെറ ഊഹത്തിൽ തെററില്ല. അനന്തമായ ആ പ്രവാഹത്തിൽ എൻെറ ആത്മസ്നേഹിതയും അകപ്പെട്ടുകഴിഞ്ഞു. വനമുല്ലയിലും വസന്തം വന്നുകഴിഞ്ഞു. ഭാവനാചന്ദ്രൻെറ പുഞ്ചിരിപ്പൂനിലാവിൽ സാനന്ദം ലസിക്കുവാൻ എൻെറ മിത്രവും ഇപ്പോൾ ഉഴറിനിൽക്കുകയായിരിക്കും. ഏതായാലും ഞാനൊരു കരിനിഴലിലാകുവാൻ കരുതുന്നില്ല. ഇതൊരു ഭാഗ്യമാണെങ്കിൽ ഞാനും അഭിനന്ദിക്കുന്നു. പക്ഷെ, ഞാനിതിൽ ആഹ്ളാദിക്കുന്നില്ല. കാരണം? അതിനു സമയമായിട്ടില്ല. എന്നാലും ഉന്മത്തമായ ഉൽക്കണ്ഠയുടെ പ്രേരണയാൽ ഞാനൊന്നു ചോദിച്ചുപോകുന്നു. ഈ പ്രണയനാടകത്തിൻെറ കഴിഞ്ഞ രംഗങ്ങളെങ്കിലും എന്നെ അറിയിക്കുന്നതിൽ വല്ല വിരോധവുമുണ്ടോ? എന്നെ തെററിദ്ധരിക്കരുതു്. എൻെറ സ്നേഹിത ഇനിയും ജീവിതത്തെ ശരിക്കു പഠിച്ചിട്ടില്ല. അപ്രതീക്ഷിതസംഭവങ്ങൾ ചേർത്തുകോർത്ത ഒരു അത്ഭുതമാലയുംകൂടിയാണു ജീവിതം. അതു മനസ്സിലാക്കിയാൽ എൻെറ ഭീതി അകാരണമോ അനാവശ്യമോ അല്ലെന്നു കാണാം. എൻെറ ഹൃദയംതുറന്ന ആശംസകൾ!!

എന്നു സ്വന്തം സുമതി (ഒപ്പു്)

കോഴിക്കോട്ടു്
൨൫ വൃ ൧൧൯

ആത്മമിത്രമേ,

വളരെ നന്ദി. ജീവിതദർശനത്തിൽ എൻെറ ആത്മസഖിക്കു് തീച്ഛയായും തെററുപററിപ്പോയിട്ടുണ്ടു്. അനുഭവത്തിൽകവിഞ്ഞ ശാസ്ത്രമില്ലെന്നു സമ്മതിക്കുമല്ലോ. അതുകൊണ്ടു ഞാൻ വീണ്ടും പറയുന്നു, ജീവിതത്തെ ഒട്ടും ഭയപ്പെടേണ്ടതില്ലെന്നു്. പിന്നെ! കൂടുതൽ വിവരങ്ങൾ! അതിനിയും പറയാറായിട്ടില്ല. ഒരു പ്രണയനാടകമാണെങ്കിൽ അതിൻെറ രസകരമായ പാരമ്യംവരെ കാത്തിരിക്കുക'' സകലതും ഞാനറിയിക്കാം. ഒട്ടും സംശയിക്കേണ്ട. അപ്പോൾ, എൻെറ പ്രിയസ്നേഹിതയുടെ അഭിപ്രായങ്ങളെല്ലാം പാടേ മാറേണ്ടിവരും. എൻെറനേരെ അസൂയയും തോന്നിയേക്കാം. ഒരുപക്ഷെ, എൻെറ കാൽച്ചുവടുകളെത്തന്നെ ഉടനെ പിന്തുടന്നെന്നും വരാം. ചിലപ്പോൾ ആ മാർഗ്ഗത്തിൽ എന്നെക്കാൾഭാഗ്യവതിയായും ഭവിച്ചേക്കാം. ഏതായാലും എനിക്കുവേണ്ടി കുറേക്കൂടി ക്ഷമിക്കു. കുറെനാൾകൂടി മൌനം ഭജിച്ചു് നിഗൂഢതയിൽ കാത്തിരിക്കു; എനിക്കിപ്പോൾ തീരെ സമയമില്ല. ഒരു വല്ലാത്ത ഘട്ടമാണിതു്. ഭയപ്പെടേണ്ട. ഞാനിപ്പോൾ ഉല്ലാസത്തിൻെറ ഉറവാണു്. ആനന്ദത്തിൻെറ അരുവിയാണു്. സംതൃപ്തിയുടെ സംഗീതമാണു്. ശേഷം അടുത്തതിൽ,

എന്നു് സ്വന്തം സുശീല (ഒപ്പു്)

എറണാകുളം
൧ ൧ ൧൧൨൦

ആത്മസഖീ,

സൌഹാർദ്ദത്തോടെ നൽകിയ ആ ആജ്ഞയെ ഞാൻ അക്ഷരംപ്രതി അനുസരിക്കുകയാണു്. അക്ഷമയായി ഇപ്പോഴും കാത്തിരിക്കുകയാണു്. ഇന്നു പുതുവർഷത്തിൻെറ പുലരിയാണു്. ഉൽക്കണ്ഠനിറഞ്ഞ നാലുമാസങ്ങൾ കഴിഞ്ഞുപോയി. അവിടത്തെ ആനന്ദമഹോത്സവത്തിൽ, ആ വാഗ്ദാനം വിസ്മരിച്ചുപോയോ? മൌനത്തിൽ ഞാൻ മുഷിഞ്ഞുതുടങ്ങി. നിഗൂ

ഢത എന്നെ അലട്ടുകയാണ്. നാടകം എത്ര മാത്രം പുരോഗമിച്ചു? ഇനിയും പാരമ്യത്തിലെത്തിയില്ലേ? ഇതെന്തൊരു താമസമാണ്? പൂർണ്ണമായ മറുപടി ഞാൻ ഉടനെ പ്രതീക്ഷിക്കട്ടെയോ?

സ്വന്തം സുമതി (ഒപ്പ്)

എറണാകുളം
൧—൨—൧൨൦

പ്രിയപ്പെട്ട സുശീലെ,

എന്താണിതു്? മറുപടിലക്ക കത്തുവരുന്നതു കാണുമ്പോൾ എന്റെഹൃദയം പിടയുകയാണ്. ആ കുളിർപൊയ്കയിൽ കുളിച്ചു്, ആ പൂനിലാവിൽ ഉലാത്തി സ്വയം ആലാപിച്ചുസുഖിച്ചാൽ മതിയോ? ആ ഉല്ലാസപ്രവാഹത്തിന്റെ മനോജ്ഞമർമ്മരം - ആനന്ദവാഹിനിയുടെ കളകളനിനാദം— സംതൃപ്തസംഗീതത്തിന്റെ :മാധുര്യന..ദം— ഇതൊന്നും മററാരും കേൾക്കരുതെന്നു കരുതുന്നതു് കാഠിന്യമേറിയ സ്വാർത്ഥതയല്ലേ— ഇനിയും ഞാൻ കാത്തിരിക്കണമോ? രസാത്മകമായ ആ പാരമ്യത്തിന്റെ തിരശ്ശീല ഇനിയും ഉയർന്നില്ലേ? ഒന്നുപറയൂ! എന്റെ ക്ഷമയററുകഴിഞ്ഞു— ശേഷം മറുപടികിട്ടിയിട്ടു്

എന്നു സ്വന്തം സുമതി (ഒപ്പ്)

എറണാകുളം
൧-൩-൧൨൦

എന്റെ സുശീലേ!

എന്തൊരു കഷ്ടമാണിതു്. ഈ ഭീകരമായ ദീർഘമൌനത്തിന്റെ അർത്ഥമെന്തു്? അയ്യോ! എനിക്കു ഭയമാകുന്നു. ദുശ്ശങ്കകൾ എന്റെ ഹൃദയത്തിൽ സദാ ചുററിനടക്കുന്നു. അക്ഷമ എന്നെ എപ്പോഴും അസ്വസ്ഥയാക്കുന്നു. എന്തൊരുനാടകമാണിതു്? ജീവിതനാടകംപോലെ ഇതിനും അന്ത്യമില്ലെന്നോ? അഴിച്ചുചിതറിയകാർകുന്തളത്തിൽ കണ്ണുനീർത്തുള്ളികൾ വിതറിക്കൊണ്ടാണ് ഇന്നത്തെ പ്രഭാതം എനിക്കു ദർശനംതന്നതു്. എന്തുകൊണ്ടോ എനിക്കൊരു ഭീതി. അകാരണമായ ഒരു ഹൃദയപ്പിടച്ചിൽ. കൊട്ടക്കാററിനിടയിൽ എത്തിനോക്കുന്ന ചെറുനക്ഷത്രംപോലെ എന്റെ ആശ ഇപ്പോഴും അങ്ങോട്ടുതന്നെ നോക്കുകയാണ്. എന്നെ ഇനിയും വിഷമിപ്പിക്കരുതു്. എനിക്കു് ഇതു് അസഹ്യമായിക്കഴിഞ്ഞു. ആത്മമിത്രമേ, ഇനി ഒട്ടും മടിക്കരുതു്. എല്ലാം എന്നോടു തുറന്നുപറയണം. അടുത്ത മെയിലിൽതന്നെ ഒരു മറുപടി എഴുതണം.

എന്നു് സ്വന്തം സുമതി (ഒപ്പ്)

കോഴിക്കോട്ടു്,
൧൦ ൩ - ൧൨൦.

പ്രിയസഹോദരി!

ക്ഷമിക്കണം. ഈ ദീർഘമൌനത്തിനു് സദയം മാപ്പുതരണം. ഒരു പരീക്ഷണപരമ്പരത്തിൽ ഇതുവരെയും ഞാൻ കറങ്ങുകയായിരുന്നു. ഇന്നെനിക്കു സമയമായി. എന്റെ പ്രേമനാടകം അതിന്റെ പാരമ്യത്തിലെത്തിയിട്ടു് ഏതാനും നിമിഷങ്ങൾ കഴിഞ്ഞു. ഇനി ഞാനെന്റെ വാഗ്ദാനത്തെ നിർവ്വഹിക്കാം.

പക്ഷെ, പുതുമയിൽ പൊതിഞ്ഞു് പുഞ്ചിരിപൂശിയ ഒരു പുളകംനിറഞ്ഞ കത്താണ് ഞാനെന്റെ ആത്മസഖിയ്ക്കയയ്ക്കുവാൻ ആശിച്ചിരുന്നതു്. ഇപ്പോഴിതാ, നെടുവീർപ്പിൽ കടഞ്ഞു് കണ്ണീരിൽ മുക്കിയെടുത്ത തണുത്തു തകർന്ന ഒരു നിർജ്ജീവലേഖനമാണ് ഞാൻ കാഴ്ചവയ്ക്കുന്നതു്. എന്നാലും എന്നെയതിൽ കുററപ്പെടുത്തരുതു്. പരിതഃസ്ഥിതിയുടെ ഒരു പാവയായിത്തീർന്ന എനിക്കു് ഇന്നതിൽ കവിഞ്ഞ കഴിവില്ല. എന്റെ കൈകൾ ഇടയ്ക്കു വിറയ്ക്കുന്നുണ്ടു്. ഹൃദയം ക്രമാതീതമായി തുടിക്കുന്നുണ്ടു്. ചുടേറിയ മനോമണ്ഡലത്തിൽ ക്ഷുബ്ധമായ വിവിധവികാരതരംഗങ്ങൾതമ്മിൽ മല്ലടിക്കുന്നുമുണ്ടു്. എന്നാലും ഞാൻ എഴുതുകയാണ്. പക്ഷെ, മനസ്സിലുദിക്കുന്ന ആശയങ്ങളെ അതേപടി പകർത്തുവാൻ എനിക്കു സാദ്ധ്യമാകുന്നില്ല. അതിനു പര്യാപ്തമായ പദങ്ങളൊന്നും എന്നെ സമീപിക്കുന്നില്ല. അതിരുകടന്ന അസ്വസ്ഥത എന്നെ ശ്വാസംമുട്ടിക്കുകയാൽ ഞാൻ നിസ്സഹായയായി കിതച്ചിരുന്നുപോകുന്നു. എന്നാലും ഞാൻ എഴുതുകയാണ്. എന്റെ പ്രണയനാടകത്തിന്റെ ആദ്യരംഗംമുതൽക്കേ കുറിക്കുകയാണ്.

അതേ, എന്റെ പ്രിയസഖിയുടെ സംശയം വളരെ ശരിയായിരുന്നു. ഞാനും പരമാൎത്ഥത്തിൽ ആ പ്രേമച്ചുഴിയിൽതന്നെയാണു് അകപ്പെട്ടുപോയതു്. ആ ദിവസം എന്നല്ല, ആ മുഹൂൎത്തംപോലും എനിക്കോൎമ്മയുണ്ടു്. വിപ്ലവകരമായ ഒരു അത്ഭുതനിമിഷമല്ലായിരുന്നു അതു്. അസാധാരണമായ ഒരു ക്ഷോഭമോ വികാരമോ തീച്ചയായും അതിന്റെ പുറകിലില്ലായിരുന്നു. അപ്രതീക്ഷിതധൈൎയ്യത്തിന്റേയോ അതിസാഹസത്തിന്റേയോ സഹായഹസ്തങ്ങളും അതിനു വേണ്ടിവന്നില്ല. സൎവ്വസാധാരണമായ ശാന്തതയുടെ സാമാന്യമായ ഒരന്തരിക്ഷത്തിലായിരുന്നു അതിന്റെ ഉത്ഭവം.

അന്നത്തെ മഹായോഗത്തിൽ അദ്ദേഹവും ഞാനും പ്രസംഗിച്ചു. അഭിപ്രായങ്ങളുടെ ഐക്യത്താൽ ഞങ്ങളുടൻ പരിചിതരായി. യോഗാനന്തരമുള്ള സൽക്കാരവേളയിൽ അല്പം സംസാരിക്കുകയും ചെയ്തു. ആദൎശങ്ങൾക്കു പ്രായോഗികരൂപം നൽകുവാനുള്ള പരിപാടികളായിരുന്നു ഞങ്ങളുടെ ശുഷ്കമായ സംഭാഷണവിഷയം. ചായകുടികഴിഞ്ഞു് സമ്മാനംകിട്ടിയ പൂമാലയുമെടുത്തു് ഞങ്ങൾ പിരിഞ്ഞുപോയി. പക്ഷെ, ഞങ്ങളുടെ മാലകൾ അറിയാതെ അന്യോന്യം മാറിപ്പോയെന്നു് വീട്ടിൽ ചെന്നപ്പോൾ എനിക്കു മനസ്സിലായി. എന്നെ സംബന്ധിച്ചിടത്തോളം ഞാനതിൽ നിരപരാധിയായിരുന്നു. പക്ഷെ, അദ്ദേഹമോ? സംശയത്തിൽനിന്നും അങ്ങിനെ ഒരു ചോദ്യം എന്റെ മനസ്സിലുയൎന്നു. പക്ഷെ, അതൊരു ഉത്തരമില്ലാത്ത ചോദ്യമായിത്തന്നെ കുറേനാൾ ഉറഞ്ഞു കിടന്നു.

അദ്ദേഹത്തെപ്പോലെ പ്രസിദ്ധനും ഭാഗ്യവാനുമായ ഒരാൾ എന്നെ സന്ദൎശിക്കുവാൻ വരുമെന്നു് ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. പക്ഷെ ഒരു ദിവസം അപ്രതീക്ഷിതമായി അദ്ദേഹം കടന്നുവന്നു. ആ പഴയ സംഭാഷണത്തുടൎന്നു് ചിലതെല്ലാം അന്നും ഞങ്ങൾ സംസാരിച്ചു. ആ വിരസമായ വിഷയത്തെപ്പററിത്തന്നെ! എന്നാൽ പിരിയാറായപ്പോൾ ഞാൻ പുഞ്ചിരിയോടെ ആ പൂമാലയുടെ കാൎയ്യം ഒന്നു സൂചിപ്പിച്ചു. അദ്ദേഹം ആഹ്ളാദത്തോടെ പൊട്ടിച്ചിരിച്ചു. ആ പൊട്ടിച്ചിരിയിൽ എന്റെ സംശയങ്ങൾ ഉടനെ വ്യക്തമായ ഒരു രൂപം കണ്ടു. ആ ദൎശനം അന്നുമുതൽ എന്നെ ചിന്താകുലയുമാക്കി.

ഞങ്ങൾ തമ്മിൽ പിന്നെയും പലപ്പോഴും കണ്ടു. ഹൃദയം തുറന്നു പലതും സംസാരിച്ചു. ആ സമ്മേളനത്തിൽ ഒരു സുഖമുള്ളതുപോലെ എനിക്കു തോന്നി. ആകൎഷകമായ ഒരാനന്ദം അദ്ദേഹത്തിനും അനുഭവപ്പെട്ടു. ഞങ്ങൾ കുറേക്കൂടി പുരോഗമിച്ചു. ഒരു ദിവസം സായാഹ്നസഞ്ചാരത്തിനു ഞങ്ങൾ പാൎക്കിലേക്കു പോയി. മറെറാരുദിവസം ഏകാന്തമായ കടൽക്കരയേയും സമീപിച്ചു. അന്നു് അസ്തമനമായപ്പോൾ, രാഗസൗന്ദൎയ്യം നിറഞ്ഞ സന്ധ്യയുടെ തുടുത്ത കവിൾത്തടം നോക്കിക്കൊണ്ടു് ആവേശത്തോടെ, ആത്മഗതമെന്നപോലെ അദ്ദേഹം ചിലതു പറഞ്ഞു. ഭംഗിയിൽ ചിതറിവീണ ആ വാക്കുകൾ എന്റെ കൎണ്ണങ്ങൾക്കു് അമൃതരസം തുളുമ്പിയ കലൎപ്പില്ലാത്ത കവിതയായിരുന്നു. മരുഭൂമിയിലെയ്ക്കുവീണ ഒരു മഞ്ഞുമഴപോലെ എന്റെ മനസ്സു് ആൎത്തിയോടെ അതു മുഴുവൻ കുടിച്ചു. അന്നു മടങ്ങുമ്പോൾ ജീവിതരണാങ്കണത്തിലേയ്ക്കു് ഞങ്ങൾ കൈകോൎത്തുപിടിച്ചിറങ്ങുകയാണെന്നുതന്നെ എനിക്കു തോന്നിപ്പോയി. ആ രാത്രിയിൽതന്നെയാണു് ഒരു സൂചനനൽകിക്കൊണ്ടുള്ള ആ കത്തു ഞാൻ എന്റെ സഖിക്കു് എഴുതിയതും.

ദിവസങ്ങൾ പിന്നെയും കടന്നുപോയി. ആനന്ദവും സുഖവും എന്നെ മാറിമാറി പരിലാളിച്ചു. ജീവിതം ശോഭയേറിയതായി എനിക്കു തോന്നി. നോക്കുന്നിടത്തൊക്കെയും ഞാൻ പ്രസാദം ദൎശിച്ചു. അത്ഭുതത്തിന്റെ അങ്കതലത്തിൽ ഞാൻ പലപ്പോഴും നൃത്തം നടത്തി. ഉല്ലാസത്തിന്റെ ഉച്ചിയിൽ കുതിച്ചുചാടി ഞാൻ ഊഞ്ഞാലാടി. എന്റെ മനസ്സിൽ സദാസംതൃപ്തി പൊട്ടിവിരിഞ്ഞു. ഹൃദയം ആനന്ദംതന്നെ ആലാപിച്ചു. ഇതിലെല്ലാം അദ്ദേഹവും കൈകോൎത്തുനിന്നു. ഞങ്ങൾ തമ്മിൽ പിരിഞ്ഞിരിക്കുവാൻ പ്രയാസപ്പെട്ടു. വിയോഗം ഏ

ററവും വേദനയേറിയതായി. എന്തിന്? ഞങ്ങൾ രണ്ടല്ല, ഒന്നാണ് എന്നബോധം തികച്ചും ഞങ്ങൾക്കുണ്ടായി. ലഹരിപിടിച്ച ദിവസങ്ങൾ അറിയാതെതന്നെ പിന്നെയും കുറെപോയി.

ഒരുദിവസം അദ്ദേഹത്തിൻെറ മുഖം അവിചാരിതമായി ഒന്നു മങ്ങിക്കണ്ടു. അതിരുകവിഞ്ഞ വല്ല ആലോചനകൊണ്ടായിരിക്കാം എന്നു ഞാൻ സമാധാനിച്ചു. പക്ഷെ, അടുത്തദിവസവും ആ കരിനിഴൽ മാഞ്ഞുപോയില്ല. എന്നല്ല നെററിയിലെ ആ ചുളികൾക്കിടയിൽ ആ കാളിമ ഒന്നുകൂടി ഉറച്ചുനിന്നു. ഗൃഹസംബന്ധമായ വല്ല നിഗൂഢക്ലേശങ്ങളുമായിരിക്കാം എന്ന് അപ്പൊഴും ഞാൻ വിചാരിച്ചു. പക്ഷെ, അതു പിന്നെയും മാറിയില്ല. എന്നാലും ഞങ്ങളുടെ പരിപാടികൾക്കൊന്നിനും മാററമുണ്ടായില്ല, അദ്ദേഹം പതിവുപോലെതന്നെ കുലുങ്ങിച്ചിരിച്ചു. സരസമായി സംസാരിച്ചു ഉത്സാഹത്തോടെ ഉലാത്തി. പക്ഷെ, അതെല്ലാം ഒരു സ്വപ്നസഞ്ചാരിയുടെ പ്രവൎത്തനങ്ങൾപോലെ എനിക്കു തോന്നി. അഞ്ചാംദിവസം അങ്ങിനെ പോയി. ഞാൻ ഒന്നുകൂടി അമ്പരന്നു. അദ്ദേഹത്തിൻെറ ആ ആകർഷണീയമായ പൊട്ടിച്ചിരി കാണാതായിത്തുടങ്ങി. മാത്രമല്ല, അസുഖകരമായ ഒരു മൂകതയിൽ അദ്ദേഹം ഇടക്കിടെ മുങ്ങിയിരുന്നു.

ജീവിതപുരോഗമനത്തിനു വിലങ്ങുതടിയായി വീണ ആ അസ്വാസ്ഥ്യതകൾ അകററുവാൻ ഞാൻ പരിശ്രമിച്ചു. അദ്ദേഹത്തെ ആനന്ദത്തിലേയ്ക്കു നയിക്കുവാൻ വളരെവളരെ പാടുപെട്ടു. പക്ഷെ, പ്രയോജനമുണ്ടായില്ല. അതിനിടയിൽ അദ്ദേഹത്തിൻെറ പ്രശസ്തമായ പരീക്ഷാവിജയത്തിൻെറ കമ്പിവന്നു. സ്നേഹിതന്മാരോടൊപ്പം ഞാനും അദ്ദേഹത്തെ അഭിനന്ദിച്ചു. അന്നും അദ്ദേഹത്തിൻെറ പ്രകൃതത്തിനു വ്യത്യാസമുണ്ടായില്ല. വളരെ പ്രേരിപ്പിച്ചതിനുശേഷം അന്നദ്ദേഹം സിനിമാശാലയിലേയ്ക്കു പോന്നു. പക്ഷെ, അപ്പോഴും ആ അലസതയും ഉന്മേഷരാഹിത്യവും അദ്ദേഹം കൈവെടിഞ്ഞില്ല. കേവലം വികാരശൂന്യനായിരുന്ന അദ്ദേഹം ഒരുപുഞ്ചിരിപോലും പൊഴിഞ്ഞില്ല. ഞാൻ അന്ധാളിച്ചു. എൻെറ ആശാസ്തംഭങ്ങൾ അടിയോടെ വിറച്ചു—

സന്ദൎശനങ്ങൾക്ക് അദ്ദേഹത്തിനു സൌകൎയ്യമില്ലാതായി. സംഭാഷണങ്ങളിൽതന്നെ ഒരു സുഖക്കുറവു വന്നു, എൻെറ സാമീപ്യത്തിൽ അദ്ദേഹം നെററി ചുളിച്ചു. നെടുവീൎപ്പുകൾ അദ്ദേഹത്തെ വിട്ടൊഴിയാതെയായി. എൻെറ ഹൃദയത്തിലും ഒരു അശനിപാതമേററു. വാടിക്കരിഞ്ഞ മുഖത്തോടുകൂടി ഞാൻ അദ്ദേഹത്തെ പലപ്പോഴും അഭിമുഖീകരിച്ചു, വിറയാൎന്ന ചുണ്ടുകളിൽ എന്നും മുറിഞ്ഞ ശബ്ദാക്ഷരങ്ങൾ ഞാൻ പൊഴിഞ്ഞുനോക്കി. പലതവണയും മിഴിതുടച്ചിട്ട് ഞാൻ മുഖം തിരിഞ്ഞു നിന്നു, നെടുവീൎപ്പോടെ മടങ്ങിപ്പോന്നു, എന്നിട്ടും ആ മൂകതയിൽ നിന്നും അദ്ദേഹം മു നായില്ല. നാട്ടുകാരെല്ലാംകൂടി അദ്ദേഹത്തെ ഒരു മഹാസമ്മേളനത്തിൻെറ സ്ഥിരംപ്രസിഡൻറായി തിരഞ്ഞെടുത്തു. അദ്ദേഹത്തിൻെറ സ്നേഹിതന്മാൎക്കു അന്നൊരു ആഹ്ലാദകരമായ ഉത്സവമായിരുന്നു. പിടയുന്ന ഹൃദയത്തോടെ ഞാനും അതിൽ പങ്കുകൊണ്ടു, ആ ആഹ്ലാദത്തിൻെറ അണപൊട്ടിയ പ്രവാഹത്തിലും അദ്ദേഹം ഒരു പൊങ്ങുതടിപോലെ ഒഴുകുന്നതാണു ഞാൻ കണ്ടത്. ആശയോടെ ഞാനദ്ദേഹത്തെ ഒരു സൽക്കാരത്തിനു ക്ഷണിച്ചു, വളരെ വിഷമത്തോടെ അല്പം വൈകിയതിനുശേഷം അദ്ദേഹം വന്നുചേൎന്നു, യാന്ത്രികമായ ആ ചായകുടിയിൽ ഞാൻ പൊട്ടിക്കരഞ്ഞുപോയി. അവസാന ആയുധമായ ആ കണ്ണുനീരിനും ഫലമുണ്ടായില്ല, അന്നും ഒരു പുഞ്ചിരികാണുവാൻ എനിക്കു ഭാഗ്യമുണ്ടായില്ല, ഞാനദ്ദേഹത്തോടു പലതും കരഞ്ഞുകൊണ്ടു ചോദിച്ചു, ദയനീയമായ പല നിവേദനങ്ങളുംനടത്തി. അവസാനം കാൽക്കൽവീണു മാപ്പിരന്നു, എന്തു ഫലം? എല്ലാം വനരോദനമായി കലാശിച്ചു, അന്നും മൂകതയുടെ നെടുവീൎപ്പുകൾതന്നെയായിരുന്നു എനിക്കുലഭിച്ച മറുപടി.

ഞാൻ ഏങ്ങിക്കരഞ്ഞുകിടന്ന ദിവസങ്ങൾ എത്രയാണെന്നു എനിക്കോൎമ്മയില്ല. ക്ലേശം എന്നെ കരണ്ടു കരണ്ടു തിന്നു, അസഹ്യമായ ഹൃദയവേദനയോടെ ഞാൻ സദാ പുളഞ്ഞു. ജീ

വിക്കുന്നതുകൊണ്ടുമാത്രം ഞാനൊരു ജീവിയായി, ഭാഗ്യപർവ്വതത്തിൻെറ കൊടുമുടിയിൽനിന്നും അധഃപതനത്തിൻെറ അഗാധതയിലേക്ക എറിയപ്പെട്ടതുപോലെ ഞാൻ പിടഞ്ഞു. ഞാൻ കിടന്നിരുന്ന മുറി ഒരു ചുടലക്കളംപോലെ ഭീകരമായിത്തീൎന്നു. നടക്കുന്ന വഴിയിലെല്ലാം നരകകവാടങ്ങൾകണ്ടു് ഞാൻ നട്ടങ്ങിത്തെറിച്ചു. ലോകത്തിൻെറ നേരെ തലയുയൎത്തിനോക്കുവാൻ എനിക്ക ഭയമായി. ജീവിതമെന്ന ശബ്ദംപോലും എനിക്കു് അരോചകമായി. ആ സ്ഥിതിയിലാണു് ഞാനൊരു സന്തോഷവാൎത്ത കേട്ടതു്. അദ്ദേഹത്തെ ഒരു മഹാഭാഗ്യം മാലയിട്ടു എന്ന സന്തോഷവാൎത്ത, ഉയൎന്ന അധികാരവും തടിച്ച ശമ്പളവുമുള്ള ഒരു ഉദ്യോഗം അദ്ദേഹത്തിന ലഭിച്ചു എന്ന മംഗളകരമായ വാൎത്ത. കിടക്കയിൽവീണു് കണ്ണുനീർചൊരിഞ്ഞു് ഞാൻ ആഹ്ലാദിച്ചു. എൻെറ ശരീരത്തിലെ ഓരോ പരമാണുവും അദ്ദേഹത്തെ അഭിനന്ദിച്ചു.

അന്നവിടെ ആഹ്ലാദത്തിൻെറയും അഭിനന്ദനത്തിൻെറയും ഒരു കോലാഹലമായിരുന്നു. അതിഥികളെല്ലാം പിരിഞ്ഞതിനുശേഷമാണു് ഞാൻ കടന്നുചെന്നതു്. ഇറയത്തു കയറിയപ്പോൾ ഞാൻ സ്തംഭിച്ചുപോയി. അത്രമാത്രം കരളലിയിക്കുന്ന ഒരു കാഴ്ചയാണു ഞാൻ കണ്ടതു്. ഏകാന്തമായ ഒരു മൂലയിൽ അദ്ദേഹം മൂകനായി കുനിഞ്ഞിരിക്കുകയാണു്. മാത്രമല്ല, ആ മിഴികളിൽനിന്നും അദ്ദേഹത്തിൻെറ മടിയിലേക്ക കണ്ണുനീർത്തുള്ളികൾ അടൎന്നുവീഴുകയാണു്, എൻെറ കാൽപ്പെരുമാററംകേട്ടു് അദ്ദേഹം തലയുയൎത്തി, "വന്നോ? സ്വാസ്ഥ്യത നശിപ്പിക്കാൻ!? " അദ്ദേഹം സ്വയം മന്ത്രിച്ചു. എൻെറ ഹൃദയാന്തൎഭാഗത്തു് ഒരു എരിച്ചിലുണ്ടായി, എൻെറ അഭിമാനം കരിഞ്ഞുതകൎന്നു, എന്നാലും ഞാനദ്ദേഹത്തിൻെറ സമീപം ചെന്നിരുന്നു, എൻെറ ശരീരം വിയൎത്തു, കണ്ണുകൾ സ്വയം നിറഞ്ഞു.........

അൎന്നും ഞാനദ്ദേഹത്തോടുചോദിച്ചു--അജ്ഞാതമായ കാരണങ്ങളുടെ ഒരു സൂചനയെങ്കിലും എനിക്ക നൽകുവാൻ കിഴിഞ്ഞപേക്ഷിച്ചു. അദ്ദേഹം കോപംകൊണ്ടു വിറച്ചു അലറിക്കൊണ്ടെഴുന്നേററു. മാത്രമല്ല, എന്നെ കഠിനമായി ഭത്സിച്ചു; അപമാനകരമായവിധത്തിൽ ശകാരിച്ചു. ഞാൻ വീണ്ടും അത്ഭുതത്താൽ സ്തബ്ധമായിപ്പോയി, ആ അനുഭവം എനിക്ക കേവലം അപ്രതീക്ഷിതമായിരുന്നു. സ്തുതിക്കുവാനല്ലാതെ അന്നുവരെ എൻെറ പേരദ്ദേഹം ഉപയോഗിച്ചിട്ടില്ല. പച്ചപ്പുതപ്പുംപുതച്ചു് ശാന്തമായിക്കിടന്നുറങ്ങുന്ന പൎവ്വതം പൊട്ടിത്തുറന്നു് അഗ്നിഗോളങ്ങൾ വിസൎജ്ജിക്കുന്നതുപോലെയുള്ള ഒരു രംഗമായിരുന്നതു്. എൻെറ സഖി! ഞാനതിനേയും നേരിട്ടു. ക്ഷതംപററിയ അഭിമാനവുംതാങ്ങിക്കൊണ്ടു് ഞാൻ ഒരുവിധത്തിൽ യാത്രപറഞ്ഞു. ഭൂലോകം കീഴ്മേൽ മറിയുന്നതുപോലെ എനിക്കുതോന്നി. ആശയുടെ അടിവേരററു് ഞാൻ കിടക്കയാൽ അന്നും മറിഞ്ഞുവീണു. പുറമേ പൊള്ളുന്ന ഒരന്തരിക്ഷം, അകമേ കത്തിയെരിയുന്ന ഒരഗ്നി. തളൎന്നു മറിഞ്ഞ ഒരു ശരീരം പ്രജ്ഞയില്ലാത്ത ഒരു മസ്തിഷ്കം. ആ നിലയിൽ അതിഭയങ്കരമായി കടന്നുപോയ ദിവസങ്ങളും എനിക്കോർമ്മയില്ല.

ഞാൻ പിന്നെയും ജീവിച്ചു. അതേ, കോടാനകോടിജീവികളിൽ ഒന്നായി പിന്നെയും ചരിച്ചുതുടങ്ങി. പക്ഷേ, എൻെറ ഹൃദയം നിശ്ചലമായിരുന്നു. മസ്തിഷ്കം ഒഴിഞ്ഞുകഴിഞ്ഞിരുന്നു. തണുത്ത സിരകളിലെ രക്തവും ഉറഞ്ഞുപോയിരുന്നു. ആശാകിരണങ്ങൾ അസ്തമിച്ചു എൻെറ മനോമണ്ഡലം ഇരുട്ടിൽമുഴുകിക്കിടന്നു. വികാരശൂന്യവും ചിന്താരഹിതവുമായ എൻെറ ജീവിതം ഒരു യാന്ത്രികജീവിതമായി. അഥവാ ജീവിതത്തിൻെറ ഒരു നിഴൽമാത്രമായി.

പക്ഷേ, ഇതുകൊണ്ടും എൻെറ പ്രണയനാടകത്തിൻെറ പാരമ്യമായില്ല. അതിൻെറ തിരശ്ശീലയാണു ഞാനിനി ഉയൎത്തുവാൻപോകുന്നതു്. മരണത്തിൻെറ വായിലിരിക്കുമ്പോഴും ജീവിതാശ മനുഷ്യനെ വെടിയാറില്ലല്ലൊ. അതുപോലെതന്നെ എൻെറ മൃതദേഹത്തിലും എന്തോ ഒന്നു പിന്നെയും തങ്ങിനിന്നു. എന്നാലും ഞാനദ്ദേഹത്തെ കാണുവാൻ ശ്രമിച്ചില്ല. വിവരങ്ങളറിയുവാൻ ശ്രദ്ധിച്ചതുമില്ല. മറവി

യുടെ മറയിൽനിന്നു ആശ്വാസത്തോടെ ഒന്നു നിശ്വസിക്കാമോഎന്നു ഞാൻ പരീക്ഷിക്കുകയായിരുന്നു. അതിനിടയിൽ ഒരുദിവസം ഞാൻ കടൽക്കരയിലേക്കു നടന്നു. സായാഹ്നമാരുതൻ എന്റെ ഹൃദയാഗ്നിയെ ഒന്നു കുളുർപ്പിക്കുമെന്നാണു ഞാൻ വിചാരിച്ചതു്. പക്ഷെ പൂർവ്വസ്മരണകൾ അതു വീശിക്കത്തിക്കുകയാണു ചെയ്തതു്. ക്ലേശാകുലയായ ഞാൻ തിരിച്ചുപോന്നു. കുറെയിട നടന്നപ്പോൾ എന്റെ പുറകിൽ ഒരു ശബ്ദംകേട്ടു. ആ പരിചിതമായശബ്ദം എന്നെ പരിഭ്രമിപ്പിച്ചു. ഞാൻ പേടിയോടെ തിരിഞ്ഞുനോക്കി. മദംപിടിച്ച കൊലയാനയെപ്പോലെ അദ്ദേഹം അലഞ്ഞലഞ്ഞു വരികയാണു്. ഞാൻ ഒഴിഞ്ഞുനിന്നു. എന്റെ മുന്നിൽ വന്നപ്പോൾ അദ്ദേഹവുംനിന്നു. എന്നെ അല്പനേരം തുറിച്ചുനോക്കി- "പിശാചു്! രാക്ഷസി!! " അദ്ദേഹം പല്ലുഞെരിച്ചുകൊണ്ടു പറഞ്ഞു എന്റെ കണ്ണിൽ ഉടൻ ഇരുട്ടായി ഹൃദയം ആഞ്ഞടിച്ചു-നാവു വലിഞ്ഞിറുങ്ങി.

"ഇല്ല ഞാൻ വഴിതെറ്റുകയില്ല ഇല്ല നിന്റെ വലയ്ക്കു കെല്പില്ല ഞാൻ മുക്തനാകും — ഈ നിമിഷത്തിൽ!! " അദ്ദേഹം ഒരു ഉന്മാദനെപ്പോലെ ഉച്ചത്തിൽ അട്ടഹസിച്ചു. അനന്തരം അതിവേഗത്തിൽ തിരിഞ്ഞുനടന്നു. ഭയന്നു വിറച്ചുനിന്ന എന്റെ ശരീരത്തിൽ ശക്തിയുടെ ഒരു മിന്നലുണ്ടായി. എന്റെ പാദങ്ങളും അദ്ദേഹത്തെ പിന്തുടർന്നു.

നോക്കാതെതന്നെ വേഗത്തിൽ നടന്നുപോയ അദ്ദേഹം വഴിയരികിലുള്ള ഒരു പൊട്ടക്കുടിലിന്റെ മുമ്പിൽ പെട്ടെന്നു തിരിഞ്ഞുനിന്നു. ആകാശത്തേക്കു നോക്കി ഒരു നെടുവീർപ്പുവിട്ടു. അനന്തരം, വാതിൽ തള്ളിത്തുറന്നു് ആ കുടിലിനകത്തേക്കു കയറിപ്പോയി. ശങ്കയേറിയ ഉൾക്കണ്ണു എന്നെ പുറകിൽനിന്നും തള്ളിത്തുടങ്ങി. അല്പംകഴിഞ്ഞു് ഒളിവിൽനിന്നു ഞാനും അകത്തേക്കു ഒന്നെത്തിനോക്കി. അയ്യോ! പ്രാണസഖി! ഞാനെന്താണു കണ്ടതു്? അദ്ദേഹത്തിന്റെ മുഖത്തു് ആ പഴയ പ്രസാദവും ഉന്മേഷവുംഓടിയെത്തിയിരിക്കുന്നു. അസ്ഥിമാത്രമായ ഒരുശിശുവിനെ അദ്ദേഹം വാരിയെടുത്തുമടിയിൽവച്ചു തുടരെത്തുടരെ ചുംബിക്കുന്നു. ആഹ്ലാദത്തോടെ പൊട്ടിച്ചിരിക്കുന്നു. അടുത്തൊരു കീറപ്പായിൽ മലിനവസ്ത്രങ്ങളുംധരിച്ചു് അവശയായിക്കിടക്കുന്ന വിളറിമെലിഞ്ഞ ഒരു സ്ത്രീയുടെ വിവർണ്ണവദനത്തിൽ ഒരു ജീവനുള്ള പുതുമ പ്രവഹിക്കുന്നു. ആഹ്ലാദം അലയടിക്കുന്നു, സംതൃപ്തിയുടെ കളിത്തോണികൾ വിഹരിക്കുന്നു.

ഹാവൂ! എന്റെ സഖി! എനിക്കാശ്വാസമായി. എന്റെ സകല സങ്കടങ്ങളുംതീർന്നു. ഇതാ എന്റെ പ്രേമനാടകവും പര്യവസാനിച്ചു.

എന്നു് സ്വന്തം സുശീല (ഒപ്പ്)

ആശാന്റെ ചില കൃതികൾ

മഹാകവി കുമാരനാശാൻ അവർകളുടെ ആദ്യകാലങ്ങളിലെ ഗദ്യപദ്യോദയമയങ്ങളായ അനവധി കൃതികൾ ഇനിയും സഹൃദയന്മാർക്കു ലഭിക്കാതെ കിടപ്പുണ്ടു്. അവയിൽ പല പദ്യകൃതികളെ ഒരുമിച്ചുചേർത്തു ൧൦൯൬-ാമാണ്ടു് അച്ചടിപ്പിക്കുവാൻ ഞാൻ കവിയോടു അനുവാദം ചോദിച്ചു. അപ്പോൾ അയച്ചുതന്ന മറുപടി അടിയിൽ ചേർക്കുന്നു.

തിരുവനന്തപുരം—കൈതമുക്ക്
൧൦൯൭-കന്നി-൧൩.

"എൻെറ ശങ്കരന്—

അയച്ച കത്തു കിട്ടി. എൻെറ അച്ചടിട്ടില്ലാത്ത ചില്ലറ കൃതികൾചേർത്തു അച്ചടിപ്പിക്കുവാൻ വിചാരിക്കുന്നതിൽ സന്തോഷിക്കുന്നു. ഞാൻതന്നെ അവയെ ശേഖരിച്ചു അച്ചടിപ്പിച്ചാൽ കൊള്ളാമെന്നു ചിലപ്പോളൊക്കെ വിചാരിക്കാറുണ്ട്. സൗകര്യം ലഭിക്കാത്തതിനാൽ ചെയ്യാത്തതാണ്.

ശങ്കരൻ എഴുതിച്ചേർക്കുന്ന പദ്യങ്ങളടങ്ങിയ കയ്യെഴുത്തുപ്രതി ഇങ്ങോട്ടയച്ചുതന്നാൽ ഞാൻ നോക്കി ആവശ്യമുള്ള ഭേദഗതികൾ വരുത്തി മടക്കി അയച്ചുതരാം.

എന്നു സ്നേഹമുള്ള എൻ. കുമാരനാശാൻ."

ഇതനുസരിച്ചു പ്രസിദ്ധംചെയ്യുവാൻ എനിക്കു ഭാഗ്യം ലഭിച്ചില്ല. ശേഖരിച്ച സ്തോത്രകൃതികൾ ശ്രീമതി കെ. ഭാനുമതിഅമ്മഅവർകൾക്കു കൊടുത്തു. അവർ ശാരദാബുക്കുഡിപ്പോവിൽനിന്നു പ്രസിദ്ധംചെയ്യുന്നു. ഇനിയും ശേഷിപ്പുള്ളവ അനുവാദത്തോടുകൂടി "സഹോദരി"ക്കയയ്ക്കുന്നു.

വി. കെ. ശങ്കരൻ, തൃക്കരുവാ.

വിവേകാനന്ദസ്വാമിയുടെ ഒരു കത്ത്

(തർജ്ജമ)

കല്പിക്കുന്നു വെളിച്ചമായിരുളുമങ്ങാസൗഖ്യമായ് ദുഃഖവും
നിഷ്പക്ഷാന്തരമായ് നടപ്പിവിടെയിന്നാരോഗ്യമായ്രോഗവും;
അപ്പോൾപെററ ശിശുക്കരച്ചിലിവിടെജ്ജീവോദയംചെയ്യതാ-
ണിപ്പാരിൽ സുമതേ, സുഖാനുഭവമുണ്ടെന്നോ നിനയ്ക്കുന്നു നീ 1

കാളുംകാന്തിയിൽ നാകവും നരകവുംകൂടിക്കുഴമ്പായതാ-
ണീലോകം; പുനരേക്കിലീയതിരുവിട്ടാർക്കും ഗമിക്കാവതോ;
കാലേതങ്ങ,ടെകമ്മമാം കയറിനാൽ കണ്ടുംകൂട്ടക്കീട്ടതാൻ
മാലേന്തുന്നു;ടിമപ്രവൃത്തിയൊഴിയും നാമെങ്ങുചെന്നാലിനി? 2

യോഗം,ഭോഗവു,മാലയസ്ഥിതിയു,മാസത്തായസന്യാസവും,
ലോകേശൻ പദഭക്തിപൂജ,ധനമാർജ്ജിക്കുന്നമാർഗ്ഗങ്ങളും,
ത്യാഗം,നേർച്ചകളെന്നുവേണ്ട വലുതാംതീവ്രവ്രതാദ്യങ്ങളും
ഹാ,കണ്ടേ;നവയൊക്കെയേററമവതന്നുള്ളൂട്ടമൂടാടിഞാൻ 3

കാണുന്നില്ലൊരുചെററുസൗഖ്യമിവിടെക്കാനൽജ്ജലത്തെക്കൊതി
ച്ചേണംപോലുഴലുന്നതാണു രസമോഹം തേടുമിജ്ജീവിതം
ഊനംവിട്ടു ഗുണങ്ങളെത്രയൊരുവന്നുൾത്താരിൽവദ്ധിക്കുമോ,
നൂനം ജീവിതമത്രദുസ്സഹവുമായ്ത്തീരുന്നുപാരിൽസഖേ. 4

സ്വാത്മപ്രീതിവെടിഞ്ഞ വിസ്തൃതമനസ്സാംഭക്തനല്ലോഭവാ,-
നോർത്താലങ്ങനെയുള്ളവർക്കിവിടെ വാഴാവല്ലതെല്ലാംസഖേ,
അത്യന്തോഗ്രമിരുമ്പുകൂടമെതിരിട്ടേറ്റുന്നതല്ലാകവേ
പുത്തൻ ചാരുപളുങ്കുപാവയുടെ മേലേൽക്കിൽസഹിക്കാവതോ? 5

ഉള്ളത്തിൽ കനിവൊട്ടുമെന്നിയതിനീചത്വത്തൊടും, നല്ലതേൻ
തുള്ളിയ്ക്കൊത്തമൃതൊത്തെഴും മൊഴിയൊടും, നഞ്ചൊത്തനെഞ്ചത്തൊടും
കള്ളംതന്നെനിറഞ്ഞു,നേരകലെയായ്,തന്നെബ്ഭരിപ്പാൻസ്വയം
തള്ളിക്കേറുമൊരുത്തനാകിലിവിടെസ്സൗഖ്യം നിനക്കുംസഖേ! 6

നന്നായാണ്ടഥ ജീവിതംപണയമായ്‌വച്ചു പഠിച്ചീടുവാൻ;
ഇന്നേവംവിധമായിതെന്റെസമയംഹാ, പാതിയുംപോയിതേ
എന്നല്ലാംപ്രിയമൂലമായിഹസഖേ,യുന്മത്തനെപ്പോലെഞാൻ
ചെന്നോരോന്നുപിടിച്ചതൊക്കെ നിഴൽപോൽനിസ്സാരമായ്‌പോയിതേ. 7

ക്രൂരുള്ളോരുടെ കൂട്ടുവിട്ടഹഹ! ഞാൻക്രൂരയ്ക്കാ,രക്കെട്ടതിൽ-
കീറക്കച്ചയുടുത്തു കണ്ടപടിതോറും പോയിരന്നുസഖേ!
തീരെക്ലേശമിയന്ന തീവ്രതരമായീടുംവ്രതംനോറ്റുഞാൻ;
പാരംമേനിയലഞ്ഞുഹാ! ഫലമെനിക്കുണ്ടായതെന്തായതിൽ? 8

നന്നായിട്ടയികേൾക്കയെന്റെഹൃദയം നിന്നോടുരയ്ക്കാംസഖേ,
യിന്നെൻസ്വാനുഭവത്തിൽനിന്നറിവതാമിസ്സത്യ,മത്യുത്തമം;
ഒന്നായോളമെടുത്തടിച്ചു ചുഴലിക്കും ജീവിതൗഘത്തിലീ
യൊന്നത്രേകടവു,ള്ളൊരുത്തനു കടന്നങ്ങേക്കരെച്ചെല്ലുവാൻ. 9

ഊഹിക്കിൽ പരിചര്യതൻവിധികളും, പ്രാണൻനിരോധിപ്പതും,
മോഹംതാൻ പരവിദ്യയും, പ്രകൃതിവിജ്ഞാനാദിശാസ്ത്രങ്ങളും,
ആഹാമാനസവിഭ്രമങ്ങളിഹ സർവ്വത്യാഗമത്യാഗവും;
സ്നേഹംസ്നേഹമിതൊന്നുതന്നെ സകലം പാർത്താൽ പദാർത്ഥംസഖേ! 10

ജീവൻ,ബ്രഹ്മവു,മീജഗത്തിലഖിലേശൻ മർത്ത്യനും,പിന്നെയി-
ന്നേവം പ്രേതപിശാചവർഗ്ഗവു,മഹോ വേതാളഭൂതങ്ങളും,
ദേവന്മാർ, പശു പക്ഷിജാതി കൃമി കീടംതൊട്ടുസൃഷ്ടങ്ങളും
താവുന്നുണ്ടുവെടിഞ്ഞിടാതെ ദൃഢമായിസ്നേഹമാംത്താരതിൽ 11

ഓരാതോർത്തുകയിന്നുദേവനിരകൾക്കും ദേവനാകുന്നതോ
നേരായോർക്കുകിലാരുസർവ്വവുമിളക്കിക്കൊണ്ടു നിൽക്കുന്നതോ
ഓരുമ്പോൾ ശിശുവിന്നുവേണ്ടിയൊരുമാതാവോ മരിക്കുന്നതും
ചോരൻ കൊള്ളയിടുന്നതും സകലവും സ്നേഹംനിമിത്തംസഖേ! 12

എൻ. കുമാരനാശാൻ.

മഗ്ദലമറിയം

ഗ്രന്ഥകർത്താ,
പൊൻകുന്നം ദാമോദരൻ.

വള്ളത്തോൾ മഹാകവിയുടെ "മഗ്ദലനമറിയം" വായിച്ചപ്പോൾ തോന്നിയ കാവ്യദോഷങ്ങളെ പരിഹരിച്ചു് കാവ്യസമാപ്തിയ്ക്കു് ബൈബിൾ കഥാംശത്തോടു കൂടുതൽ സാരൂപ്യം നൽകിയാൽ നന്നായിരിക്കും എന്നു ഗ്രന്ഥകാരനുണ്ടായ ആത്മപ്രേരണയിൽനിന്നും സംജാതമായ ഒരു പുതിയ മറിയമാണു്, മഗ്ദലമറിയം. ഗലീലയേയും അവിടത്തെ പ്രകൃതിഭംഗികളേയും വർണ്ണിച്ചു്, ആ പശ്ചാത്തലത്തിൽ മറിയത്തെ അവതരിപ്പിച്ചിട്ടു്, രണ്ടാംഭാഗത്തിൽ ക്രിസ്തുദേവന്റെ ഒരു ഉപദേശപ്രസംഗത്തെ കവി പ്രതിപാദിച്ചിരിക്കുന്നു. ഈ പ്രതിപാദനം കാവ്യഫലസിദ്ധിക്കു അത്യന്തം സഹായകമാണെന്നു ഗ്രന്ഥകാരൻ അവകാശപ്പെടുന്നുണ്ടെങ്കിലും അതു കാവ്യഗാത്രത്തിൽ ഒരു അജാഗളസ്ഥസ്തനംപോലെ തൂങ്ങിനിൽക്കുന്നതായിട്ടേ അനുവാചികന്മാർക്കു അനുഭവപ്പെടുന്നുള്ളൂ. പാപമോചനത്തിന്റെ അർഹതയിൽ ശിമോനും മറിയവും തമ്മിലുള്ള അന്തരത്തെ ക്രിസ്തുഭഗവാന്റെ വാക്കുകളിൽതന്നെ പ്രകാശിപ്പിക്കുകഎന്നതാണു് വള്ളത്തോൾകൃതിയുടെ മേൽ ഗ്രന്ഥകാരൻ അവകാശപ്പെടുന്ന പ്രധാന മേന്മ. വള്ളത്തോൾ അതൊഴിവാക്കുന്നതിൽ കാവ്യോചിതമായ ചില ഔചിത്യങ്ങൾ ദീക്ഷിക്കുകയാണു ചെയ്തതു്. ഒരിതിവൃത്തം സ്വീകരിക്കുമ്പോൾ ഉചിതജ്ഞതയുള്ള കലാകാരൻ എപ്പോഴും ഈ ത്യാജ്യഗ്രാഹ്യവിവേചനത്തിനു വിധേയനാണെന്നുകാണാം. വള്ളത്തോളാകട്ടെ, കഥാഗതിയിൽ താൻതന്നെ സന്ദർഭോചിതം ശിമോന്റെ കർത്തവ്യലോപത്തെപററിപ്രസ്താക്കുകയാണു ചെയ്യുന്നതു്. മൂലകഥയിൽ വരുത്തിയ ഈ വ്യതിയാനം മഗ്ദലനമറിയത്തിനു സമ്പാദിച്ചുകൊടുത്ത മേന്മ മഗ്ദലമറിയകർത്താവു് സ്വമനസ്സാലെ നിരാകരിച്ചു കാണുന്നതു് ശോചനീയമാണു്. മറിയത്തിന്റെ മാനസികപരിവർത്തനം കുറേക്കൂടി ക്രമപ്രവൃദ്ധവും പരിപൂർണ്ണവുമാക്കുവാൻ പുതിയ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുള്ളതായി പറയുന്നു. പക്ഷെ, ആ ശ്രമം വിജയപ്രദമായിട്ടില്ല. ചുരുക്കത്തിൽ ഗ്രന്ഥകാരൻ അവകാശപ്പെടുന്ന മേന്മകളൊന്നും തന്നെ മഗ്ദലമറിയത്തിനില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

മഗ്ദലമറിയം, മഗ്ദലനമറിയത്തിന്റെ ഛായവിട്ടു്, ഏതാണ്ടു് 'കരുണ'യുടെ രീതിയിൽ അതേ കഥയെ പ്രതിപാദിക്കുവാനുണ്ടായ അഭിവാഞ്ഛയുടെ ഫലമാണെന്നു ഞങ്ങൾക്കു തോന്നുന്നു. ആ ഉദ്യമം കവിയുടെ പരാജയത്തെ ദ്വിഗുണീഭവിപ്പിച്ചതേയുള്ളൂ. കാവ്യസൗന്ദര്യമുള്ള ഈരടികൾപോലും ഈ കൃതിയിൽ വിരളങ്ങളാണു്. 'മുഗ്ദ്ധശൃംഗാടകസംഗീതസാന്ദ്ര'ത്തിനു് മുഗ്ദ്ധശൃംഗാടകത്തോടുകൂടിയതും, സംഗീതസാന്ദ്രവും എന്ന അർത്ഥപ്രതീതിക്ലിഷ്ടമാണു്. മറിയം കാണുന്ന സ്വപ്നത്തിനു ടിപ്പണിയിലെ വ്യംഗ്യാർത്ഥം എല്ലാകാവ്യസങ്കല്പങ്ങളേയും അതിലംഘിക്കുവാൻ പര്യാപ്തമാണു്.

മുല്ലപൂത്തു മണം പാറിയെങ്ങുമേ
കുഞ്ഞുതാരം നിറകയായ് പിച്ചിമേൽ

എന്ന വരികൾക്കു്, കോമളമേനിയിൽ പൊടിവൈരം അണിഞ്ഞു എന്നാണു വ്യംഗ്യാർത്ഥമെന്നും ടിപ്പണിയിൽകാണുന്നുണ്ടു്. ഇതാണുവ്യംഗ്യസ്വഭാവമെന്നു ഗ്രന്ഥകാരൻധരിച്ചിട്ടുണ്ടെങ്കിൽ ഭാമഹൻ, വാമനൻ, ആനന്ദവർദ്ധനൻ,അഭിനവഭട്ടാചാര്യൻ തുടങ്ങിയ ആചാര്യന്മാരുടെ ലക്ഷണഗ്രന്ഥങ്ങളെ നല്ലവണ്ണം പഠിച്ചിട്ടു കാവ്യരചനയ്ക്കു തൂലികയെടുത്താൽ നന്നായിരിക്കുമെന്നു പറയാൻ ഞങ്ങൾക്കു തോന്നിപ്പോകുന്നു.

ശ്രീചിത്രാശോകൻ

തൃശ്ശിവപേരൂർ, സരസ്വതിഇലക്ട്രിക് പ്രിൻറിംഗ് ആൻഡ് പബ്ളിഷിംഗ് ഹൗസുകാർ പ്രസിദ്ധം ചെയ്തിരിക്കുന്നതും, മഹാകവി, പള്ളത്തു രാമൻ അവർകളാൽ വിരചിതവുമായ ഒരു നാടകഗ്രന്ഥമാണ് ശ്രീചിത്രാശോകൻ. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ വിശ്വവിഖ്യാതമായ ക്ഷേത്രപ്രവേശനവിളംബരമാഹാത്മ്യമാണു ഇതിലെപ്രതിപാദ്യവസ്തു. കേരളത്തിൽ തിരുവിതാംകൂറിന് ഈ വിളംബരംമൂലമുണ്ടായ സ്വാതന്ത്ര്യലബ്ധിയിലും, സ്വാഭിമാനത്തിലുമുള്ള സന്തുഷ്ടിയും, കൊച്ചിക്കും മലബാറിനും ക്ഷേത്രപ്രവേശനം ലഭിക്കാതിരിക്കുന്നതിലുള്ള നൈരാശ്യവും, സങ്കരവിവാഹം സമുദായപരിഷ്കാരത്തിന് അത്യന്താപേക്ഷിതമാണെന്നുള്ള ഉൽബോധനവും ഈ ഗ്രന്ഥത്തിൽ പ്രകടമായിക്കാണുന്നുണ്ടു്. ക്ഷേത്രപ്രവേശനവാദത്തിനുവേണ്ടി നിലകൊണ്ട പ്രധാനന്മാരെയെല്ലാം ഈ നാടകത്തിൽ സന്ദർഭാനുസാരം അവതരിപ്പിച്ചിട്ടുണ്ടു്. അല്ലാത്തുള്ളവരെ അപരനാമങ്ങളിലും പ്രവേശിപ്പിച്ചിരിക്കുന്നതായിക്കാണുന്നു. മലയാളസാഹിത്യകാരന്മാരുടെയിടയിൽ മഹനീയമായ ഒരു സ്ഥാനം അലങ്കരിക്കുന്ന മഹാകവി പള്ളത്തിന്റെ കൃതികൾ മലയാളികൾക്കു് സുപരിചിതങ്ങളാകകൊണ്ടു്, തൽസംബന്ധമായി ഞങ്ങൾ വിശേഷവിധിയായി യാതൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. പ്രതിപാദ്യങ്ങളായ ക്ഷേത്രപ്രവേശനവാദവും, വിളംബരാവതരണവും, ആചാരപരിഷ്കാരങ്ങളും ഈ വൎത്തമാനകാലത്തെ സംഭവങ്ങളാകയാൽ ഈ നാടകം വായിക്കുന്നതിനും അഭിനയിക്കുന്നതിനും കലാകാരന്മാൎക്കും സമുദായപരിഷ്കാരികൾക്കും ഒന്നുപോലെ താല്പൎയ്യമുണ്ടായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഡമ്മിഎട്ടിലൊന്നുവലിപ്പത്തിൽ നൂററിഎൺപത്തഞ്ചു വശങ്ങളുള്ള ഈ പുസ്തകത്തിനു രണ്ടരഉറുപ്പികയാണ് വില നിശ്ചയിച്ചിരിക്കുന്നതു്.

മാനവധൎമ്മത്തെ ആണിഅടിപ്പിച്ചു
കാണിച്ച കാരുണ്യധാരയൊഴുകവേ.

എന്നുതുടങ്ങുന്ന കാവ്യോപക്രമത്തിനു ഗ്രന്ഥകാരന്റെ ടിപ്പണി നോക്കുക. "തന്നിക്കു തടയുവാൻ ശക്തിയുണ്ടായിരുന്നിട്ടും വധശിക്ഷകൊണ്ടു മനുഷ്യന്റെ പാപശാന്തിക്കുള്ള ഏകമാൎഗ്ഗം അവനെക്കൊണ്ടു പശ്ചാത്തപിപ്പിക്കുകയാണെന്നു കാണിച്ചുകൊടുത്ത ക്രിസ്തുദേവന്റെ ജീവികളോടുള്ള കരുണ ഉപദേശരൂപത്തിൽ ഒഴുകിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ"! സാഹിത്യത്തോടുകാണിക്കുന്ന ഭീമമായ അപമൎയ്യാദയാണിതെന്നു പറയാതെ നിവൃത്തിയില്ല.

ചെമ്പനീർപ്പൂക്കൾതോറും ശലഭങ്ങൾ ചെന്നു ഇതളുകൾ കരളുന്നതും, സൂൎയ്യനില്ലാത്ത ഘോരസായന്തനം സംഭവിക്കുന്നതും, കൂരിരുട്ടും വെളിച്ചവും ചേൎന്നൊരു ഘോരരംഗം രചിക്കുന്നതും, ഹൃദയംദ്രവിച്ചു കണ്ണിലൂടെ ഒഴുകുന്നതും എല്ലാം സഹൃദയന്റെ സൗന്ദൎയ്യബോധത്തെ നടുക്കുന്ന ഭാവനകളാണു്. അത്യന്തം ശുഷ്കങ്ങളായ ആശയങ്ങളും അസുന്ദരമായ പ്രതിപാദനവും മാത്രം അനുഭവപ്പെടുന്ന ഈ കൃതി 'മംഗളോദയം' പ്രസിദ്ധീകരണശാലയിൽനിന്നു പുറത്തുവന്നതായിക്കാണുന്നതിൽ ഞങ്ങൾ ഖേദിക്കുന്നു. ഈ പുസ്തകം 8 അണ വിലയ്ക്കു മംഗളോദയംപ്രസ്സ്. തൃശ്ശിവപേരൂർ എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

—o—

കുറിപ്പുകൾ

തിരുനാൾ

മുപ്പത്തിരണ്ടു തിരുവയസ്സു പൂർത്തിയായി മുപ്പത്തിമൂന്നാമത്തുതിരുവയസ്സിലേക്കു പ്രവേശിച്ചിരിക്കുന്ന തിരുവിതാംകൂർമഹാരാജാവു് ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലേക്കു് സർവ്വവിധമംഗളങ്ങളും സഹോദരിഭക്ത്യാദരപൂർവ്വം ആശംസിച്ചുകൊള്ളുന്നു. ക്ഷേത്രപ്രവേശന തിരുവെഴുത്തുവിളംബരംകൊണ്ടു് പ്രൗഢസുന്ദരമായ ഹിന്ദുമതത്തെ പരിപാവനമാക്കിത്തീർത്ത മഹാത്മാവായ മഹാരാജാവുതിരുമനസ്സിലെ പ്രജാവൃന്ദങ്ങളായിരിക്കുകയെന്നുള്ളതു് അഭികാമ്യവും അഭിമാനകരവുമായ ഒരു വസ്തുതയാണു്. പരിഷ്കൃതമാനസനും വിശാലചിത്തനുംപ്രജാവത്സലനുംആയഒരുമഹാരാജാവുതിരുമനസ്സിലെ സമുജ്ജ്വലനേതൃത്വമാണു് സംജാതമായിരിക്കുന്നതെന്നുള്ളതിൽ തിരുവിതാംകൂറുകാരാകമാനം പരിപൂർണ്ണകൃതാർത്ഥരാണു്. തിരുമേനിയും രാജകുടുംബവും നീണാൾ വിജയിപ്പൂതാക.

*   *   *

പ്രസിഡൻറു് റൂസ്‌വെൽററു്

ലോകപ്രസിദ്ധരായ സകല രാജ്യതന്ത്രജ്ഞന്മാരേയും അതിശയിക്കുന്ന അതിമഹത്തായ ഒരു സ്ഥാനവലിപ്പമാണു് നാലാം പ്രാവശ്യവും അമേരിക്കൻ പ്രസിഡൻറു് സ്ഥാനത്തേക്കു് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറു് റൂസ്‌വെൽററു് കരസ്ഥമാക്കിയിരിക്കുന്നതു്. അമേരിക്കയിലെ പ്രധാന രാഷ്ട്രീയകക്ഷികളായ ഡെമോക്രാററിക് പാർട്ടിയും, റിപ്പബ്ലിക്കൻപാർട്ടിയും തമ്മിൽ രാജ്യഭരണസംബന്ധമായോ, വിദേശനയരൂപീകരണസംബന്ധമായോ മൗലികമായ അഭിപ്രായവ്യത്യാസങ്ങളൊന്നും ഇല്ല. എന്നിരുന്നാലും പാവപ്പെട്ടവരും പണക്കാരും തമ്മിലുള്ള മത്സരത്തിൻെറ പ്രതിദ്ധ്വനി അമേരിക്കയിലും ഇല്ലാതില്ല. അമേരിക്കയിലെ വണിക്പ്രമുഖന്മാരും വ്യവസായനേതാക്കന്മാരും സ്റ്റേററുനിയന്ത്രണത്തിനു വിരുദ്ധമായി സ്വകാര്യതയെ സംരക്ഷിക്കണമെന്നു് മോഹമുള്ളവരാണു്. സ്ഥിതിസമത്വമനോഭാവത്തെ സ്വീകരിക്കാൻ വൈമുഖ്യമുള്ള ഒരു രാജ്യമാണു് അമേരിക്ക. ഇപ്രകാരമുള്ള അമേരിക്കയിൽ പുരോഗമനോന്മുഖമായ ഘടകങ്ങളുടെ പിന്തുണ ആർജ്ജിച്ചിട്ടുള്ള രാജ്യതന്ത്രജ്ഞന്മാരിൽ പ്രസിഡൻറു് റൂസ്‌വെൽററു് പ്രമുഖനാണു്. തന്മൂലം പ്രസിഡൻറു് റൂസ്‌വെൽററിൻെറ തെരഞ്ഞെടുപ്പു് അമേരിക്കയ്ക്കും ലോകത്തിനും പൊതുവെ സ്വാഗതാർഹമാണു്.

*   *   *

വധശിക്ഷ

വധശിക്ഷ നിറുത്തിക്കൊണ്ടുള്ള തിരുവിതാംകൂർമഹാരാജാവുതിരുമനസ്സിലെ വിളംബരത്തെത്തുടർന്നു് കൊച്ചീമഹാരാജാവുതിരുമനസ്സുകൊണ്ടും വധശിക്ഷ നിറുത്തിക്കൊണ്ടുള്ള ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മഹത്തായ ഒരു സംസ്കാരപാരമ്പര്യത്തിൻെറ അനന്തരാവകാശികളായ തിരുവിതാംകൂർ, കൊച്ചീ മഹാരാജാക്കന്മാർ ഇപ്രകാരംഒരുപരിഷ്കാരംഈ രണ്ടു രാജ്യങ്ങളിലും നടപ്പിൽ വരുത്തിയിട്ടുള്ളതു തികച്ചും അഭിനന്ദനീയമാണു്. സമുദായത്തിൻെറ ഭദ്രതയ്ക്കും നന്മയ്ക്കുംവേണ്ടിയാണു വധശിക്ഷഎന്നു വാദിക്കുന്നവർ വധശിക്ഷയുടെ അഭാവത്തിൽ മനുഷ്യൻെറ ക്രൂരതയും കടുംകൈകളും വർദ്ധിക്കാനിട

യുണ്ടെന്നു ശങ്കിക്കുന്നുണ്ടാവാം. ഇതു അടിസ്ഥാനരഹിതമായ ദുശ്ശങ്കയാണു്. വധശിക്ഷയെഭയന്നു ആരുംതന്നെ ക്രൂരപ്രവർത്തികളിൽനിന്നും പിൻവാങ്ങുന്നില്ല. പരിതഃസ്ഥിതികളുടെ പാവയായ മനുഷ്യൻ ക്രൂരകൃത്യങ്ങളും സൽപ്രവർത്തികളും മാറി മാറിചെയ്യുന്നുഎന്നേയുള്ളു. സൽപ്രവർത്തികൾചെയ്യുന്നതിനും സൽപേരു സമ്പാദിക്കുന്നതിനും സന്മാർഗ്ഗത്തിൽക്കൂടി ചരിക്കുന്നതിനും സർവ്വോപരി സമാധാനം പുലർത്തുന്നതിനുംആണു മനുഷ്യൻെറ സ്വതസ്സിദ്ധമായ ഉൾപ്രേരണകൾ. ഈ ഉൾപ്രേരണകളെ വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതിനു നമ്മുടെ സാമൂഹ്യഘടനയിൽ വേണ്ട മാററങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. ഈ വലുതായ സത്യത്തെ ലോകസമക്ഷം എടുത്തുകാണിക്കുന്നതിനുപകരിക്കുന്ന ഒരു മഹത്തായ പരിഷ്കരണമാണു വധശിക്ഷനിറുത്തൽ. സംസ്കാരസമ്പന്നരായ കൊച്ചി, തിരുവിതാംകൂർ ജനങ്ങൾ ഈ പരിഷ്കാരത്തെ ഹൃദയം തുറന്നുവാഴ്ത്തുന്നു.

*   *   *

കൊച്ചിയിലെ ക്ഷേത്രപ്രവേശനം

പൌരജീവിതംമുഴുവൻ ഒരാസൂത്രണത്തിനു വിധേയമായിസ്റ്റേററുനിയന്ത്രണത്തിൽ വരേണ്ടതിൻെറ ആവശ്യകത ഒന്നിനൊന്നു വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തേപ്പോലുള്ള ഒരു പരിവർത്തനദശാസന്ധിയിൽ കൊച്ചിയിലെ ഒരുവലിയ വിഭാഗം ഹിന്ദുക്കൾക്കു ആരാധനാസ്വാതന്ത്ര്യം നിഷേധിക്കുന്ന കഠിനമായ ഒരു തീരുമാനം കൊച്ചിഗവർമ്മെണ്ടു ചെയ്തുകാണുന്നതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നു. അവർണ്ണരെന്നു പറയപ്പെടുന്ന ജനവിഭാഗം യഥാർത്ഥത്തിൽ സവർണ്ണരും, അവരെ അവർണ്ണരാക്കി മുദ്രയടിച്ചു വച്ചുകൊണ്ടിരിക്കാൻ വെമ്പൽകൊള്ളുന്ന സവർണ്ണരെന്നു പറയപ്പെട്ടുന്നവർ യഥാർത്ഥത്തിൽ അവർണ്ണരുമാണു്. എന്തെന്നാൽ സ്വാതന്ത്ര്യത്തിനും ആത്മാഭിമാനത്തിനുംവേണ്ടി സമരംചെയ്യുന്നതു പരിഷ്കൃതരും ഇവ നിഷേധിക്കുന്നവർഅപരിഷ്കൃതരുമാണു്. സവർണ്ണർ അപരിഷ്കൃതരാകുക സാദ്ധ്യമല്ലല്ലോ. അങ്ങനെയാണെങ്കിൽ സമത്വസാഹോദര്യസ്വാതന്ത്ര്യങ്ങൾക്കുവേണ്ടിസമരംചെയ്യുന്നവരുടെ മുൻനിരയിൽനിൽക്കുന്നവരാണു് സവർണ്ണർ. കൊച്ചിയിലെ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം സമ്പാദിക്കുന്നതിനുള്ള ശ്രമങ്ങളിൽ കൃത്രിമമായി സവർണ്ണാവർണ്ണഭേദങ്ങൾക്കൂടാതെ എല്ലാ ഹിന്ദുക്കളും ഒരൈക്യയണിയായിനിന്നു് വിജയംവരെ പോരാടണമെന്നാണു ഞങ്ങൾക്കു പറവാനുള്ളതു്. ഒരു വലിയവിഭാഗം ഹിന്ദുക്കളെ അകററിനിറുത്തിയിരിക്കുന്ന ആരാധനാസ്ഥലങ്ങൾക്കു് ഹിന്ദുക്ഷേത്രങ്ങളെന്നോ, ഒരു വലിയ വിഭാഗം ഹിന്ദുക്കളെ മതപരമായ അടിമത്വത്തിൽ വച്ചുകൊണ്ടിരിക്കുന്ന മതത്തിനു ഹിന്ദുമതമെന്നോ പേരുപറഞ്ഞുകൂടാത്തതാകുന്നു. ഹിന്ദുമതത്തെ അധഃപതിപ്പിക്കുന്നതും അശുദ്ധമാക്കുന്നതുമായ അനാചാരങ്ങളിൽനിന്നു് ഹൈന്ദവസമുദായത്തെ മോചിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്യേണ്ട സുപ്രധാനമായ ഒരുകർത്തവ്യം ഇന്നു ഹിന്ദുരാജാക്കന്മാരലുണ്ടു്. കടുത്ത യാഥാസ്ഥിതികമനോഭാവം ഈകാലത്തിനു യോജിച്ചതല്ലെന്നു കൊച്ചിയിലെ ക്ഷേ: പ്ര: വിരോധികളെ ഫലപ്രദമായി ധരിപ്പിക്കേണ്ട കടമ കൊച്ചിയിലും പുറത്തുമുള്ള ഹിന്ദുസമുദായത്തിൻേറതാണു്.

സിദ്ധമദനാമൃതം

ഒന്നാംതരം ധാതുപുഷ്ടി ഔഷധം.

40 ദിവസം സേവിക്കുവാനുള്ള മരുന്നു് ടിൻ ഒന്നുക്കു് വില 5 ക. മാത്രം.

സിദ്ധമദനാമൃതം:—ക്ഷയം, വാതം, പിത്തം, മേഹം, മൂത്രമൊഴുക്കു്, കാസം, വ്രണം, വിദ്രധി, അഗ്നിമാന്ദ്യം, ഛർദ്ദി, ശരീരകാർശ്യം ഇവകളെ നിശ്ശേഷം മാററി ധാതുപുഷ്ടിയും, നവയൌവ്വനവും നിത്യാനന്ദവും പ്രദാനംചെയ്യുന്ന ദേവാമൃതമാണു്.

വി. പി. ചാർജ്ജു് പുറമെ.

N. B. മുൻകൂർ പണം അയയ്ക്കുന്നവർക്കു വി. പി. ചാർജ്ജ സൌജന്യം.

Stockists:-എം. എ. ഫാർമസി, ചിന്നക്കട, കൊല്ലം A. O. & P. O.

Chemists and Druggists are invited to Stock. Apply terms.

സൺ ബ്രാൻഡ്
ഷാർക്ക് ലിവർ ഓയിൽ.

വിററാമിൻ ലേശവും നശിക്കാതെ ഏററവും നിഷ്കൃഷ്ടയോടെ ഓയിൽ എടുത്തു ശാസ്ത്രീയമായി ശുദ്ധീകരിക്കപ്പെട്ടതു്. ഒരിക്കൽ വാങ്ങി ഉപയോഗിച്ചുനോക്കുന്നവർക്കു് ഞങ്ങളുടെ "ഷാർക്ക് ലിവർ ഓയിലി"ന്റെ സർവ്വോത്തരമായ മേന്മ അനുഭവപ്പെടുന്നതാണു്.

പാപ്പുലർ ഇൻഡസ്ട്രീസ്, കൊല്ലം.

License No. 101. Dated 9—8—1926.

THE SAHODARI.

(A POPULAR MONTHLY JOURNAL.)

അമരപീയൂഷം

(The Best Nervine Tonic)

സ്ഥിരമായ ആരോഗ്യത്തെയും ആയുർദൈർഘ്യത്തെയും ആഗ്രഹിക്കുന്നവർ ഞങ്ങളുടെ അമരപീയൂഷം വാങ്ങി സേവിക്കുക. അകാല ജരാനരകളുടെയും ജനനേന്ദ്രിയസംബന്ധമായ സകലവിധ കേടുപാടുകളേയും പോക്കി, ശരീരത്തിന് നവീനമായ തേജസ്സും, ഓജസ്സും പ്രദാനംചെയ്തു് ഐഹികാപാരത്രികസുഖങ്ങളെ അനുഭവിപ്പിച്ചു് മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കിത്തീർക്കുന്ന ദിവ്യൗഷധം.

അമരപീയൂഷം 24 ഔ. കുപ്പി 1-ക്കു വില 3 രൂ 8 ണ.

N. B ഇവിടെ രോഗികളെ നേരിട്ടു പരിശോധിച്ചു് ഔഷധം നിശ്ചയിച്ചു കൊടുക്കുന്നതു കൂടാതെ, സകലവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു കൊടുക്കപ്പെടും. അഗതികളായ രോഗികളെ ധർമ്മമായി ചികിത്സിക്കുന്നതാണു്. കൂടുതൽ വിവരം അറിയണമെന്നുള്ളവർ രണ്ടണ സ്റ്റാമ്പുസഹിതം മലയാളത്തിലോ, ഇംഗ്ലീഷിലോ, തമിഴിലോ ഉള്ള ക്യാററ്ലാഗിനു് ആവശ്യപ്പെടുക.

മാനേജിംഗ് പ്രൊപ്രൈറ്റർ,

എം. പി. കൃഷ്ണൻവൈദ്യർ,

ശ്രീകൃഷ്ണവിലാസം ആയുർവേദ ഫാർമസി &

ബ്രാഞ്ച്:—പുത്തൻചന്ത, തിരുവനന്തപുരം. } ഗ്രാൻറ് ഇൻ എയിഡ് വൈദ്യശാല, കൊല്ലം.

Printed and published by P. R. Narayanan at the Sri Rama Vilas Press, Quilon.